ARYA CHARITHAM

(TEN PURANIC STORIES)

By

P. S. Subbarami Patter,

Author of Tarjima Light Parts 1, 2 and 3, Historical Stories, Sathye Charitham, Veerachoritham, Gauri & Sudha, Ranjit Singh, Sakuntala &c.

FIRST EDITION

TRICHUR
V. SUNDRA IYER & SONS.
1101/1926.

[Price 8 As.] *Copyright.* [Price 8 As.]

ARYA CHARITHAM

(TEN PURANIC STORIES)

By

P. S. Subbarama Pattar,

Author of Puranic Stories Parts 1, 2 and 3, Historical Stories, Sathee Charitham, Veerasharitham, Gouri & Seetha, Ranjit Singh, Sakuntala &c.

ആര്യ്യ ചരിതം

(പത്തു പുരാണകഥകൾ)

ഗ്രന്ഥകർത്താ

പി. എസ്സ്. സുബ്ബരാമപട്ടർ.

FIRST EDITION

TRICHUR

V. SUNDRA IYER & SONS.

1101/1926.

Price 8 As.] *Copy-Right.* [വില 8 അണ

മുഖവുര.

പുരാതനകാലത്തു ഭാരതവഷ്ത്തിൽ ജീവിതയാത്ര ചെയ്യിരുന്ന പുണ്യപുരുഷന്മാർ തങ്ങളുടെ സന്താനങ്ങൾക്കായി സ്നേഹപൂർവ്വം സമ്പാദിച്ചുവെച്ചിട്ടുള്ള സമ്പദ്രാശിയിൽ അനഘ്മായ ഒരംശമാണ് പുരാണഗ്രന്ഥങ്ങൾ. മഹർഷിമാരിൽവെച്ചു മുമ്പനായ വേദവ്യാസൻ വിണ്ണവരുടെ മൊഴിയിൽ മധുരമാകുംവണ്ണം രചിച്ചിട്ടുള്ള പല പുരാണങ്ങളിൽനിന്നും എടുത്തെഴുതിയ പത്തു കഥകൾ അടങ്ങിയതാണ് ആയ്ച്ചരിതം എന്ന പേരോടുകൂടിയ ഈ ചെറുപുസ്തകം. പാഠശാലകളിൽ പഠിക്കുന്ന ബാലന്മാരുടെ ആവശ്യത്തിന്നായി നിമ്മിച്ചിട്ടുള്ള ഈ ചെറുകൃതി അവർക്കു സദാചാരത്തിന്റെ സ്വരൂപം മനസ്സിലാക്കിക്കൊടുത്തു ഭാരതീയരുടെ ജീവിതാദർശങ്ങളിൽ അഭിമുഖ്യവും അഭിരുചിയും ജനിപ്പിക്കുവാൻ ഉതകുമെങ്കിൽ എന്റെ പ്രയത്നം സഫലമായിത്തീരും.

എങ്കക്കാട്,
10—7—1101.

പി. എസ്സ്. സുബ്ബരാമപട്ടർ.

വിഷയാനുക്രമണിക.

	ഉപക്രമം	1
1.	യക്ഷപ്രശ്നം	3
2.	മരുത്തോപാഖ്യാനം	15
3.	സൌഭരിചരിതം	22
4.	കുചേലകഥ	30
5.	ഉത്തങ്കവൃത്താന്തം	38
6.	മാർക്കണ്ഡേയൻ	46
7.	സത്യവ്രതൻ	53
8.	യുധിഷ്ഠിരനും നായും	58
9.	ശ്രീശുകൻ	62
10.	പതിവ്രതാമാഹാത്മ്യം	70

ആ യ്ു ച രി ത ം

ഉപക്രമം.

ഹിമാചലം മുതൽ വിന്ധ്യപവ്വതംവരെ വ്യാപിച്ചുകി ടക്കുന്ന വിശാലമായ ദേശത്തെ പുരാതനഭാരതീയർ ആ യ്ു്വാവത്തം എന്ന പേർകൊണ്ടാണ വിളിച്ചുവന്നിരുന്നത്. പാവനങ്ങളായ മഹാനദികളുടെ പ്രവാഹത്താൽ പരിശു ദ്ധവും സമ്പത്സമൃദ്ധവുമാക്കപ്പെട്ട ആ ദേശത്തു വസിച്ചിരു ന്ന ജനങ്ങൾ വളരെ തേജസ്വികളും, ബുദ്ധിമാന്മാരും, സ ദ്വൃത്തന്മാരും ആയിരുന്നു. തീർത്ഥയാത്രപോലെ നയിക്ക പ്പെട്ടിരുന്ന അവരുടെ ജീവിതം പുണ്യകർമ്മങ്ങൾകൊണ്ടു പൂ ർണ്ണമായിരുന്നു.

അപ്രകാരമുള്ള പുരാതനഭാരതീയരുടെ ഇടയിൽ 'ഋ ഷികൾ' എന്നു പേരോടുകൂടിയ ചില മഹാനുഭാവന്മാർ ഉ ണ്ടായിരുന്നു. അവർ ഈശ്വരനെ സാക്ഷാൽകരിച്ചു, ലോ കതത്വം ഗ്രഹിച്ചു, സ്വാർത്ഥംകൂടാതെ പരഹിതത്തിനുമാത്ര മായി പ്രയത്നിച്ചുംകൊണ്ടു ശാന്തമായ വിധത്തിലാണ ജീ വിതയാത്ര ചെയ്തിരുന്നത്. അജ്ഞാനാന്ധകാരത്താൽ ആ വൃതമായ മനുഷ്യബുദ്ധിക്കു ജ്ഞാനപ്രകാശമുളവാക്കുവാനാ യി അവർ തത്വശാസ്ത്രം, ധർമ്മശാസ്ത്രം മുതലായി അനേകം വിധത്തിലുള്ള ശാസ്ത്രങ്ങൾ നിർമ്മിച്ചു. വിവേകവും വിന യവും ജനിപ്പിക്കുന്ന അവയെല്ലാം ജീവിതയാത്രയ്ക്കു പുറപ്പെ ട്ടിട്ടുള്ള ലോകർക്കു രാജമാർഗ്ഗങ്ങളായി ഇന്നും നമ്മുടെ നാട്ടിൽ

നിലനില്ക്കുന്നുണ്ട്. ആയുഷ്കാലം മുഴുവനും തപസ്സുചെയ്യാൻ മാത്രമായി വിനിയോഗിച്ച ചില പുണ്യവാന്മാരും ഋഷിമാരുടെ ഇടയിൽ ഉണ്ടായിരുന്നു. അവരുടെ ചരിത്രം മനുഷ്യജീവിതത്തിന്റെ ആദർശമായി ഇന്നും വിളങ്ങിക്കൊണ്ടിരിക്കുന്നു.

അങ്ങിനെയുള്ള ഋഷികളുടെ കൂട്ടത്തിൽ വേദവ്യാസൻ എന്നു പേരോടുകൂടിയ ഒരു മഹർഷി ഉണ്ടായിരുന്നു. പരാശരമഹർഷിക്കു സത്യവതി എന്നു പേരായ ഒരു മുക്കുവത്തിയിൽ പുത്രനായി പിറന്ന അദ്ദേഹം സകല ശാസ്ത്രങ്ങളുടേയും തത്വങ്ങളറിഞ്ഞ ഒരു സർവ്വജ്ഞനായിരുന്നു. ദുർവ്വിജ്ഞേയങ്ങളായ ലോകതത്വങ്ങളെ മന്ദബുദ്ധികൾക്കുംകൂടി മനസ്സിലാക്കിക്കൊടുപ്പാനായി അദ്ദേഹം മഹാന്മാരുടെ ചരിത്രത്തെ ഉദാഹരിച്ചുംകൊണ്ടു ഭാഗവതം മുതലായ പതിനെട്ടു പുരാണങ്ങളും മഹാഭാരതം എന്നു പേരായ ഒരു ഇതിഹാസവും നിർമ്മിച്ചു: അദ്ദേഹത്തിന്റെ പുത്രനായ ശുകനും സൂതൻ തുടങ്ങിയ ശിഷ്യന്മാരും ആ പുരാണങ്ങളെല്ലാം പഠിച്ചു ഹൃദിസ്ഥമാക്കുകയും വലിയ യാഗങ്ങൾ നടന്നിരുന്ന സ്ഥലങ്ങളിലും മറ്റും ചെന്ന് അവയെ ജനങ്ങൾക്കു ചൊല്ലിക്കേൾപ്പിക്കുകയും ചെയ്തു.

ഇപ്രകാരം ലോകർക്കു ലഭിച്ചിട്ടുള്ള പുരാണങ്ങൾ അനഘങ്ങളായ ഗ്രന്ഥരത്നങ്ങളാണ്. ദേവന്മാരുടെ ഭാഷയാണെന്നു പറയപ്പെടുന്ന സംസ്കൃതത്തിൽ ഒട്ടുമുക്കാലും പദ്യമയമായിട്ടാണ് അവ രചിക്കപ്പെട്ടിട്ടുള്ളത്. അവയിൽ തപോനിഷ്ഠന്മാരായ മുനിജനങ്ങളുടേയും ധർമ്മതൽപരന്മാരായ രാജാക്കന്മാരുടേയും അനേകം ഉപാഖ്യാനങ്ങളുണ്ട്. അവയുടെ കൂട്ടത്തിൽ ദൃഢമായ ആത്മസത്വരൂപത്തെപ്പ

റിയും ദുർഗ്രഹമായ ലോകരഹസ്യത്തെക്കുറിച്ചും ഗൌരവമേറിയ വാദപ്രതിവാദങ്ങളും ഇടയ്ക്കിടയ്ക്ക കഥാരൂപത്തിൽ ഗ്രഥിച്ചിട്ടുള്ളതായി കാണാവുന്നതാണ്. അപ്രകാരമുള്ള പുരാണകഥകളിൽ ചിലതിനെയാണ് ഈ ചെറുപുസ്തകത്തിൽ മൊഴിമാറി എഴുതിട്ടുള്ളത്.

---

൧. യക്ഷപ്രശ്നം.

ധർമ്മത്തെ ശരിയായി അറിയുവാനുള്ള ബുദ്ധിശക്തിയും വേണ്ടതുപോലെ അനുഷ്ഠിപ്പാനുള്ള മനോഗുണവും ഒത്തിണങ്ങിയ അനേകം രാജാക്കന്മാരുടെ ചരിത്രങ്ങൾ പുരാണങ്ങളിൽ വർണ്ണിക്കപ്പെട്ടിട്ടുണ്ട്. അങ്ങിനെയുള്ളവരുടെയിടയിൽ പ്രഥമഗണനീയനാണ പാണ്ഡുപുത്രനായ യുധിഷ്ഠിരൻ. ഭയങ്കരമായ ആപത്തു നേരിട്ടുന്ന സമയത്തുംകൂടി അദ്ദേഹത്തിന്റെ ധർമ്മബോധത്തിനു മങ്ങലും ധർമ്മനിഷ്ഠയ്ക്കു മാറ്റവും വന്നിരുന്നില്ലെന്നു കാണിക്കുന്നതായ അനേകം സംഗതികൾ ദുഃഖമയമായ അദ്ദേഹത്തിന്റെ ജീവിതത്തിൽ നടന്നിട്ടുണ്ട്. അവയിലൊന്നാണ ബകരൂപം പൂണ്ട യക്ഷനും അദ്ദേഹത്തിനും തമ്മിലുണ്ടായ സംവാദം.

പാണ്ഡവന്മാർ അഞ്ചുപേരുംകൂടി മധുരങ്ങളായ ഫലമൂലങ്ങൾ ധാരാളമുള്ള ദ്വൈതവനത്തിൽ പാർത്തുകൊണ്ടിരുന്നു. അങ്ങിനെയിരിക്കുന്ന കാലത്ത് ഒരുനാൾ അവർ ഉച്ചസമയത്തെ വെയിലത്തു നടന്നു തളർന്നു വിശപ്പും ദാഹവും പൊറുക്കുവാൻ കഴിയാതെ തണലുള്ള ഒരു മരത്തിന്റെ ചുവട്ടിൽ ചെന്നിരുന്നു. അടുത്ത പ്രദേശത്തിലെങ്ങാനും വെള്ളമുള്ള പൊയ്കയുണ്ടൊ എന്നറിയുവാനായി ന

കുലൻ പൊക്കമേറിയ ഒരു മരത്തിന്റെ മുകളിൽ കയറി നാലുപാടും നോക്കി. അധികം അകലെയല്ലാതെ വലിയൊരു കാട്ടുപൊയ്ക കാണ്മാനുണ്ടെന്നു പറഞ്ഞുംകൊണ്ട് അയാൾ താഴത്തിറങ്ങിവന്നപ്പോൾ യുധിഷ്ഠിരൻ അയാളോടു പറഞ്ഞു:— 'നീ നിന്റെ ആവനാഴി എടുത്തുകൊണ്ടുപോയി അതിൽ നിറച്ചു വെള്ളം കൊണ്ടുവരിക. പിപാസാർത്തന്മാരായ നിന്റെ ജ്യേഷ്ഠന്മാർ പൊയ്കവെള്ളം കുടിച്ചു തളർച്ച തീർക്കട്ടെ.' നകുലൻ ജ്യേഷ്ഠന്റെ ആജ്ഞയെ അനുസരിപ്പാനായി അമ്പുകളില്ലാത്ത ആവനാഴിയും കയ്യിലെടുത്തു പൊയ്കയിലേയ്ക്കു പുറപ്പെട്ടു.

അവിടെ ചെന്നു പൂക്കളും പക്ഷികളും നിറഞ്ഞ പൊയ്കയിൽ തെളിഞ്ഞുനില്ക്കുന്ന തണുത്ത വെള്ളം തുണീരത്തിൽ നിറച്ചെടുത്തു തന്റെ ഒരു കയ്യിൽ പിടിച്ചുംകൊണ്ടു നകുലൻ മറേറകൈകൊണ്ടു കുറച്ചുവെള്ളം കോരിക്കുടിക്കുവാൻ ഭാവിച്ചു. അപ്പോഴയ്ക്കും ആകാശത്തിൽനിന്ന് അശരീരിയായി ഇപ്രകാരം ഒരു വാക്ക് അയാൾക്കു കേൾക്കുമാറായി:— "അല്ലെ സൌമ്യ, സാഹസം പ്രവർത്തിക്കരുത്. ആരായാലും ശരി, ഞാൻ ചോദിക്കുന്ന ചോദ്യങ്ങൾക്കു സമാധാനം പറഞ്ഞതിന്റെശേഷം മാത്രമേ ഈ പൊയ്കയിലെ വെള്ളം കുടിപ്പാൻ പാടുള്ളൂ എന്നാണ് എന്റെ നിശ്ചയം. അതിനാൽ എന്റെ ചോദ്യങ്ങൾക്ക് ഉത്തരം പറഞ്ഞിട്ടു വെള്ളം കുടിക്കുകയോ കൊണ്ടുപോവുകയോ ചെയ്യുകൊള്ളുക." പിപാസകൊണ്ടു കലശലായി പീഡിപ്പിക്കപ്പെട്ടിരുന്ന നകുലൻ അശരീരിവാക്കിനെ വകവെക്കാതെ വെള്ളമെടുത്തു കുടിച്ചു. ഉടനെതന്നെ അയാൾ നിശ്ചേഷ്ടനായി നിലത്തുവീണു.

നകുലന്റെ വരവു കാത്തുകൊണ്ടിരുന്നയുധിഷ്ഠിരൻ, അവൻ മടങ്ങിവരുന്നതു കാണാതെ പരിഭ്രമിച്ച് അവനെ തിരഞ്ഞു തിരികെ കൂട്ടിക്കൊണ്ടുവരുവാനും വെള്ളം കൊണ്ടുവരുവാനുമായി സഹദേവനെ പൊയ്കയിലേക്കയച്ചു. അയാൾ തടാകതീരത്തിൽ ചെന്നപ്പോൾ തന്റെ സഹോദരൻ അവിടെ വീണുകിടക്കുന്നതു കണ്ടു. അതു നിമിത്തം അയാൾക്ക് അസഹ്യമായ വ്യസനമുണ്ടായി. എങ്കിലും പൊരുക്കുവാൻ വയ്യാത്ത ദാഹം ശമിപ്പിക്കുവാനായി അയാൾ പൊയ്കയിലേയ്ക്ക് കുടിച്ചെന്നു: അപ്പോൾ നകുലൻ കേട്ടതുപോലെയുള്ള ഒരു അശരീരിവാക്ക് അയാളുടെ കണ്ണുപുടങ്ങളിലും പതിച്ചു. പിപാസാപീഡിതനായിരുന്ന അയാൾ അതു വകവെയ്ക്കാതെ വെള്ളം കുടിക്കുകയും നിലത്തു പതിക്കുകയും ഒരു നിമിഷത്തിൽ കഴിഞ്ഞു.

മാദ്രീതനയന്മാരായ നകുലസഹദേവന്മാർ രണ്ടുപേരും മടങ്ങിവരുന്നതു കാണാതിരുന്നപ്പോൾ യുധിഷ്ഠിരൻ അവക്ക് വല്ല ആപത്തും നേരിട്ടിരിക്കുമോ എന്നു ശങ്കിച്ചും കൊണ്ട് അവരെ രക്ഷിപ്പാനും വെള്ളം കൊണ്ടുവരുവാനുമായി അർജ്ജുനനെ അയച്ചു. വില്ലാളിവീരനായ ആ മദ്ധ്യമപാണ്ഡവൻ അനുജന്മാർക്കു നേരിട്ടിട്ടുണ്ടായിരുന്ന ആപത്തിനെ പരിഹരിപ്പാനോ യക്ഷനോട് എതിർക്കുവാനോ ശക്തനായില്ലെന്നുമാത്രമല്ല, സ്വയം പിപാസാർത്തനായി അശരീരിവാക്കിനെ വകവെയ്ക്കാതെ പൊയ്കവെള്ളം കുടിച്ചു സരസ്സീരത്തിൽ വിഗതചേതനനായി വീഴുകയും ചെയ്തു.

ശത്രുകുലകാലനായ അർജ്ജുനനുംകൂടി മടങ്ങിവരാതിരുന്നതു കണ്ടപ്പോൾ ധർമ്മപുത്രരുടെ ഉള്ളൊന്നു കത്തി. അദ്ദേഹം വീരവരന്മാരായ തന്റെ മൂന്ന് അനുജന്മാർക്കു സംഭ

വിച്ച ആപത്ത് എന്താണെന്നറിയാതെ പരിഭ്രമിച്ച് അ
തന്വേഷിപ്പാനായി ഭീമസേനനെ അതിപ്രയോട്ടുകൂടി
പൊയ്ക്കയിലേയ്ക്കു പറഞ്ഞയച്ചു. തടാകതീരത്തിൽ വീണ
കിടന്നിരുന്ന തന്റെ അനുജന്മാരെ ആ നിലയിൽ ആക്കി
ത്തീർത്തത് അമാനുഷനായ ഒരുവൻ ആയിരിക്കണമെന്നു
ഭീമസേനനും തോന്നി. എങ്കിലും ആ ശത്രുതന്നെ ഹനി
ക്കുവാൻ വരുന്നപക്ഷം അവനോടു പോരാടണമെന്നുറച്ച്
അയാളും ദാഹംകൊണ്ടുണ്ടായിരുന്ന തളർച്ച തീർക്കുവാനായി
പൊയ്കവെള്ളം പാനം ചെയ്തു. അശരീരിവചസ്സിനാൽ
പ്രതിഷിദ്ധമായ ആ പ്രവൃത്തി തന്നെയും പതിപ്പിക്കുമെ
ന്ന് അയാൾ അറിഞ്ഞില്ല.

ഭീമസേനൻറെയും മറ്റനുജന്മാരുടെയും പ്രത്യാഗമന
ത്തെത്തന്നെ പ്രതിക്ഷണം പ്രതീക്ഷിച്ചുകൊണ്ടിരുന്ന ധർമ്മ
പുത്രന് അധികനേരം ആ തരുച്ഛായയിൽ ഇരിക്കുവാനു
ള്ള ക്ഷമ ഉണ്ടായില്ല. അവരെ എല്ലാവരെയും നിരുപായ
ന്മാരായി കാണാമെന്നുള്ള ആശയോടുകൂടി അദ്ദേഹം അ
വിടെനിന്നെഴുനേറ്റ് തടാകതീരത്തിലേയ്ക്കു നടന്നു. അവി
ടെ എത്തിയപ്പോൾ അദ്ദേഹം തന്റെ നാലനുജന്മാരും
നിശ്ചേഷ്ടന്മാരായി നിലത്തു വീണുകിടക്കുന്നതു കണ്ടു.

മൂന്നു ലോകങ്ങളെയും വെല്ലുവാൻ വേണ്ടുന്നതു ചെയ്യു
ക്കും മിടുക്കുമുള്ള നാല സഹോദരന്മാരും നഷ്ടചേതനന്മാ
രായി ഭൂതലത്തിൽ ശയിക്കുന്നതു കണ്ടപ്പോൾ ധർമ്മപുത്രനു
ണ്ടായ വ്യസനം അത്യന്തം അസഹ്യമായിരുന്നു. അദ്ദേഹം
അവരുടെ ഗുണഗണങ്ങളെപ്പറ്റി പ്രശംസിച്ചുകൊണ്ടു വ
ളരെനേരം വിലപിച്ചു. അതിന്റെ ശേഷം അദ്ദേഹം മെ
യ്യിൽ ഒരൊറ്റ മുറിപോലും ഏല്ക്കാത്ത അനുജന്മാരുടെ മര

ണത്തിനുള്ള കാരണം എന്താണെന്നറിയാതെ ആശ്ചര്യപ്പെട്ടുംകൊണ്ടു തനിക്കുണ്ടായിരുന്ന ദാഹം തീർക്കുവാനായി തടാകത്തിലേക്കിറങ്ങി. അപ്പോഴുള്ളും പക്ഷിരൂപം പൂണ്ട യക്ഷൻ അദ്ദേഹത്തെ അഭിസംബോധനം ചെയ്തു, ഇപ്രകാരം പറഞ്ഞു: — 'അല്ലെ രാജപുത്ര, ഈ കുളത്തിലുള്ള മത്സ്യങ്ങളെ പിടിച്ചുതിന്നുപജീവിക്കുന്ന ഒരു ബകപക്ഷിയായ ഞാനാണ് അങ്ങയുടെ അനുജന്മാരെ കൊന്നത്. ഞാൻ ചോദിക്കുന്ന ചോദ്യങ്ങൾക്കു സമാധാനം പറയാതെ അങ്ങുന്ന് ഈ പൊയ്കയിലെ വെള്ളം കുടിക്കുന്നതായാൽ അങ്ങയ്ക്കും ഉടനേതന്നെ മരണം സംഭവിക്കുന്നതാണ്.'

സഹോദരന്മാരുടെ നാശം നിമിത്തമുണ്ടായ ദുഃഖം ധർമ്മപുത്രരെ ദഹിപ്പിച്ചുകൊണ്ടിരുന്നു. ദേശകാലദശകളുടെ ഭേദം നോക്കാതെ പ്രാണികളെ പീഡിപ്പിക്കുന്ന പിപാസ അദ്ദേഹത്തെ വെള്ളം കുടിപ്പാനായി പ്രേരിപ്പിച്ചുകൊണ്ടിരുന്നു. എങ്കിലും അദ്ദേഹം ആ പക്ഷിയുടെ നേരെ കോപിക്കുകയോ അതിന്റെ വാക്കുകളെ ധിക്കരിക്കുകയോ ചെയ്യാതെ അതിനോടു പറഞ്ഞു.

ധർമ്മപുത്രർ — അല്ലെ പക്ഷിൻ, അങ്ങുന്നു യഥാർത്ഥത്തിൽ ആരാണെന്നു പറഞ്ഞാൽ കൊള്ളാം. ഹിമവാൻ, പാരിയാത്രം, വിന്ധ്യം, മലയം എന്നീ നാലു വൻമലകളെപ്പോലെ ഉയർക്കേറിയവരും ഇളക്കമറവരുമായ എന്റെ ഈ നാലനുജന്മാരെ നിഷ്പ്രയാസം ഹനിച്ച ഭവാൻ കേവലം ഒരു പക്ഷിയല്ല; പക്ഷിരൂപം ധരിച്ച ഒരു ദേവനോ മറ്റോ ആയിരിക്കണം. വാനവർക്കുപോലും വെല്ലുവാൻ കഴിയാത്ത ഇവരെക്കൊന്നത് ആശ്ചര്യംതന്നെ

യാണ്. എന്നാൽ അങ്ങിനെ ചെയ്യാനുള്ള ആവശ്യം എന്താണെന്ന് എനിക്കു മനസ്സിലാകുന്നില്ല. അതും അറിയുവാൻ ആഗ്രഹമുണ്ട്.

വിഷണ്ണനായ ധർമ്മപുത്രരുടെ വിനയപുരസ്സരങ്ങളായ ഈ വാക്കുകൾ കേട്ട പക്ഷിരൂപം കളഞ്ഞു നിജരൂപം കൈക്കൊണ്ട യക്ഷൻ പറഞ്ഞു.

യക്ഷൻ— അല്ലേ രാജൻ, ഞാൻ ഒരു യക്ഷനാണ്. ഞാൻ പലപ്രാവശ്യം പറഞ്ഞിട്ടും എന്റെ വാക്കിനെ വകവെയ്ക്കാതെ പൊയ്കയിൽനിന്നു വെള്ളമെടുത്തു കുടിച്ചതുകൊണ്ടാണ് അങ്ങയുടെ അനുജന്മാരെ ഞാൻ ഹനിച്ചത്. ഞാൻ ചോദിക്കുന്ന ചോദ്യങ്ങൾക്കെല്ലാം ശരിയായ മറുവടി പറയാതെ ആരും ഈ പൊയ്കയിലെ വെള്ളം കുടിപ്പാൻ പാടില്ലെന്നാണ് എന്റെ നിശ്ചയം.

മേഘനാദംപോലെ മുഴങ്ങുന്ന ഗംഭീരസ്വരത്തിൽ സംസാരിച്ചുകൊണ്ടു മലപോലെ മഹത്തായ ശരീരത്തോടുകൂടി, അടുത്തുണ്ടായിരുന്ന വലിയൊരു മരത്തിന്റെ മുകളിൽ ഇരുന്നിരുന്ന യക്ഷനെക്കണ്ടപ്പോൾ ധർമ്മപുത്രർ ഒന്നു നടുങ്ങിപ്പോയി. അത്യാപത്തിൽ അകപ്പെട്ടിട്ടുംകൂടി ധർമ്മപഥത്തിൽനിന്നു തെറ്റിനടക്കുവാൻ തുനിയാത്ത ആ മനസ്വി യക്ഷന്റെ പ്രശ്നങ്ങൾക്കു തനിക്കറിവുള്ളവണ്ണം സമാധാനം പറയാമെന്നു പ്രതിജ്ഞ ചെയ്തു. അതിന്റെ ശേഷം യക്ഷനും യുധിഷ്ഠിരനും തമ്മിൽ പ്രശ്നപ്രതിവചനരൂപമായ ഒരു ദീർഘസംഭാഷണം ഉണ്ടായി. അനേകം ലോകതത്വങ്ങളെ കരതലാമലകംപോലെ കാണിക്കുന്ന ആ സംവാദത്തിലടങ്ങിയ ചില ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും ഇവിടെ കൊടുക്കുന്നു.

യക്ഷൻ — ആദിത്യനെ ഉദിപ്പിക്കുന്നത് ആരാണ്? അസ്തമിപ്പിക്കുന്നതാരാണ്? ആദിത്യന്റെ ഇരുപുറത്തും സഞ്ചരിക്കുന്നതാരാണ്? ആ ദേവൻ എന്തിലാണ് പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളത്?

യുധിഷ്ഠിരൻ— കതിരവനെ ഉദിപ്പിക്കുന്നതു ബ്രഹ്മാവും അസ്തമിപ്പിക്കുന്നതു ധർമ്മവുമാണ്. ദേവന്മാരാണ് ആദിത്യന്റെ ഇരുഭാഗത്തും സഞ്ചരിക്കുന്നത്. സത്യത്തിന്മേലാണ് ആ ദേവൻ പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളത്.

യക്ഷൻ—ഒരുവൻ പൂജ്യനായിത്തീരുന്നതെന്തുകൊണ്ടാണ്? ജ്ഞാനിയാകുന്നതെന്തുകൊണ്ടാണ്? വലിയ കായ്ങ്ങൾ സാധിക്കുന്നതെന്തുകൊണ്ടാണ്? ശരിയായ കൂട്ടുകാരൻ ആരാണ്?

യുധിഷ്ഠിരൻ—ഒരുവൻ പൂജ്യനാകുന്നതു പഠിപ്പുകൊണ്ടും ജ്ഞാനിയാകുന്നതു വൃദ്ധസേവകൊണ്ടുമാണ്. വലിയ കായ്ങ്ങൾ സാധിക്കുന്നതു തപസ്സുകൊണ്ടാണ്? ധൈര്യമാണ് ഒരുവന്റെ ശരിയായ കൂട്ടുകാരൻ.

യക്ഷൻ — ഭൂമിയേക്കാൾ ഗുരുതരയായിട്ടുള്ളവൾ ആരാണ്? വായുവിനേക്കാൾ വേഗം കൂടിയ വസ്തു എന്താണ്? രോഗപീഡിതനായ ഒരുവന്റെ ബന്ധു ആരാണ്? മരിക്കുവാൻ പോകുന്നവന്റെ മിത്രം ആരാണ്?

യുധിഷ്ഠിരൻ — മാതാവു ഭൂമിയേക്കാൾ ഗുരുതരയാണ്. വായുവിനേക്കാൾ വേഗമേറിയ വസ്തുവാണ് മനുഷ്യന്റെ മനസ്സ്. രോഗിയുടെ ബന്ധു വൈദ്യനും മരിക്കുന്നവന്റെ മിത്രം ദാനധർമ്മങ്ങളുമാണ്.

യക്ഷൻ—ധനമാണെന്നു ഗണിക്കപ്പെടുന്ന പദാർത്ഥങ്ങളിൽവെച്ച് ഉത്തമമായിട്ടുള്ളത് ഏതാണ്? ലാഭങ്ങളിൽവെ

ച്ച് ഏറ്റവും നല്ലതേതാണ്? സുഖങ്ങളിൽവെച്ച് ശ്രേഷ്ഠമായിട്ടുള്ളതെന്താണ്? വ്യസനമില്ലാതിരിപ്പാനുള്ള ഉപായമെന്താണ്?

യുധിഷ്ഠിരൻ—ധനങ്ങളിൽവെച്ച് ഉത്തമമായിട്ടുള്ളത് പഠിപ്പാണ്. ലാഭങ്ങളിൽവെച്ച് ഏറ്റവും നല്ലത് ആരോഗ്യലാഭവും സുഖങ്ങളിൽവെച്ച് ശ്രേഷ്ഠമായിട്ടുള്ളത് മനസ്സന്തോഷവും ആകുന്നു. ദുഃഖമുണ്ടാകാതിരിപ്പാനുള്ള മാർഗ്ഗം മനസ്സിന്റെ നിയമനം മാത്രമാണ്.

യക്ഷൻ—എന്തിനെ ത്യജിച്ചാലാണ് ഒരുവൻ മറവുള്ളവർക്ക് പ്രിയനായിത്തീരുക? എന്തിനെ ഒതുക്കിയാൽ ശോകം ഇല്ലാതാകും? എന്തിനെ ഉപേക്ഷിക്കുന്നതുകൊണ്ടാണ് ഒരുവൻ അർത്ഥവാനായിത്തീരുന്നത്? എന്തൊരു വസ്തു ഇല്ലാതാകുമ്പോഴാണ് മനുഷ്യനു മനസ്സുഖം ഉണ്ടാകുന്നത്?

യുധിഷ്ഠിരൻ— മാനത്തെ ത്യജിക്കുന്ന മനുഷ്യൻ മറവുള്ളവർക്ക് പ്രിയനായിത്തീരും. ക്രോധത്തെ ഒതുക്കിയാൽ ശോചിക്കേണ്ടി വരുന്നതല്ല. ആഗ്രഹങ്ങളെ ഉപേക്ഷിക്കുന്നവനാണ് യഥാർത്ഥത്തിൽ അർത്ഥവാനായിത്തീരുന്നത്. ലോഭം ഇല്ലാതാകുമ്പോഴാണ് മനസ്സുഖം ഉണ്ടാകുന്നത്.

യക്ഷൻ— മനുഷ്യരുടെ ബുദ്ധി പ്രകാശിക്കാതെ മങ്ങിപ്പോകുന്നതെന്തുകൊണ്ടാണ്? മനുഷ്യർ സുഹൃജ്ജനങ്ങളെ കൈവെടിഞ്ഞു കളയുന്നതെന്തുകൊണ്ടാണ്? ഒരുവൻ മൃതനാകുന്നതെങ്ങിനെ? ഒരു രാജ്യം മൃതമാണെന്നു പറയപ്പെടുന്നതെപ്പോഴാണ്?

യുധിഷ്ഠിരൻ— അജ്ഞാനമാകുന്ന കൂരിരുട്ടുകൊണ്ടു മൂടപ്പെടുന്നതിനാലാണ് മനുഷ്യരുടെ ബുദ്ധി മങ്ങിപ്പോകുന്നത്. ധനത്തിലുള്ള കൊതികൊണ്ടാണ് മനുഷ്യർ മിത്രജനങ്ങളെ ത്യജിച്ചുകളയുന്നത്. ദാരിദ്ര്യപങ്കത്തിൽ മുങ്ങിയ മനുഷ്യൻ മൃതനാണെന്നു പറയാവുന്നതാണ്. രാജാവില്ലാത്ത രാജ്യമാണ് മൃതരാഷ്ട്രമെന്നു പറയപ്പെടുന്നത്.

യക്ഷൻ— തപസ്സ്, ദയ, ക്ഷമ, ശമം എന്നിവയുടെ ലക്ഷണം എന്താണ്?

യുധിഷ്ഠിരൻ— സ്വധർമ്മാനുഷ്ഠാനമാണ് ശരിയായ തപസ്സ്. സുഖദുഃഖങ്ങളും, മാനാവമാനങ്ങളും മുതലായ ദ്വന്ദ്വങ്ങളെ സഹിപ്പാനുള്ള ശക്തിയാണ് ക്ഷമ. സകലപ്രാണികൾക്കും സുഖമുണ്ടായിക്കാണ്മാനുള്ള ആഗ്രഹമാണ് ദയ. മനസ്സിന്റെ പരമമായ പ്രശാന്തതയാണ് ശമം.

യക്ഷൻ— ജയിക്കുവാൻ സാധിക്കാത്ത ശത്രു ആരാണ്? ആലസ്യം എന്താണ്? ശരിയായ സ്നാനം ഏതാണ്? ആരാണു യഥാർത്ഥപണ്ഡിതൻ?

യുധിഷ്ഠിരൻ— വെല്ലുവാൻ കഴിയാത്ത ശത്രു ക്രോധമാണ്. ധർമ്മാനുഷ്ഠാനത്തിലുള്ള അശ്രദ്ധയാണ് ആലസ്യം. മനസ്സിലുള്ള മാലിന്യം കളയുന്നതാണു ശരിയായ സ്നാനം. ധർമ്മാധർമ്മങ്ങളെ വേർതിരിച്ചറിയുന്നവനാണു യഥാർത്ഥപണ്ഡിതൻ.

യക്ഷൻ— കുലം, വൃത്തം, വേദാദ്ധ്യയനം, ശാസ്ത്രജ്ഞാനം എന്നിവയിൽ ഏതുകൊണ്ടാണ് ഒരുവൻ ബ്രാഹ്മണനായിത്തീരുന്നത്?

യുധിഷ്ഠിരൻ— കുലമഹിമയും, വേദാദ്ധ്യയനവും, ശാസ്ത്രജ്ഞാനവും ഒരുവനെ ബ്രാഹ്മണനാക്കുവാൻ ശക്തങ്ങളാവുകയില്ല. വൃത്തം ഒന്നുമാത്രമാണ് ഒരുവനെ ബ്രാഹ്മണനാക്കുന്നത്. ഒരുവൻ നാലു വേദങ്ങളും അഭ്യസിച്ചിരുന്നാലും ദുർവ്വൃത്തനാണെങ്കിൽ അവനെ ബ്രാഹ്മണനെന്നു പറയുന്നതു ലേശം ശരിയല്ല. ദമനരെമറിച്ചു, വേദശാസ്ത്രജ്ഞാനവും തറവാട്ടവലുപ്പവുമില്ലാത്ത ഒരുവൻ സദ്വൃത്തനാണെങ്കിൽ അവൻ ബ്രാഹ്മണനാണെന്നു പറയുകയും ചെയ്യാം.

യക്ഷൻ— ജീവിതസുഖം അനുഭവിക്കുന്നതാരാണ്? ഏറ്റവും ആശ്ചര്യകരമായ കാര്യം എന്താണ്? ശരിയായ ധർമ്മമാർഗ്ഗം ഏതാണ്? പരിപൂർണ്ണമായ സമ്പത്തുള്ളവൻ ആരാണ്? ഈ നാലു ചോദ്യങ്ങൾക്കുകൂടി മറുവടി പറഞ്ഞിട്ട് അങ്ങുന്നു വേണ്ടുവോളം വെള്ളം കുടിച്ചുകൊള്ളുക.

യുധിഷ്ഠിരൻ— അവനവന്റെ നാട്ടു വിട്ടുപോകാതെയും ആരോടും ഒന്നും കടം വാങ്ങാതെയും അഞ്ചാറുദിവസത്തിലൊരിക്കൽ ചീരമാത്രമെങ്കിലും ഭക്ഷിച്ചുംകൊണ്ടു സഗൃഹത്തിൽ വസിക്കുന്നവനാണു ജീവിതസുഖം അനുഭവിക്കുന്നവൻ. പ്രാണിജാലങ്ങൾ പ്രതിദിവസം മരിച്ചുപോകുന്നതു കണ്ടുംകൊണ്ടിരുന്നിട്ടും ബാക്കിയുള്ളവർ മരണമില്ലാതിരിപ്പാൻ ആശിക്കുന്നു. ഇതിനേക്കാൾ ആശ്ചര്യകരമായി മറെന്താണുള്ളത്? ബുദ്ധിക്കും യുക്തിക്കും അവസാനമില്ല. ശാസ്ത്രങ്ങൾ പരസ്പരം വിരുദ്ധങ്ങളായി കാണപ്പെടുന്നു. ധർമ്മതത്വം അത്യന്തം ദുർജ്ഞേയമായിട്ടാണിരിക്കുന്നതും. അതിനാൽ, മഹാന്മാർ

ഏതുവഴിക്കു പോകുന്നുവോ അതുതന്നെയാണു ശരിയായ ധർമ്മമാർഗ്ഗം എന്നാണ് എനിക്കു തോന്നുന്നത്. സുഖദുഃഖങ്ങളും പ്രിയാപ്രിയങ്ങളും തുല്യങ്ങളായിട്ടുള്ളവനാണു സമ്പൂർണ്ണമായ സമ്പത്തോടുകൂടിയവൻ. അല്ലെ യക്ഷ, ഈപ്പറഞ്ഞതെല്ലാം ശരിയാണൊ എന്ന് എനിക്ക് നിശ്ചയമില്ല. ഞാൻ ധരിച്ചുവെച്ചിട്ടുള്ളതു പറഞ്ഞു എന്നു മാത്രമേ ഉള്ളു.

യക്ഷൻ— രാജൻ, ഞാൻ ചോദിച്ച ചോദ്യങ്ങൾക്ക് അങ്ങുന്നു പറഞ്ഞ സമാധാനം മുഴുവനും വളരെ ശരിയായിട്ടുള്ളതാണെന്നാണ് എനിക്കും തോന്നുന്നത്. എനിക്ക് അങ്ങയുടെ പേരിൽ വളരെ പ്രീതി തോന്നുന്നുണ്ട്. അതിനാൽ ഞാൻ അങ്ങയ്ക്ക് ഒരു വരം തരാം. അങ്ങയുടെ അനുജന്മാരിൽ ആരെയെങ്കിലും ഒരാളെ ഞാൻ ജീവിപ്പിക്കാം. ആരാണു ജീവിക്കേണ്ടത്? പറഞ്ഞുകൊള്ളുക.

യുധിഷ്ഠിരൻ— അങ്ങിനെയാണെങ്കിൽ നകുലനെ ജീവിപ്പിച്ചു തരിക. വിസ്തൃതമായ വക്ഷസ്സോടും ദീർഘങ്ങളായ ബാഹുക്കളോടുംകൂടിയ നകുലൻ ജീവനോടുകൂടി എഴുന്നേല്ക്കട്ടെ.

യക്ഷൻ — അല്ലെ രാജൻ, ആയിരം ആനകളുടെ മെയ്യുക്കുള്ള ഭീമസേനനേയും വില്ലാളികളിൽവെച്ച് അഗ്രേസരനായ അർജ്ജുനനേയും ഉപേക്ഷിച്ച് അങ്ങുന്നു സപത്നീമാതാവിന്റെ പുത്രനായ നകുലനെ ജീവിപ്പിക്കുവാൻ ആവശ്യപ്പെട്ടതു എന്തുകൊണ്ടാണ്?

യുധിഷ്ഠിരൻ— അല്ലെ യക്ഷ, എന്റെ പിതാവിന്ന് കുന്തി എന്നും മാദ്രി എന്നും രണ്ടു പത്നിമാരാണ്. എനിക്കു

എന്റെ പെറ്റമ്മയായ കുന്തിയും സപത്നീമാതാവായ മാദ്രിയും ഒരുപോലെയാണ്. നകുലൻ വീണ്ടും ജീവിക്കുന്നപക്ഷം അവന്റെ പെറ്റമ്മയായ മാദ്രിയും പുത്രവതിയായിരിക്കുമല്ലോ എന്നു വിചാരിച്ചിട്ടാണ് ഞാൻ നകുലനെ ജീവിപ്പിച്ചുതരുവാൻ അപേക്ഷിച്ചത്. ഞാൻ ധർമ്മനിഷ്ഠയുള്ള ഒരു രാജാവാണെന്നാണ് ലോകർ പറയാറുള്ളത്. അതിനാൽ, അല്ലേ യക്ഷ, നകുലൻതന്നെ ജീവിക്കട്ടെ. ഞാൻ ധർമ്മത്തെ ഒരിക്കലും ത്യജിക്കയില്ല.

യക്ഷൻ—രാജൻ, അങ്ങയുടെ ധർമ്മശ്രദ്ധ കണ്ടിട്ട് എനിക്ക് വളരെ സന്തോഷമായി. അതിനാൽ ഞാൻ അങ്ങയുടെ അനുജന്മാരെ എല്ലാവരേയും ജീവിപ്പിക്കാം.

യക്ഷൻ ഇപ്രകാരം പറഞ്ഞുകഴിഞ്ഞപ്പോഴേക്കും സരസ്സമീപത്തിൽ നിശ്ചേഷ്ടന്മാരായി കിടന്നിരുന്ന നാലു സഹോദരന്മാരും ജീവനോടുകൂടി എഴുന്നേറ്റു. അതോടുകൂടി അവർക്കുണ്ടായിരുന്ന തളർച്ച തീരുകയും പിപാസ ശമിക്കുകയും ചെയ്തു.

യക്ഷന്റെ വാക്കിലും പ്രവൃത്തിയിലും എന്തെന്നില്ലാത്ത ഒരു ദിവ്യതേജം ഉള്ളതായി കണ്ടിട്ട് യുധിഷ്ഠിരൻ യക്ഷനോടു പിന്നേയും പറഞ്ഞു.

യുധിഷ്ഠിരൻ—അങ്ങുന്നു യഥാർത്ഥത്തിൽ ആരാണ്. കേവലം ഒരു യക്ഷനുംകൂടിയല്ലെന്ന് എനിക്ക് ഇപ്പോൾ തോന്നുന്നു.

യക്ഷൻ—വത്സ, ഞാൻ നിന്റെ പിതാവായ ധർമ്മദേവനാണ്. സത്യം, തപസ്സ്, ദാനം, ദമം, അഹിംസ, ആർജ്ജവം മുതലായ അവയവങ്ങളോടുകൂടിയ അദൃശ്യശരീരമുള്ള ഞാൻ യക്ഷന്റേയും പക്ഷിയുടേയും രൂപം ധരിച്ചതു നിന്റെ ധർമ്മശ്രദ്ധയെ പരീക്ഷിപ്പാനായിട്ടാണ്. ഞാൻ ഇവിടെനിന്നു പോകുന്നതിനുമുമ്പു നിനക്ക് ഒരു

വരം തരണമെന്നു വിചാരിക്കുന്നു. ഇഷ്ടമുള്ളതു വരിച്ചു കൊള്ളുക.

യക്ഷൻ— ക്രോധം, ലോഭം, മോഹം എന്നിവയെ ജയിപ്പാനുള്ള ശക്തിയും സത്യം, തപസ്സ്, ദാനം എന്നിവയിൽ സക്തിയും ഉണ്ടാകുവാൻ എനിക്ക് അനുഗ്രഹം നല്കണം.

"അപ്രകാരംതന്നെ ആകട്ടെ" എന്ന് അരുളിച്ചെയ്തു ധർമ്മദേവൻ അന്തർദ്ധാനം ചെയ്തു. അത്യാപത്തിൽപോലും ധർമ്മത്തെ വിസ്മരിക്കുകയോ ത്യജിക്കുകയോ ചെയ്യാത്ത യുധിഷ്ഠിരൻ സുഖസ്വാപം കഴിഞ്ഞിട്ടെന്നപോലെ സന്തോഷത്തോടുകൂടി എഴുനേറ്റ അനുജന്മാരോടുകൂടി താൻ പാർത്തിരുന്ന പർണ്ണശാലയിലേയ്ക്കു പോവുകയുംചെയ്തു.

---

൨. മരുത്തോപാഖ്യാനം

ആവിക്ഷിത്ത് എന്നു പേരായ രാജാവിന്റെ പുത്രനായി മരുത്തൻ എന്ന നാമധേയത്തോടുകൂടിയ ഒരു ചക്രവർത്തി ഉണ്ടായിരുന്നു. അദ്ദേഹം വളരെ ദാനശീലനും ധർമ്മനിഷ്ഠനും ആയിരുന്നു. യാഗം മുതലായ പുണ്യകർമ്മങ്ങളിൽ അദ്ദേഹം ദക്ഷിണയായി കൊടുത്തിരുന്ന ദ്രവ്യത്തിന്നു കയ്യും കണക്കും ഇല്ല. ജനങ്ങൾക്കു വസിപ്പാനായി ഭവനങ്ങൾ പണിയിക്കുക, ജലസൌകര്യമുണ്ടാക്കുവാനായി വാപീകൂപതടാകങ്ങൾ നിർമ്മിക്കുക മുതലായ സൽക്കർമ്മങ്ങളിൽ അദ്ദേഹം ചിലവുചെയ്തിരുന്ന ധനവും അനല്പമായിരുന്നു.

ആ വിക്ഷിത്തിന്റെ അച്ഛൻ വാർദ്ധക്യം വന്നപ്പോൾ രാജ്യഭാരത്തെ പുത്രന്റെ കൈവശം ഏല്പിച്ചു വാനപ്രസ്ഥാശ്രമം സ്വീകരിച്ചു പത്നിയോടുകൂടി അരണ്യവാസം അംഗീകരിക്കുകയാണ് ചെയ്തത്. അതുപോലെതന്നെ ആ വിക്ഷിത്തും പുത്രനു പ്രാപ്തിയായതോടുകൂടി പ്രജാപരിപാലനത്തെ അയാളുടെ കൈവശം ഏല്പിച്ചു താപസവൃത്തി കൈക്കൊണ്ടു കാട്ടിൽപോയി പാർത്തിരുന്നു. മരുത്തൻ നാടുവാഴ്ച തുടങ്ങിയ കാലത്ത് അയാളുടെ പിതാമഹൻ പരേതനായിരുന്നുവെങ്കിലും പിതാമഹി തപസ്സു ചെയ്യുംകൊണ്ട് ഔവ്വാശ്രമത്തിൽ വസിക്കുന്നുണ്ടായിരുന്നു.

മരുത്തൻ രാജധർമ്മമനുസരിച്ചു രാജ്യം പരിപാലിച്ചുകൊണ്ടിരിക്കുന്ന കാലത്ത് ഒരുനാൾ ഔവ്വാശ്രമത്തിൽനിന്ന് ഒരു താപസൻ വന്ന് അദ്ദേഹത്തോടു പറഞ്ഞു.

താപസൻ— അല്ലേ രാജൻ, ഔവ്വാശ്രമത്തിൽ തപസ്സു ചെയ്യുംകൊണ്ടു താമസിക്കുന്ന അങ്ങയുടെ പിതാമഹിയുടെ ഒരു സന്ദേശത്തോടുകൂടിയാണു ഞാൻ വരുന്നത്. ആ തപസ്വിനി ആശീർവ്വാദപൂർവ്വം അങ്ങയെ അറിയിക്കുവാൻ ഏല്പിച്ചിട്ടുള്ള സന്ദേശം ഇതാണ്:— "വത്സാ, നിന്റെ രാജ്യഭരണത്തിൽ ചില ദോഷങ്ങൾ ഉള്ളതായി ഞാൻ കാണുന്നു. പാതാളലോകത്തിൽനിന്നു വന്ന പാമ്പുകൾ ഈ തപോവനത്തിലുള്ള മുനികുമാരന്മാരെ കടിച്ചുകൊല്ലുകയും തടാകജലത്തെ വിഷംകൊണ്ടു ദൂഷിപ്പിക്കുകയും ചെയ്യുന്നു. തപസ്സിനു വിഘ്നമുണ്ടാക്കുന്ന ഈ മാതിരി ദുഷ്പ്രവൃത്തികൾ നിന്റെ അച്ഛന്റേയും മുത്തച്ഛന്റേയും രാജ്യഭരണകാലത്തു നാട്ടിലൊരേടത്തും നടന്നതായി കണ്ടിട്ടും കേട്ടിട്ടുമില്ല. ഇതിനുള്ള

കാരണം രാജാവിന്റെ ദോഷമല്ലാതെ മറ്റൊന്നാവാൻ മാർഗ്ഗമില്ല. നീ മനസ്സിരുത്താഞ്ഞിട്ടോ മതിമറന്നിട്ടോ രാജധർമ്മത്തിൽനിന്നു പിഴച്ചു പ്രവർത്തിക്കുന്നുണ്ടായിരിക്കണം. നാട്ടിൽ നടക്കുന്ന സംഭവങ്ങളെ ചാരന്മാരാകുന്ന ചക്ഷുസ്സുകളെക്കൊണ്ടു കണ്ടറിവാനുള്ള സാമർത്ഥ്യവും നിനക്ക് ഇല്ലെന്നു തോന്നുന്നു. അല്ലെങ്കിൽ, നീ ഈ തപോവനത്തിലെ മുനിപുത്രന്മാർ വിഷംതീണ്ടി അപമൃത്യുവിനെ പ്രാപിക്കുന്ന വർത്തമാനം ഇതേവരെ അറിയാതിരുന്നതെങ്ങിനെ? സർപ്പങ്ങളെ ശാപാഗ്നിയിൽ ദഹിപ്പിക്കുവാനുള്ള ശക്തി മുനിജനങ്ങൾക്കുണ്ട്. എന്നാൽ അപ്രകാരം ചെയ്യാനുള്ള അധികാരം അവർക്കില്ല. പ്രജകൾക്കുണ്ടാകുന്ന പീഡകളെ പരിഹരിച്ചുകൊടുക്കുന്നതു രാജാവിന്റെ ചുമതലയാണല്ലൊ. അതിനാൽ, നീ കഴിയുന്നതു വേഗത്തിൽ ഇവിടെ വന്നു താപസന്മാർക്കു നേരിട്ടിട്ടുള്ള ഈ സർപ്പഭയത്തെ ഇല്ലാതാക്കുക. സ്വധർമ്മം നേരെ നടത്താത്ത ഭൂപതിക്കു സിംഹാസനത്തിലിരുന്നു സുഖിപ്പാനുള്ള യോഗ്യതയില്ല."

ഇപ്രകാരം തന്റെ പിതാമഹി പറഞ്ഞയച്ച സന്ദേശം കേട്ട് അത്യന്തം ലജ്ജിതനായ മരുത്തൻ തന്നെത്താൻ പഴിച്ചുംകൊണ്ട് അമ്പുനിറച്ച ആവനാഴിയും വില്ലുമേന്തി സന്ദേശഹരനായ താപസന്റെ പിന്നാലെതന്നെ അരണ്യത്തിലേയ്ക്കു പുറപ്പെട്ടു. ഔർവ്വാശ്രമത്തിൽ ചെന്നെത്തിയ ഉടനെ അദ്ദേഹം തന്റെ പിതാമഹിയേയും മറ്റു താപസജനങ്ങളേയും പ്രണമിച്ച് അവരോടു ക്ഷമായാചനം ചെയ്തു. അതിന്റെശേഷം അദ്ദേഹം അവരുടെ എല്ലാവരുടേയും അനുഗ്രഹം വാങ്ങി അവർക്കു നേരിട്ടിട്ടുള്ള ആപത്തിനെ

അകറ്റുവാനുള്ള ഒരുക്കങ്ങൾ തുടങ്ങി. സപ്പ്ദംശം നിമിത്തം മൃതന്മാരായി കിടന്നിരുന്ന മുനികുമാരന്മാരെ കണ്ടു പരിതപ്തചിത്തനായ അദ്ദേഹം നാഗലോകത്തിലുള്ള പാമ്പുകളെ മുഴുവനും കൊന്നൊടുക്കുവാനുള്ള നിശ്ചയത്തോടുകൂടി വളരെ ശക്തിയുള്ള ഒരു ആഗ്നേയാസ്ത്രം എടുത്തു തൊടുത്തു.

ആ അസ്ത്രത്തിന്റെ അത്യുഗ്രമായ ശക്തികൊണ്ടു പാതാളലോകം മുഴുവനും ദഹിച്ചുതുടങ്ങി. അവിടെയുണ്ടായിരുന്ന സർപ്പങ്ങളെല്ലാം ജീവനെ രക്ഷിക്കുവാൻ മാർഗ്ഗമൊന്നുമില്ലാതെ അങ്ങുമിങ്ങും ഉഴന്നോടിത്തുടങ്ങി. ഒടുവിൽ അവയിൽ ചിലതു മരുത്തന്റെ മാതാവിനെ ശരണം പ്രാപിക്കുകയും മരണഭയത്തിൽനിന്നു തങ്ങളെ രക്ഷിക്കണമെന്ന് അപേക്ഷിക്കുകയുംചെയ്തു. വാനപ്രസ്ഥാശ്രമം സ്വീകരിച്ചു തപസ്സുചെയ്യുംകൊണ്ടിരുന്ന മരുത്തമാതാവു പന്നഗങ്ങളുടെ കഷ്ടസ്ഥിതി കണ്ടു കരളലിഞ്ഞ് അവയുടെ നേരെ അസ്ത്രപ്രയോഗം തുടരുന്ന പുത്രനെ പിൻവലിപ്പിക്കാമെന്നുള്ള വിചാരത്തോടുകൂടി അവയ്ക്ക് അഭയപ്രദാനംചെയ്തു.

അതിന്റെശേഷം ആ തപസ്വിനി പുത്രന്റെ അസ്ത്രത്താൽ അനുധാവനം ചെയ്യപ്പെടുന്ന സർപ്പങ്ങളോടുകൂടി തന്റെ പതിയായ ആവിക്ഷിത്തിന്റെ അടുക്കൽ ചെന്നു പറഞ്ഞു:— 'നമ്മുടെ പുത്രന്റെ അസ്ത്രത്താൽ പിഡിപ്പിക്കപ്പെട്ട ഈ പന്നഗങ്ങൾ എന്നെ ശരണംപ്രാപിച്ചിരിക്കുന്നു. അതിനാൽ അങ്ങുന്ന് അവയുടെ പ്രാണനെ രക്ഷിച്ചുകൊടുക്കേണ്ടതാണ്. മരുത്തനെ അസ്ത്രപ്രയോഗത്തിൽനിന്നു പിൻവലിപ്പിക്കുവാൻ ശ്രമിക്കുക.' പതിയുടെ വാക്കുകേട്ട് ആവിക്ഷിത്ത് പറഞ്ഞു:— 'ശരണാഗതന്മാരെ രക്ഷിക്കുന്നതു വാനപ്രസ്ഥന്റെ കൃത്യമല്ലെങ്കിലും ക്ഷത്രിയ

ന്റെ ജാതിധർമ്മമാണ്. അതിനാൽ, ഈ സപ്പുങ്ങൾക്കു കഴിയുന്ന സഹായം നല്കുവാൻ ഞാനും ഒരുക്കമാണ്. എന്നാൽ, തക്കതായ കാരണംകൂടാതെ കോപിക്കാത്ത മരുത്തന് ഇവ ചെയ്തിട്ടുള്ള അപരാധം എന്താണെന്നറിയാതെ അവന്റെ ക്രോധത്തെ ശമിപ്പിക്കാമെന്നു ഭവതി കയ്യേറ്റതു കുറച്ചു് അവിവേകമായിപ്പോയി. എങ്കിലും ഞാൻ ഭവതിയുടെ വാക്കിനേയും പന്നഗങ്ങളുടെ പ്രാണനേയും രക്ഷിപ്പാൻ പ്രയത്നിച്ചുനോക്കാം.' ഇപ്രകാരം പറഞ്ഞ് അദ്ദേഹം ആത്രേയാണത്തിന്നായി വേണ്ടിവരുന്നപക്ഷം പുത്രന്റെ നേരെതന്നെ അസ്ത്രപ്രയോഗം ചെയ്യാനുള്ള ഒരുക്കത്തോടുകൂടി വില്ലുമമ്പും കയ്യിലെടുത്തു പത്നിയോടുകൂടി മകന്റെ അടുക്കലേയ്ക്കു പുറപ്പെട്ടു.

ആവിക്ഷിത്ത് ഔവ്വാശ്രമത്തിൽ എത്തിയപ്പോഠം മരുത്തൻ കാമ്മുകവും കയ്യിലേന്തി കടുംകോപംകൊണ്ടുജ്ജ്വലിക്കുന്ന മുഖത്തോടുകൂടി, തൊട്ടതെല്ലാം വെണ്ണീറാക്കുന്ന ആഗ്നേയാസ്ത്രങ്ങളെ തുടരെത്തുടരെ തൊടുത്തുവിട്ടുംകൊണ്ടു നില്ക്കുകയായിരുന്നു. പാതാളലോകമാസകലം ഭസ്മമാക്കുവാൻ ഒരുമ്പെട്ടു നിന്നിരുന്ന ആ ക്ഷത്രിയനോട്, ആവിക്ഷിത്ത് പറഞ്ഞു: — 'അല്ലേ, മരുത്താ, നീ ഇങ്ങിനെ കോപിക്കുവാനുള്ള കാരണം എന്താണ്? അഗ്നിരാശിയെ വമിച്ചു ദിങ്മുഖമെല്ലാം ദഹിപ്പിക്കുന്ന നിന്റെ അസ്ത്രങ്ങളെ പ്രതിസംഹരിക്കുക.'

മാതാപിതാക്കന്മാരെ കണ്ട ഉടനെ മരുത്തൻ വിനയപുരസ്സരമാകുംവണ്ണം അവരെ പ്രണമിച്ചു. അതിന്റെശേഷം അവൻ തന്റെ അച്ഛൻ പറഞ്ഞതിന്നു മറുപടിയായി പറഞ്ഞു.

മരുത്തൻ— പാതാളലോകത്തിലുള്ള പാമ്പുകൾ എനിക്കു ചെയ്തിട്ടുള്ള അപരാധം ഒട്ടും ക്ഷന്തവ്യമല്ല. ഞാനാണ് ഈ നാട്ടു വാഴുന്നതെന്നോർക്കാതെ അവ ഈ തപോവനത്തിൽ കടന്നുവന്നു മുനികുമാരന്മാരിൽ ഏഴുപേരെ കടിച്ചുകൊന്നു. എന്നുമാത്രമല്ല, അവ തപോവനത്തിലുള്ള ജലാശയങ്ങളെയെല്ലാം തിണ്ടി ദൂഷിപ്പിക്കുകയും താപസജനങ്ങളുടെ ഹവിസ്സിനെ തൊട്ടു നശിപ്പിക്കുകയും ചെയ്തിരിക്കുന്നു. സജ്ജനദ്വേഷികളായ ഈ സർപ്പങ്ങളെ ദണ്ഡിക്കാതിരിക്കുന്നതെങ്ങിനെ? നിരപരാധികളായ താപസജനങ്ങളെ ദംശിക്കുന്ന ഈ ദുഷ്ടജന്തുക്കളെ നിഗ്രഹിക്കാതിരുന്നാൽ എനിക്കു നരകമല്ലേ ഗതി? സജ്ജനങ്ങളെ ഹിംസിക്കുന്ന ഈ വിഷജന്തുക്കളെ ഒട്ടൊഴിയാതെ നശിപ്പിക്കുന്നതിനു മുമ്പായി എന്റെ കോപം ശമിക്കുകയില്ല. പ്രയോഗിച്ച അസ്ത്രത്തെ ഞാൻ പ്രതിസംഹരിക്കുകയുമില്ല.

ആവിക്ഷിത്ത് —ദുഷ്ടന്മാരെ ദണ്ഡിക്കുന്നതു രാജാവിന്റെ ധർമ്മമാണെന്നു ഞാനും സമ്മതിക്കാം. എന്നാൽ ഈ പാമ്പുകൾ എന്നെ ശരണം പ്രാപിച്ചിട്ടുള്ളവയാണ്. അതുകൊണ്ടാണ് ഞാൻ നിന്നോട് അവയെ കൊന്നൊടുക്കാതിരിപ്പാൻ ആവശ്യപ്പെട്ടതു്. ഞാൻ ഇവയ്ക്കു് അഭയപ്രദാനം ചെയ്തുപോയി. എന്റെ പ്രതിജ്ഞയെ പാലിക്കുവാനായിട്ടെങ്കിലും നിന്റെ അസ്ത്രങ്ങളെ പിൻവലിക്കുക.

മരുത്തൻ—ശരി. മറ്റൊരാളുടെ പ്രതിജ്ഞയെ പാലിക്കുവാനായി ഞാൻ ഇവയെ വിട്ടയച്ചാൽ എന്റെ സ്വധർമ്മത്തെ ആർ രക്ഷിക്കും? അപരാധികളെ ദണ്ഡിക്കാതെ

വിട്ടയക്കുന്ന രാജാവ് നരകത്തിൽ പതിക്കുമെന്നല്ലെ ധർമ്മശാസ്ത്രം പറയുന്നത്?

ആവിക്ഷിത്ത് പലപ്രാവശ്യം പറഞ്ഞുനോക്കി. എന്നിട്ടും മരുത്തൻ പ്രയോഗിച്ച അസ്ത്രത്തെ പിൻവലിപ്പാൻ കൂട്ടാക്കിയില്ല. ശരണാഗതന്മാരെ രക്ഷിപ്പാൻ മാർഗ്ഗമൊന്നുമില്ലെന്ന് ആവിക്ഷിത്തിന് തോന്നിത്തുടങ്ങി. അദ്ദേഹം കോപംപൂണ്ട് പുത്രനോടു പറഞ്ഞു:

ആവിക്ഷിത്ത് — മരണഭയംകൊണ്ട് എന്നെ ശരണംപ്രാപിച്ചിട്ടുള്ള ഈ പാമ്പുകളെ കൊല്ലരുതെന്ന് ഞാൻ എത്രതന്നെ പറഞ്ഞിട്ടും നീ കൂട്ടാക്കുവാൻ ഭാവമില്ല. ഞാൻ ചെയ്യ പ്രതിജ്ഞയെ രക്ഷിക്കാതിരിപ്പാൻ എനിക്കു നിവൃത്തിയില്ല. പുത്രൻ ശത്രുവായി ചമഞ്ഞാൽ അവനോടു പോരാടുന്നതിൽ അധർമ്മശങ്കയുമില്ല. അസ്ത്രവിദ്യയിൽ നിനക്കുള്ളതുപോലെ പാടവം എനിക്കും ഉണ്ടോ എന്ന് ഞാനൊന്നു നോക്കട്ടെ.

ഇപ്രകാരം പറഞ്ഞ് ആവിക്ഷിത്ത് മരുത്തനോട് യുദ്ധംചെയ്വാൻ ഒരുങ്ങിനിന്നു. രാജധർമ്മം നടത്തുവാനായി വില്ലെടുത്ത മരുത്തന്ന് അച്ഛന്റെ നേരെ എതിർക്കാതെ സ്വകൃത്യം സാധിപ്പാൻ ശക്യമല്ലെന്നു വന്നുകൂടി. എങ്കിലും മരുത്തൻ സ്വകർത്തവ്യത്തിൽനിന്നു പിൻവലിച്ചില്ല. ശത്രുവായിട്ടുള്ള ജനകനോട് ക്ഷമായാചനംചെയ്യ് അവനും യുദ്ധത്തിന്നൊരുങ്ങി.

ഇങ്ങിനെ ദുഷ്ടബന്ധനത്തിന്നായി പുത്രനും ശരണാഗതരക്ഷണത്തിന്നായി പിതാവും പരസ്പരം പൊരുതുവാൻ ഒരുമ്പെട്ടത് കണ്ട് ആ അരണ്യത്തിലുള്ള താപസജനങ്ങളെല്ലാവരും അത്യന്തം പരിഭ്രമിച്ചു. ദുഷ്ടമായ ധർമ്മശ്രദ്ധ

യോട്ടുകൂടിയ ആ രണ്ടു ക്ഷത്രിയന്മാരിൽ ആരേയും പിൻവലിപ്പിക്കുവാൻ അവക്കു കഴിഞ്ഞില്ല. ഒടുവിൽ തപശ്ശക്തിയുള്ള ചില മഹർഷിമാർ പാമ്പുകടിച്ചു മരിച്ച മുനികുമാരന്മാരെ തങ്ങൾ മന്ത്രൌഷധങ്ങളെക്കൊണ്ട് പുനരുജ്ജീവിപ്പിച്ചുകൊള്ളാമെന്ന് ഏറ്റുപറയുകയും അച്ഛനും മകനും കൂടി അപ്രകാരം യുദ്ധത്തിന്നൊരുങ്ങരുതെന്ന് അപേക്ഷിക്കുകയും ചെയ്തു.

മഹർഷിമാരുടെ അപേക്ഷയെ അനുസരിച്ച് മരുത്തൻ കുറച്ചുനേരത്തേക്ക് യുദ്ധം നിർത്തിവെച്ചു. അപ്പോഴേയ്ക്കും മഹർഷിമാർ മൃതന്മാരായി കിടന്നിരുന്ന മുനിപുത്രന്മാരെ ജീവിപ്പിച്ചു. അതോടുകൂടി മരുത്തൻ തന്റെ ആഗ്നേയാസ്ത്രത്തെ പ്രതിസംഹരിച്ചു. പന്നഗങ്ങൾ നിർഭയങ്ങളായതോടുകൂടി ആവിക്ഷിത്ത് ശാന്തകോപനായി. മരുത്തന്റെ മാതാവും പിതാമഹിയും മറ്റു മുനിജനങ്ങളും അവന്റെ ധർമ്മശ്രദ്ധയേയും ധൈര്യത്തേയും വളരെ പ്രശംസിക്കുകയുംചെയ്തു.

---

൯. സൌഭരിചരിതം.

പണ്ടൊരു കാലത്ത് സൌഭരി എന്നു പേരായ ഒരു മഹർഷി പതിനായിരംകാലം വെള്ളത്തിന്നുള്ളിൽ മുങ്ങി മൌനം ദീക്ഷിച്ച് തപസ്സു ചെയ്വാനായി ഒരു തടാകത്തിന്റെ അന്തർഭാഗത്തിലേക്ക് പ്രവേശിച്ചു. ആ തടാകത്തിൽ സമ്മതൻ എന്നു പേരായി വലിയൊരു മത്സ്യം ഉണ്ടായിരുന്നു. ആ മത്സ്യം ഭാര്യയോടും അസംഖ്യം കുട്ടികളോടും അവയുടെ കുഞ്ഞുങ്ങളോടുംകൂടി വിനോദിച്ചുംകൊണ്ട് വളരെ സുഖമായിട്ടാണ് കാലം കഴിച്ചുകൂട്ടിയിരുന്നത്. കുറെക്കാലം

ഏകാഗ്രചിത്തനായി തപസ്സു ചെയ്തിരുന്ന സൌഭരി ആ മത്സ്യത്തിന്റെ ദാമ്പത്യസുഖം കണ്ട്, അഭിലാഷം പൂണ്ട്, ഒരുനാൾ ഇങ്ങിനെ ആലോചിച്ചു:—"ഈ മത്സ്യം കേവലം ഒരു ജലജന്തുവാണെങ്കിലും പുത്രപൌത്രാദികളായ ബന്ധുവർഗ്ഗത്തോടുകൂടി എത്രവളരെ സന്തോഷത്തോടെ ജീവിതം നയിക്കുന്നു! ഞാനും ഈ തപസ്സുപേക്ഷിച്ചു, വേളി കഴിച്ചു പുത്രകളത്രാദികളിലുള്ള സുഖത്തെ കുറച്ചുകാലം അനുഭവിച്ചുനോക്കട്ടെ'.. ഇപ്രകാരം ആലോചിച്ചുറച്ച് അദ്ദേഹം വിവാഹം ചെയ്തു ഗൃഹസ്ഥവൃത്തി സ്വീകരിപ്പാനുള്ള ഉദ്ദേശത്തോടുകൂടി തപസ്സു നിർത്തി തടാകത്തിൽനിന്നു മുകളിലേയ്ക്കു കയറി.

കല്യാണം കഴിപ്പാൻ ഒരു കന്യകയെ ആവശ്യപ്പെട്ടുംകൊണ്ടു സൌഭരിമഹർഷി മാന്ധാതാവ് എന്നു പേരായ മഹാരാജാവിന്റെ അടുക്കൽ ചെന്നു. മാന്ധാതാവിന്ന് അമ്പതു പുത്രിമാർ ഉണ്ടായിരുന്നു. എങ്കിലും വൃദ്ധനായിരുന്ന ആ മഹർഷിക്ക് ഒരു കന്യകയെ കൊടുപ്പാൻ അദ്ദേഹത്തിന്നു മനസ്സു വന്നില്ല. മഹർഷിയുടെ ശാപത്തെ ഭയപ്പെട്ടിരുന്ന അദ്ദേഹം തന്റെ മകളെ കൊടുപ്പാൻ തനിക്കു മനസ്സില്ലെന്നു തുറന്നു പറയുവാൻ ധൈര്യപ്പെട്ടതുമില്ല. ഇങ്ങിനെ എന്താണ് ചെയ്യേണ്ടത് എന്നറിയാതെ വിഷണ്ണനായ മാന്ധാതാവു കുറച്ചുനേരം മിണ്ടാതിരുന്നാലോചിച്ചശേഷം മഹർഷിയോട് ഇങ്ങിനെ മറുപടി പറഞ്ഞു.

മാന്ധാതാവ് —ഭഗവൻ, മഹർഷേ, അങ്ങുന്ന് എന്റെ അടുക്കൽ വന്ന് ഒരുപേക്ഷ ചെയ്യുക എന്നത് ഏറ്റവും ആശ്ചര്യകരമായ ഒരു സംഗതിയാണ്. അത് എനിക്ക് അത്യന്തമായ അഭിമാനത്തെ ഉളവാക്കുന്നതുമുണ്ട്. എ

ന്നാൽ കന്യകയെ ദാനം ചെയ്യുന്ന കാര്യത്തിൽ ഞങ്ങളുടെ തറവാട്ടിൽ പണ്ടുകാലമുതല്ക്ക് നടപ്പുള്ള ഒരു നിയമം ഉണ്ട്. ഞങ്ങളുടെ വംശത്തിൽ ജനിച്ച ഒരു കന്യക ഏതൊരു പുരുഷനെയാണോ തൻറെ പതിയായി വരിക്കുന്നത്, അവനാണ് ഞങ്ങൾ അവളെ കൊടുക്കുക. ഈ നിയമത്തെ ലംഘിച്ചു നടക്കുവാൻ എനിക്കു നിവൃത്തിയില്ല. എൻറെ അയ്മ്പതു പുത്രിമാരിൽ ആരെങ്കിലും അങ്ങയെ ഭർത്താവായി വരിക്കുമെങ്കിൽ അവളെ അങ്ങയ്ക്കു ദാനം ചെയ്യാൻ എനിക്കു വിരോധമില്ല.

സൌഭരി—രാജൻ, ലോകത്തിൽ വേറെയും അനേകം രാജാക്കന്മാർ ഉണ്ട്. അവക്കെല്ലാവക്കും പെൺകുട്ടികളും ഉണ്ട്. എങ്കിലും ഞാൻ അവരുടെ അടുക്കലേയ്ക്കു പോകുവാൻ ആലോചിച്ചതുപോലുമില്ല. അങ്ങയുടെ അടുക്കൽ വന്നപേക്ഷിക്കുന്നവക്ക് ആവശ്യപ്പെട്ടതു കിട്ടാതെ വരികയില്ലെന്നു നല്ല നിശ്ചയമുള്ളതുകൊണ്ടാണ് ഞാൻ ഇങ്ങോട്ടുതന്നെ പോന്നത്. അയ്മ്പതു പുത്രിമാരുള്ളതിൽ ഒരുവളെയെങ്കിലും എനിക്കു തരുവാൻ അങ്ങയ്ക്കു സ്വാതന്ത്ര്യമില്ലെങ്കിൽ അവരിൽ ആർക്കെങ്കിലും എന്നെ സ്വയംവരിക്കുവാൻ ഇഷ്ടമുണ്ടോ എന്നുകൂടി ഞാനൊന്നു പരീക്ഷിച്ചുനോക്കിക്കളയാം. കന്യകമാരുടെ അന്തഃപുരത്തിലേയ്ക്കു കടന്നു ചെല്ലുവാൻ എനിക്ക് അനുവാദം നല്കുക. അതിനുള്ള അധികാരം അങ്ങയ്ക്ക് ഉണ്ടല്ലോ.

മാന്ധാതാവു കന്യാന്തഃപുരത്തിലേയ്ക്കു പ്രവേശിച്ചുകൊള്ളുവാൻ മഹർഷിക്കു സമ്മതം കൊടുത്തു. അളവറ്റ തപശ്ശക്തി സമ്പാദിച്ചിട്ടുണ്ടായിരുന്ന സൌഭരി സുന്ദരമായ ഒരു ദിവ്യകളേബരം സ്വീകരിച്ച് അന്തഃപുരത്തിലേയ്ക്കു

പ്രവേശിച്ചു. രാജപുത്രിമാർ എല്ലാവരും ആ മഹർഷിയുടെ ദിവ്യസൌന്ദര്യ്യംകണ്ട് മോഹിച്ചുപോയി. അവരെല്ലാവരും അദ്ദേഹത്തെ പതിയായി വരിച്ചു. ഒടുവിൽ മാന്ധാതാവിന്ന് തന്റെ അയ്മ്പതു പുത്രിമാരേയും സൌഭരിമഹർഷിക്കു ദാനംചെയ്യേണ്ടിവന്നു. സൌഭരി അവരെയെല്ലാം വിധിപ്രകാരം വിവാഹംചെയ്തു അവരോടുകൂടി അരണ്യത്തിലുള്ള തന്റെ ആശ്രമത്തിലേക്കു മടങ്ങിപ്പോവുകയുംചെയ്തു.

അവിടെ ചെന്നെത്തിയ ശേഷം അദ്ദേഹം ഗൃഹനിർമ്മാണത്തിൽ നിപുണന്മാരായ ശില്പികളെ വിളിച്ച് തന്റെ അയ്മ്പതു ഭാര്യ്യമാക്കും പ്രത്യേകം പ്രത്യേകം ഓരോ പ്രാസാദം പണിതീർക്കുവാൻ പറഞ്ഞേല്പിച്ചു. അവർ പ്രത്യേകം ഓരോ പൂങ്കാവ്, ക്രീഡാസരസ്സ് മുതലായ സൌകര്യ്യങ്ങളോടും സുഖോപകരണങ്ങളോടും കൂടി മനോഹരങ്ങളായ അയ്മ്പതു മന്ദിരങ്ങളും നിർമ്മിച്ചു. അവയിലെല്ലാറ്റിലും സൌഭരിമഹർഷി തന്റെ തപശ്ശക്തികൊണ്ട് സുഖജീവിതത്തിന്നു വേണ്ടുന്ന സകല സാമഗ്രികളേയും നിഷ്പ്രയാസം സൃഷ്ടിച്ചു. അതിന്റെ ശേഷം അദ്ദേഹം തന്റെ പത്നിമാരിൽ ഓരോരുത്തിയേയും ഓരോ ഗൃഹത്തിൽ താമസിപ്പിച്ചു. താമരസപുഷ്പങ്ങളും നിറഞ്ഞുനില്ക്കുന്ന തടാകങ്ങളിൽ ഹംസകൂജനം കേട്ടുകൊണ്ടു സ്നാനംചെയ്യുകൊണ്ടും പുഷ്പവൃക്ഷങ്ങളുംകൊണ്ടു പൂണ്ടുങ്ങളായ ആരാമങ്ങളിൽ ക്രീഡിച്ചുകൊണ്ടും മധുരങ്ങളും ഹൃദ്യങ്ങളുമായ ഭോജ്യപേയാദികളും ഇഷ്ടംപോലെ അനുഭവിച്ചുകൊണ്ടും ജീവിതം നയിച്ചുതുടങ്ങിയ രാജപുത്രിമാർ തങ്ങളൊരു ആരണ്യകനെയാണ് പതിയായി വരിച്ചതെന്നുള്ള വാസ്തവം അറിഞ്ഞതേയില്ല.

ഇങ്ങിനെയിരിക്കുമ്പോൾ ഒരിക്കൽ മാന്ധാതാവു പൂ

ത്രിമാരെ കണ്ടുവരുവാനായി കാട്ടിലേയ്ക്കു പുറപ്പെട്ടു; അവർ സുഖമായി കാലം നയിക്കുന്നുണ്ടോ അതോ ദുഃഖം അനുഭവിച്ചുംകൊണ്ടാണോ നാൾ കഴിച്ചുകൂട്ടുന്നത് എന്നിങ്ങിനെ ആലോചിച്ചുംകൊണ്ട് അദ്ദേഹം ജാമാതാവിന്റെ ആശ്രമദേശത്തെയ്ക്ക് അടുത്തപ്പോൾ അവിടെ സ്ഥടികമണികൊണ്ടു പണിതീർത്തിട്ടുള്ള അനേകം പ്രാസാദങ്ങൾ നിരയായി നില്ക്കുന്നതു കണ്ടു. അദ്ദേഹം കൌതുകാവിഷ്ടനായി അവയിലൊന്നിലേയ്ക്കു കയറിച്ചെന്നപ്പോൾ ആ ഗൃഹത്തിന്റെ നായികയായി കണ്ടതു തന്റെ പുത്രിമാരിൽ ഒരുവളെയായിരുന്നു. അല്പനേരം അദ്ദേഹം ആശ്ചര്യംകൊണ്ടു സ്തബ്ധനായി നിന്നുപോയി. അപ്പോഴയ്ക്കും ആ ഋഷിപതി പിതാവിനെ സൽക്കരിച്ചിരുത്തി. മാന്ധാതാവു പുത്രിയുടെ ഭാഗ്യം കണ്ട് ആനന്ദബാഷ്പം പൊഴിച്ചുംകൊണ്ട് അവളോടു ചോദിച്ചു.

മാന്ധാതാവ് — വത്സേ, നിനക്കു സുഖംതന്നെയല്ലേ? സമ്പത്തു ധാരാളമുണ്ടെങ്കിലും സ്നേഹമില്ലെങ്കിൽ സുഖമുണ്ടാവുകയില്ല. അതിനാൽ പതിയുടെ പ്രേമമാണ് ഒരു സ്ത്രീയുടെ സുഖത്തിനുള്ള പ്രധാനകാരണം. നിന്റെ ഭർത്താവു നിന്നോടു പെരുമാറുന്നതു സ്നേഹത്തോടുകൂടിതന്നെയല്ലേ? സമ്പത്തുകൊണ്ടു നോക്കുന്നതായാൽ നിന്റെ ഗൃഹം നിന്റെ പിതൃഗൃഹത്തെ അതിശയിക്കുന്നതായി തോന്നുന്നുണ്ട്. എന്നാൽ, അത്രമാത്രംകൊണ്ടു നിനക്കു മനസ്സന്തോഷമുണ്ടെന്നു തീർച്ചയാക്കുവാൻ പാടില്ലല്ലോ.

രാജപുത്രി — അച്ഛാ, എനിക്കു സുഖമായി ജീവിപ്പാൻ വേണ്ടുന്ന സകല സാമഗ്രികളും ഇവിടെ ഉണ്ട്. എന്റെ

ഭർത്താവ് എന്നെ അത്യന്തം സ്നേഹിക്കുന്നതുമുണ്ട്. എന്നാൽ ഒരു സങ്കടം എന്റെ ഹൃദയത്തെ പലപ്പോഴും പരിതപിപ്പിക്കുന്നുണ്ട്. അത്, എന്റെ പ്രാണവല്ലഭൻ എന്നെ സ്നേഹിക്കുന്നതുപോലെതന്നെ എന്റെ സോദരിമാരെ സ്നേഹിക്കുന്നില്ലല്ലൊ എന്നുള്ള വ്യസനമാണ്. അദ്ദേഹം എല്ലായ്പോഴും ഈ ഗൃഹത്തിൽതന്നെയാണിരിക്കാറുള്ളത്; അദ്ദേഹം എന്നെ വിട്ടുപിരിഞ്ഞുപോകുന്ന സമയം വളരെ കുറയും. ഈ ഒരു സംഗതിമാത്രം എന്നെ ഇടയ്ക്കിടയ്ക്കു ദുഃഖിപ്പിക്കുന്നു.

മാന്ധാതാവ് മറ്റൊരു മകളുടെ മാളികയിലേയ്ക്കു പോയി. അതും മുമ്പിൽ കണ്ടതുപോലെ സമ്പത്തുകൊണ്ടു സമ്പൂർണ്ണമായിരുന്നു. അതിൽ വസിച്ചിരുന്ന മുനിപത്നി അദ്ദേഹത്തോടു പറഞ്ഞ വർത്തമാനവും അദ്ദേഹം മുമ്പൊരു മകളുടെ മുഖത്തിൽനിന്നു കേട്ടതുതന്നെയായിരുന്നു. ഇങ്ങിനെ അമ്പതു പുത്രിമാരുടെ ഗൃഹങ്ങളിലും അദ്ദേഹം ചെന്നു നോക്കി. അവരുടെ വർത്തമാനം മുഴുവനും മനസ്സിലായതോടുകൂടി അദ്ദേഹത്തിന്റെ ഉള്ളിൽ എന്തെന്നില്ലാത്ത ഒരു സന്തോഷവും ആശ്ചര്യവും ഉണ്ടായി. അദ്ദേഹം തന്റെ ജ്യേഷ്ഠമാതാവായ സൌഭരിയുടെ സമീപത്തു ചെന്നു പറഞ്ഞു.

മാന്ധാതാവ് — മുനേ, അങ്ങയെപ്പോലെ തപസ്സിദ്ധിയുള്ള മറ്റൊരുവനെ ഞാൻ കണ്ടിട്ടില്ല. ഏതൊരു രാജാവിന്റെ സമ്പത്തും അങ്ങയുടെ തപശ്ശക്തികൊണ്ടു സൃഷ്ടിക്കാവുന്നതിനു സമമല്ല. ഗൃഹസ്ഥധർമ്മം അനുഷ്ഠിപ്പാനുള്ള ശക്തിയും ദാമ്പത്യസുഖം അനുഭവിപ്പാനുള്ള യോഗ്യതയും അങ്ങയ്ക്കുള്ളതുപോലെ വേറെ അനേകം ആളുകൾക്കുണ്ടെന്ന് എനിക്കു തോന്നുന്നില്ല. എന്റെ പുത്രിമാ

രെ അങ്ങയ്ക്ക നല്ലവാനുള്ള ഭാഗ്യം എനിക്കു സിദ്ധിച്ചുവല്ലൊ എന്നു വിചാരിച്ചു ഞാൻ ഇപ്പോൾ അനുഭവിക്കുന്ന ആനന്ദവും ചാരിതാർത്ഥ്യവും ഇത്രയാണെന്നു പറഞ്ഞറിയിക്കുവാൻ മനുഷ്യരുടെ മൊഴിക്കു ശക്തിയില്ല.

ഇപ്രകാരം പറഞ്ഞ് മാന്ധാതാവ് പുത്രിമാരുടെ ഗൃഹങ്ങളിൽ കുറച്ചുകാലം സുഖമായി താമസിച്ചു. അതിന്റെ ശേഷം അദ്ദേഹം സന്തുഷ്ടചിത്തനായി സ്വരാജധാനിയിലേക്ക് മടങ്ങിപ്പോയി. സൌഭരിമഹർഷി അപ്രകാരം പതിമാരോടുകൂടി ദാമ്പത്യസുഖം അനുഭവിച്ചുകൊണ്ടിരുന്നു. അങ്ങിനെ കുറെക്കാലം കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്ന് അയ്മ്പതു ഭാര്യമാരിലുംകൂടി നൂറയ്മ്പതു പുത്രന്മാർ പിറന്നു. മഹർഷി അവരെയെല്ലാം അത്യന്തവാത്സല്യത്തോടെ ലാളിച്ചു വളർത്തിക്കൊണ്ടിരുന്നു.

സാധാരണമനുഷ്യർക്കെന്നപോലെ സൌഭരിമഹർഷിക്കും സുഖങ്ങൾ അനുഭവിക്കുംതോറും അവയിലുള്ള ആസക്തി വർദ്ധിച്ചുവന്നതേയുള്ളു. "എന്റെ പുണ്യഫലങ്ങളും ഭാഗ്യസമ്പത്തുമായ ഈ പ്രിയ ശിശുക്കൾ എപ്പോഴാണ് നടന്നുതുടങ്ങുക? എന്നാണ് ഇവരുടെ കിളിക്കൊഞ്ചലൊത്ത മധുരമൊഴി എന്റെ കർണ്ണങ്ങളെ കുളിപ്പിക്കുക? ഏതൊരു കാലത്താണ് ഇവർ യൌവനം പ്രാപിച്ച് വിവാഹംചെയ്ത് എന്നെപ്പോലെ ദാമ്പത്യസുഖം അനുഭവിച്ചുകാണ്മാനിടവരിക? ഇവർക്കുംകൂടി സന്താനങ്ങളുണ്ടായികാണ്മാൻ എനിക്കു സംഗതിവരില്ലെ?" എന്നിപ്രകാരം നദിപ്രവാഹംപോലെ തടസ്ഥമില്ലാതെ മേൽക്കുമേൽ ഉണ്ടായിക്കൊണ്ടിരുന്ന മനോരഥപരമ്പരകൾ ആ മഹർഷിയെപ്പോഴും ദിവാനിശം ദുഃഖിപ്പിച്ചുകൊണ്ടിരുന്നു.

ഒടുവിൽ സൌഭരിക്കു വിരക്തിയുണ്ടായി. അദ്ദേഹം ഇങ്ങിനെ വിചാരിച്ചു:— "മനുഷ്യന്റെ മനോരഥങ്ങൾക്ക് അവസാനമില്ല. ഒരു മനോരഥം ഫലിച്ചാൽ അതിൽനിന്നു പുതുതായി പത്തെണ്ണം പൊട്ടിപ്പുറപ്പെടും. ഗൃഹസ്ഥാശ്രമത്തിൽനിന്നു ഞാൻ പഠിച്ച പാഠം ഇതാണ്. മത്സ്യത്തിന്റെ ദാമ്പത്യസുഖം കണ്ട്, അഭിലാഷം പൂണ്ടു ദാരപരിഗ്രഹം ചെയ്തതിന്റെ ഫലമായി കിട്ടിയത് അഭിലാഷത്തിന്റെ നിവൃത്തിയല്ല; അളവറ്റ സുഖേച്ഛയും അവിച്ഛേദ്യമായ സംസാരബന്ധവുമാണ്. ആദ്യത്തിൽ എനിക്കു പുത്രന്മാർ ഉണ്ടാവാൻ മാത്രമേ ആഗ്രഹമുണ്ടായിരുന്നുള്ളു. ഇപ്പോൾ പുത്രന്മാക്കും സന്താനമുണ്ടായിക്കാണുമാണ് എന്റെ മനസ്സു കൊതിക്കുന്നത്. ഇനി കുറച്ചു കാലം കഴിയുമ്പോൾ ആ പൌത്രന്മാക്കും മക്കളുണ്ടായിക്കാണുവാൻ എന്റെ മനസ്സിനു മോഹമുണ്ടാവില്ലെ? ഈ അഭിലാഷപരമ്പരയ്ക്ക് അവസാനമെവിടെ? വെള്ളത്തിനുള്ളിൽ ഏകാന്തവാസം ചെയ്ത് ഈശ്വരനെ ഭജിച്ചുകൊണ്ടിരുന്ന ആ ഞാൻ ഇപ്പോൾ സംസാരസാഗരത്തിൽ മുങ്ങി, ആശയാകുന്ന മുതലയുടെ വായിലകപ്പെട്ട്, എന്തെന്നില്ലാതെ കഷ്ടപ്പെടുകയാണു ചെയ്യുന്നത്. ഈ സങ്കടം മുഴുവനും ആ മത്സ്യത്തിന്റെ സഹവാസംകൊണ്ടാണ് എനിക്കുണ്ടായത്. ഇനിമേലിൽ ഞാൻ ഈ മാതിരിയുള്ള ബന്ധങ്ങൾക്ക് അടിപ്പെടുകയില്ല. സർവ്വവും സന്ന്യസിച്ചു പണ്ടത്തെപ്പോലെതന്നെ തപസ്സു തുടങ്ങിക്കളയാം."

ഇപ്രകാരം ആലോചിച്ചുറച്ചു പ്രശാന്തകാമനായ സൌഭരിമഹർഷി പുത്രന്മാരേയും സമ്പത്സമൃദ്ധങ്ങളായ ഗൃഹങ്ങളേയും പരിത്യജിച്ചു പത്നിമാരോടുകൂടി വാനപ്രസ്ഥാ

ശ്രമം സ്വീകരിച്ചു, വന്യവൃത്തി കൈക്കൊണ്ടു വീണ്ടും തപസ്സു തുടങ്ങി. കാലക്രമത്തിൽ അദ്ദേഹം തപശ്ശക്തികൊണ്ടു മനഃശുദ്ധി സമ്പാദിക്കുകയും ഗൃഹസ്ഥവൃത്തിയിലുണ്ടായിട്ടുള്ള പാപങ്ങളെയെല്ലാം ക്ഷയിപ്പിച്ച്, ഒടുവിൽ, പരമമായ സുഖത്തെ പ്രാപിക്കുകയും ചെയ്തു.

---

൪. കുചേലകഥ.

ക്ഷയോന്മുഖമായിരുന്ന ധർമ്മത്തെ രക്ഷിച്ചു നിലനിർത്തുവാനായി വൃഷ്ണികുലത്തിൽ വസുദേവപുത്രനായി അവതരിച്ചു ഗോകുലത്തിൽ ഗോപാലബാലനായി വളർന്ന ശ്രീകൃഷ്ണൻ ബാല്യകാലത്തു വിദ്യാഭ്യാസം ചെയ്തിരുന്നതു സാന്ദീപനിമുനിയുടെ അടുക്കലായിരുന്നു. ശ്രീകൃഷ്ണൻ ഗുരുഗൃഹത്തിൽ വസിച്ചു പഠിച്ചിരുന്ന കാലത്ത് അദ്ദേഹത്തിന്റെ സഖാവും സഹപാഠിയുമായിരുന്ന ഒരു ബ്രാഹ്മണനാണു കുചേലൻ.

കുചേലൻ പ്രകൃത്യാതന്നെ വളരെ ശാന്തനും സുഖാനുഭവങ്ങളിൽ ആസക്തി കുറഞ്ഞവനും ആയിരുന്നു. വലിയൊരു തപജ്ഞാനിയായിരുന്ന ആ വിപ്രവര്യൻ വാസുദേവനൊരുമിച്ചു വിദ്യാഭ്യാസം ചെയ്യുന്ന കാലത്തുതന്നെ ആ ദേവന്റെ മാഹാത്മ്യം മുഴുവനും നല്ലവണ്ണം അറിഞ്ഞിരുന്നു. അതു നിമിത്തം അദ്ദേഹത്തിന്നു ശ്രീകൃഷ്ണന്റെ നേരെ വലിയ ഭക്തിയുമുണ്ടായിരുന്നു. സർവ്വവും അറിയുവാൻ ശക്തിയുള്ള ശ്രീകൃഷ്ണൻ കുചേലന്റെ അന്തരംഗത്തേയും അറിയാതിരുന്നില്ല.

വിദ്യാഭ്യാസം കഴിഞ്ഞശേഷം കുചേലൻ ഗുരുവിന്റെ അനുവാദത്തോടുകൂടി വേളികഴിച്ചു ഗൃഹസ്ഥാശ്രമം സ്വീകരിച്ചു. എന്നാൽ അപ്പോഴും അദ്ദേഹത്തിന്നു ദ്രവ്യസമ്പാദനത്തിൽ വലിയ ആഗ്രഹമോ സുഖാനുഭവത്തിൽ സക്തിയോ ഉണ്ടായിരുന്നില്ല. ആരെങ്കിലും വല്ലതും കൊടുത്താൽ അതുകൊണ്ടു ദിവസവൃത്തി കഴിച്ചുകൂട്ടിക്കൊണ്ടാണ് അദ്ദേഹം ഗൃഹസ്ഥധർമ്മം അനുഷ്ഠിച്ചിരുന്നത്. അതുകാരണം അദ്ദേഹത്തിന്റെ പത്നിക്കു വളരെ ക്ലേശങ്ങളും അനുഭവിക്കേണ്ടിവന്നിരുന്നു. ചിലപ്പോൾ അവൾക്കു വിശപ്പു ശമിപ്പിപ്പാൻ ആഹാരംപോലുമില്ലാതെ പട്ടിണികിടന്നു കഷ്ടപ്പെടേണ്ടിവന്നിരുന്നു. എങ്കിലും അവൾ വളരെ ധർമ്മനിഷ്ഠയും പതിപ്രേമവുമുള്ള ഒരു സതീരത്നമായിരുന്നു. ഉണ്മാനും ഉടുപ്പാനുമില്ലാതെ കഷ്ടപ്പെട്ടിരുന്ന ആ സാദ്ധ്വി ഒരുനാൾ മെലിഞ്ഞു വിളർത്ത മെയ്യോടും വാടിമങ്ങിയ മുഖത്തോടുംകൂടി ഭർത്താവിന്റെ അടുക്കൽ ചെന്നുനിന്നു നെടുവീർപ്പിട്ടുകൊണ്ടു പറഞ്ഞു: — "അല്ലേ പ്രാണനാഥാ, നമ്മൾ എത്രകാലമാണ് ഇങ്ങിനെ ദാരിദ്ര്യദുഃഖം അനുഭവിക്കുക? സാക്ഷാൽ ലക്ഷ്മീദേവിയുടെ വല്ലഭനായ വാസുദേവൻ അങ്ങയുടെ സഖാവാണല്ലൊ. സകല പ്രാണികൾക്കും ശരണ്യനായ അദ്ദേഹം തന്റെ കഴലിണ വണങ്ങി അഭ്യർത്ഥിക്കുന്നവർക്ക് ആത്മാവിനെപ്പോലും കൊടുക്കുമെന്നാണ കേട്ടിട്ടുള്ളത്. ദ്വാരകയിൽ എഴുന്നെള്ളിയിരിക്കുന്ന ആ ഭഗവാനെ അങ്ങുന്നൊന്നു ചെന്നു കാണുക. എന്നാൽ അദ്ദേഹം കുടുംബഭാരംകൊണ്ടു കുഴങ്ങുന്ന അങ്ങയ്ക്ക് ക്ലേശം കൂടാതെ കഴിഞ്ഞുകൂടുവാൻ വേണ്ടുന്നത്ര പണം തരാതിരിക്കയില്ല."

അസഹ്യമായ ദാരിദ്ര്യദുഃഖം അനുഭവിച്ചിട്ടും കുചേലന് പണത്തിൽ കൊതി ഒട്ടും ഉണ്ടായിരുന്നില്ല. എങ്കിലും, ശ്രീകൃഷ്ണനെ കാണ്മാനുള്ള ആഗ്രഹം കലശലായി ഉണ്ടായിരുന്നതുകൊണ്ട് അദ്ദേഹം ദ്വാരകയിലേക്ക് പുറപ്പെടുവാൻ കഷ്ടിച്ച് സമ്മതിച്ചു. തന്റെ സുഹൃത്തായ ആ ഭഗവാന്ന് ഉപഹാരമായി നല്ലവാൻ വല്ലതും കൊണ്ടുപോയാൽ കൊള്ളാമെന്ന് അദ്ദേഹത്തിന്നു തോന്നി. എന്നാൽ അദ്ദേഹത്തിന്റെ ഗൃഹത്തിൽ യാതൊന്നും ഉണ്ടായിരുന്നില്ല. ഒടുവിൽ അദ്ദേഹത്തിന്റെ ഭാര്യ അങ്ങുമിങ്ങും നടന്നിരന്ന് നാലു പിടി നെല്ലു സമ്പാദിച്ച്, അതുകൊണ്ട് അവിൽ ഉണ്ടാക്കി, കല്ലും നെല്ലും നിറഞ്ഞ ആ ഭക്ഷ്യപദാർത്ഥത്തെ ഒരു കീറത്തുണിയിലാക്കിക്കെട്ടി അദ്ദേഹത്തിന്റെ കയ്യിൽ കൊടുത്തു. ഭഗവദ്ഭക്തനായ ആ ബ്രാഹ്മണസത്തമൻ അതുംകൊണ്ട് ദ്വാരകയിലേക്ക് പുറപ്പെട്ടു.

'ദ്വാരകയുടെ അധിപതിയായി വാഴുന്ന വാസുദേവനെ കാണ്മാൻതന്നെ കോട്ട കാക്കുന്ന പാറാവുകാർ എന്നെ അനുവദിക്കുമോ ആവോ?' എന്നിങ്ങിനെ സംശയിച്ചുംകൊണ്ട് കുചേലൻ നടന്ന് നടന്ന് ആ പട്ടണത്തിന്റെ സമീപത്തിലെത്തിയപ്പോഴെയ്ക്കും തീരെ തളർന്നുപോയി. വളരെ പണിപ്പെട്ട് കോട്ടക്കകത്തു കടന്നുചെന്ന് ശ്രീകൃഷ്ണന്റെ മന്ദിരത്തിൽ പ്രവേശിച്ചപ്പോൾ അദ്ദേഹത്തിന്നു ബ്രഹ്മാനന്ദം അനുഭവിച്ചതുപോലെയുള്ള മനസ്സന്തോഷമുണ്ടായി.

പത്നിയൊരുമിച്ച് പയ്യകത്തിൽ സ്ഥിതിചെയ്തിരുന്ന ശ്രീകൃഷ്ണൻ തന്റെ പ്രിയസുഹൃത്തായ വിപ്രശ്രീ വരുന്നത് അകലെനിന്നുതന്നെ കണ്ടറിഞ്ഞ് ആദരപുരസ്സരം എഴു

നേരേ അദ്ദേഹത്തെ എതിരേറ്റു. ഭക്തവത്സലനായ കൃഷ്ണൻ കുചേലനെ ആലിംഗനംചെയ്തു സന്തോഷാശ്രുക്കൾ പൊഴിച്ചുംകൊണ്ട് അദ്ദേഹത്തെ താൻ ഇരുന്നിരുന്ന കട്ടിലിന്മേൽ ഇരുത്തി, സ്വാഗതം പറഞ്ഞ്, അഘ്ര്യപാദ്യങ്ങൾ കൊടുത്ത്, പുഷ്പം ചന്ദനം മുതലായ സുഗന്ധദ്രവ്യങ്ങളെക്കൊണ്ട് സൽകരിച്ച് പൂജിച്ചു. ഭഗവാൻതന്നെ ആ അതിഥിയെ അത്രയളരെ ആദരവോടുകൂടി സൽകരിക്കുന്നതു കണ്ടിട്ട് ലക്ഷ്മീദേവിയുടെ അവതാരമായ രുക്മിണിയുംകൂടി വഴിനടന്നു തളർന്ന ആ വിപ്രനെ വിശറിയെടുത്തു വീശി വിയർപ്പുമാറ്റി വിശ്രമിപ്പിച്ചു. മെലിഞ്ഞ ദേഹവും മുഷിഞ്ഞ വസ്ത്രവുമായി ഒരവധൂതനെപ്പോലെ സഞ്ചരിച്ചിരുന്ന ആ ബ്രാഹ്മണനെ ശ്രീകൃഷ്ണൻപോലും ബഹുമാനിക്കുന്നതു കണ്ട് അവിടെയുണ്ടായിരുന്ന പരിജനങ്ങളെല്ലാവരും ആശ്ചര്യപ്പെട്ട് അമ്പരന്നുപോയി.

സഖാവായ അതിഥിയെ അങ്ങിനെ സൽകരിച്ചശേഷം ശ്രീകൃഷ്ണൻ അദ്ദേഹത്തോടു കുശലപ്രശ്നംചെയ്തു മധുരമായി ഇങ്ങിനെ സംഭാഷണം ചെയ്തുതുടങ്ങി.

ശ്രീകൃഷ്ണൻ—അല്ലേ ബ്രാഹ്മണസത്തമ, ഗുരുകുലത്തിൽനിന്ന് നമ്മൾ തമ്മിൽ പിരിഞ്ഞശേഷമുള്ള വർത്തമാനം മുഴുവനും പറയുക. അവിടെനിന്നു പോയശേഷം അങ്ങുന്ന് വേളികഴിച്ചുവോ? ധർമ്മാനുഷ്ഠാനത്തിന്നായി അങ്ങുന്ന് ഗൃഹസ്ഥാശ്രമം സ്വീകരിച്ചിരിക്കാമെങ്കിലും ധനേച്ഛകൊണ്ട് അങ്ങയുടെ മനസ്സ് മോഹിപ്പിക്കപ്പെട്ടിട്ടുണ്ടാവുകയില്ലെന്ന് എനിക്കറിയാം. എന്നെപ്പോലെ നിഷ്കാമമായി കർമ്മം ചെയ്യുന്നവർ കുറച്ചുപേർ മാത്രമേ ഉള്ളൂ. എന്നാൽ അങ്ങുന്ന് അങ്ങിനെയുള്ളവരുടെ കൂട്ട

ത്തിൽ ഉൾപ്പെട്ട ഒരാളാണെന്നുള്ളതിൽ എനിക്കു സംശയമില്ല. അല്ലേ പ്രിയസുഹൃത്തേ, നമ്മൾ ഗുരുഗൃഹത്തിൽ താമസിക്കുന്ന കാലത്തു നടന്ന സംഭവങ്ങളെല്ലാം അങ്ങുന്ന് ഓർക്കുന്നുണ്ടോ? ഒരു ദിവസം നമ്മൾ ഗുരുപത്നിയുടെ കല്പനപ്രകാരം കുറച്ചു വിറകു കൊണ്ടുവരുവാനായി ഒരു വൻകാട്ടിലേക്കു പോയി. വിറകുംകൊണ്ട് മടങ്ങുന്നതിനുമുമ്പായി സൂര്യൻ അസ്തമിച്ചു. കേട്ടാൽ ഞെട്ടുന്ന ഇടിയോടുകൂടി മഴയും പെയ്യുതുടങ്ങി. കാട്ടുവഴി മുഴുവനും മഴവെള്ളത്തിൽ മുങ്ങി കണ്ടറിവാൻ പാടില്ലാതായി. കൂരിരുട്ടത്ത് വഴിയറിവാൻ കഴിയാതെ നമ്മൾ രണ്ടുപേരും കൈകോർത്തു പിടിച്ച് അങ്ങുമിങ്ങും ചുറ്റിനടന്നുകൊണ്ടതന്നെ അന്നത്തെ രാത്രിമുഴുവനും അവിടെ കഴിച്ചുകൂട്ടി. പിറന്നാൾ പുലർന്നപ്പോഴയ്ക്കും ആചാര്യൻ പരിഭ്രമിച്ച് നമ്മെ അന്വേഷിച്ചുംകൊണ്ട് കാട്ടിലേക്ക് വന്നു. നമ്മൾ കഷ്ടപ്പെട്ടതുകണ്ട് അദ്ദേഹം മനസ്സലിഞ്ഞ്, "അയ്യോ, കുട്ടികളെ നിങ്ങൾ എനിക്കുവേണ്ടി ഇങ്ങിനെ ബുദ്ധിമുട്ടിയല്ലൊ" എന്നു പറഞ്ഞ് പരിതപിച്ചുംകൊണ്ട് നമ്മെ ഗൃഹത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. ഇതെല്ലാം അങ്ങുന്ന് ഓർക്കുന്നുണ്ടോ? അക്കാലത്ത് അങ്ങയ്ക്കുണ്ടായിരുന്ന ഗുരുഭക്തി കണ്ടിട്ട് എനിക്ക് എത്ര സന്തോഷമാണുണ്ടായിട്ടുള്ളതെന്ന് പറഞ്ഞറിയിപ്പാൻ പ്രയാസമാണ്. യഥാർത്ഥം പറയുകയാണെങ്കിൽ, യാഗാദികർമ്മങ്ങൾ, തപസ്സ് എന്നിവയേക്കാൾ എനിക്കു വളരെ അധികം ഇഷ്ടമായിട്ടുള്ളതാണ് ഗുരുഭക്തി. അവനവന്റെ ആചാര്യനെ ഭക്തിപൂർവ്വം ശുശ്രൂഷിക്കുന്ന ഓരോ ശിഷ്യനും സർവ്വ ജ്ഞാനത്തിന്റെ

യും ഇരിപ്പിടമായ ഈശ്വരനെത്തന്നെയല്ലെ ആരാധിക്കുന്നത് ?

ജഗദ്ഗുരുവായ ശ്രീകൃഷ്ണൻ ഗുരുഗൃഹത്തിൽ വസിച്ച് വിദ്യാഭ്യാസം ചെയ്തിരുന്ന കാലത്തെ കഥകൾ ഓരോന്നും വളരെ രസകരമായ വിധത്തിൽ ആ പ്രിയസുഹൃത്തിനോട് ഇങ്ങിനെ പറഞ്ഞുംകൊണ്ടിരുന്നശേഷം ചിരിച്ചുംകൊണ്ട് ചോദിച്ചു.

ശ്രീകൃഷ്ണൻ—അല്ലേ ബ്രാഹ്മണ, ഗൃഹത്തിൽനിന്ന് എനിക്ക് തരുവാനായി എന്ത് ഉപഹാരമാണ് കൊണ്ടുവന്നിട്ടുള്ളത് ? മനഃശുദ്ധിയുള്ള ഭക്തന്മാർ എനിക്കു കൊണ്ടുവന്നു തരുന്നത് എന്തായാലും, എത്രതന്നെ സ്വല്പമായാലും, വളരെ ഹൃദ്യമായിരിക്കുന്നതാണ്.

ഭഗവാൻ ഇങ്ങിനെ ചോദിച്ചിട്ടും വ്രീഡിതനായ വിപ്രൻ അവിൽപ്പൊതി കൊടുത്തില്ല. ശ്രീകൃഷ്ണന്ന് അദ്ദേഹത്തിന്റെ ഹൃദയം മനസ്സിലായി. "ധനം അഭ്യർത്ഥിച്ചുംകൊണ്ട് ഇദ്ദേഹം ഇതേവരെ എന്റെ അടുക്കലേക്കു വന്നില്ലല്ലൊ. ഇപ്പോൾ വന്നതുതന്നെ ദാരിദ്ര്യദുഃഖംകൊണ്ടു കഷ്ടപ്പെടുന്ന പത്നിയെ സന്തോഷിപ്പിക്കുവാൻ മാത്രമായിട്ടാണ്. അതിനാൽ ഞാൻ ഇദ്ദേഹത്തിന്നു കുറെ സമ്പത്തു നല്കാം." എന്നിങ്ങിനെ മനസ്സിൽ വിചാരിച്ചുംകൊണ്ട് ആ ലക്ഷ്മീവല്ലഭൻ മന്ദഹാസത്തോടുകൂടി "ഇത് എനിക്കായിട്ടു കൊണ്ടുവന്നതായിരിക്കണം. എന്താണിത് ? നോക്കട്ടെ." എന്നു പറഞ്ഞ് കുചേലന്റെ കൈവശമുണ്ടായിരുന്ന അവിൽപ്പൊതി മെല്ലെ വലിച്ചെടുത്തു. പിന്നെ അദ്ദേഹം അതു കെട്ടഴിച്ച് തന്റെ മുമ്പിൽ വെച്ച്, "ഇതു നല്ലൊരു ഭക്ഷ്യമാണൊ എനിക്കു കാഴ്ചയായി കൊണ്ടുവന്നിട്ടുള്ളത് ?

എനിക്ക് അവിൽപോലെ ഇഷ്ടമുള്ളതായി വേറൊരു വസ്തുവില്ല" എന്ന് പറഞ്ഞുംകൊണ്ട് അതിൽനിന്ന് നിറച്ചൊരു പിടി എടുത്തു ഭക്ഷിച്ചു. അതിൻറശേഷം അദ്ദേഹം രണ്ടാമതും ഒരു പിടി വാരിയെടുത്തു ഭക്ഷിപ്പാൻ ഭാവിച്ചു. അപ്പോഴയ്ക്കു ലക്ഷ്മീദേവിയായ രുക്മിണി ശ്രീകൃഷ്ണൻറെ കൈ പിടിച്ചുംകൊണ്ടു പറഞ്ഞു:—"ഇവിടുന്ന് ഒരുപിടി അവിൽ തിന്നതുകൊണ്ടുതന്നെ അദ്ദേഹത്തിന്നു സകല സമ്പത്തും കിട്ടുമാറായിക്കഴിഞ്ഞു. ഇനിയും ഇവിടുന്ന് ഈ അവിൽ വാരിത്തിന്നുന്നതായാൽ അതുകൊണ്ട് ഇവിടുത്തേയ്ക്കുണ്ടാകുന്ന സന്തോഷംനിമിത്തം ഈയുള്ളവൾക്ക് എന്നെന്നേയ്ക്കും അദ്ദേഹത്തിൻറെ അടിമയായി ഇരിക്കേണ്ടിവരും. അതു വരുത്തരുതല്ലേ."

ഇങ്ങിനെ രമാകാന്തനായ വാസുദേവൻറെ ആതിഥ്യം സ്വീകരിച്ച് കുചേലൻ ഒരു ദിവസം അവിടെ സുഖമായി താമസിച്ചു. പിറന്നാൾ രാവിലെ അദ്ദേഹം ശ്രീകൃഷ്ണനോടു യാത്രപറഞ്ഞ് സ്വഗൃഹത്തിലേക്കു തിരികെ പുറപ്പെട്ടു. ദ്വാരകയിൽനിന്നു മടങ്ങിപ്പോരുന്ന സമയം ആ ബ്രാഹ്മണൻറെ മനസ്സിലുള്ള വിചാരങ്ങൾ ഇപ്രകാരമായിരുന്നു:—"ദീനനും ദരിദ്രനുമായ ഞാൻ എവിടെ? ലക്ഷ്മീദേവിയെ മാറിടത്തിൽ ധരിച്ചുകൊണ്ടിരിക്കുന്ന വാസുദേവൻ എവിടെ? അദ്ദേഹം എന്നെ സ്നേഹത്തോടുകൂടി ആലിംഗനം ചെയ്തു; കട്ടിലിന്മേൽ ഇരുത്തി സൽകരിച്ചു; അഘ്ര്യപാദ്യാദികൾ തന്ന് പൂജിച്ചു. അദ്ദേഹത്തിൻറെ പത്നിയായ ശ്രീഭഗവതിയുംകൂടി എന്നെ ശുശ്രൂഷിച്ചു. ഇതിലധികം എന്തൊരു ഭാഗ്യമാണ് എനിക്കു സിദ്ധിപ്പാനുള്ളത്? അദ്ദേഹത്തെ സന്ദർശിപ്പാനും അദ്ദേഹമൊരുമിച്ചു സഹവ

സിപ്പാനും സംഗതിവന്നതുകൊണ്ടുണ്ടായ സന്തോഷത്താൽ എന്റെ പത്നി പറഞ്ഞയച്ചിരുന്ന കാര്യം ഞാൻ തീരെ മറന്നുപോയി. അഥവാ, ഞാൻ അദ്ദേഹത്തോട് എന്താണ് പറഞ്ഞറിയിപ്പാനുള്ളത് ? അദ്ദേഹത്തിന്ന് എല്ലാം അറിഞ്ഞുകൂടെ? നിർധനനായ എനിക്കു ധനം നല്കിയാൽ ഗർവ്വം പൂണ്ട് ഞാൻ അദ്ദേഹത്തിന്റെ ചരണകമലങ്ങളെ വിസ്മരിച്ചുപോകുമെന്ന് വിചാരിച്ചിട്ടായിരിക്കണം അദ്ദേഹം എനിക്കു ഒന്നും തരാഞ്ഞത്. വെറുംകയ്യായി ഗൃഹത്തിലേക്കു പോകുവാൻ എനിക്കു കുറച്ചൊരു മടിയുണ്ട്. എങ്കിലും ശ്രീകൃഷ്ണൻ ഒന്നും നല്കാതിരുന്നത് വലിയൊരു അനുഗ്രഹമായിട്ടാണ് എനിക്കു തോന്നുന്നത്."

ഇങ്ങിനെ ഓരോന്നു ചിന്തിച്ചുംകൊണ്ട് കുചേലൻ താൻ കുടിരമുണ്ടായിരുന്ന പ്രദേശത്തേക്കടുത്തപ്പോൾ അവിടെ കണ്ടത് മനോഹരമായ ഒരു പ്രാസാദമായിരുന്നു. പൂക്കൾ നിറഞ്ഞ പൊയ്കകളോടും പക്ഷികളുടെ മധുരസ്വനത്താൽ മുഴങ്ങുന്ന പൂങ്കാവുകളോടും കൂടിയ ആ മനോജ്ഞമന്ദിരം ആരുടേതാണെന്നും അത്യവേഗത്തിൽ അവിടെ നിർമ്മിക്കപ്പെട്ടതെങ്ങിനെയാണെന്നും അറിയാതെ അദ്ദേഹം അമ്പരന്നു നിന്നുപോയി. അപ്പോഴേയ്ക്കും അദ്ദേഹത്തിന്റെ പത്നി അനേകം ദാസിമാരോടുകൂടി വന്ന് വിസ്മയാകുലനായി മാറിത്തന്നിന്നിരുന്ന അദ്ദേഹത്തെ എതിരേറ്റ് അകത്തേക്കു കൂട്ടിക്കൊണ്ടുപോയി. വിചിത്രങ്ങളായ അലങ്കരണങ്ങളോടും വിവിധങ്ങളായ സുഖോപകരണങ്ങളോടുംകൂടിയ ആ പ്രാസാദവും അതിലുണ്ടായിരുന്ന സമ്പത്തും ഭഗവാന്റെ പ്രസാദംകൊണ്ടു ലഭിച്ചതാണെന്നു മനസ്സിലാക്കുവാൻ അദ്ദേഹത്തിന്നു പ്രയാസമുണ്ടായില്ല.

ഇപ്രകാരം സതീർത്ഥ്യനും സഖാവുമായ ഭഗവാന്റെ തിരുവുള്ളത്താൽ തനിക്കു കിട്ടിയ സമ്പത്തിനെ സുഖമായി അനുഭവിച്ചുംകൊണ്ട് കുചേലൻ പതിവ്രതയായ പത്നിയോടുകൂടി ഗൃഹസ്ഥധർമ്മങ്ങളെ വേണ്ടുംവണ്ണം അനുഷ്ഠിച്ചുകൊണ്ടിരുന്നു. എന്നാൽ സമ്പത്തുകൊണ്ട് സാധാരണന്മാർക്കുണ്ടാകുന്ന ദർപ്പാദിദോഷങ്ങളും ഒന്നും ഭക്തനും വിരക്തനുമായ ആ വിപ്രന് ഒരിക്കലും ഉണ്ടായില്ല.

8. ഉത്തങ്കവൃത്താന്തം.

ധൌമ്യൻ എന്ന മഹർഷിയുടെ ശിഷ്യനായി ബൈദൻ എന്നു പേരായ ഒരു ഋഷി ഉണ്ടായിരുന്നു. അദ്ദേഹം വളരെ പഠിപ്പും അറിവും ഉള്ളവനായിരുന്നതുകൊണ്ട് ബ്രാഹ്മണജാതിയിലും ക്ഷത്രിയജാതിയിലും ജനിച്ച അസംഖ്യം മാണവകന്മാർ വിദ്യാഭ്യാസം ചെയ്യാനായി അദ്ദേഹത്തെ ആശ്രയിച്ചിരുന്നു. അദ്ദേഹം അവരെയെല്ലാം സ്വഗൃഹത്തിൽ താമസിപ്പിച്ച് അവക്കു വേണ്ടുന്ന വിദ്യകളെ അഭ്യാപനം ചെയ്തിരുന്നു. എന്നാൽ അദ്ദേഹം ബാല്യകാലത്തിൽ ഗുരുശുശ്രൂഷയിലുള്ള ക്ലേശങ്ങളും നല്ലവണ്ണം അനുഭവിച്ചറിഞ്ഞ ഒരാളായിരുന്നതുകൊണ്ട് തന്റെ ശിഷ്യന്മാരേക്കൊണ്ടു വല്ലതും ചെയ്യിക്കുകയോ അവരെ ക്ലേശിപ്പിക്കുകയോ ചെയ്തിരുന്നില്ല. അദ്ദേഹത്തിന്റെ ആ ശിഷ്യവാത്സല്യം ശിഷ്യന്മാക്കു ഗുരുശുശ്രൂഷയിലുണ്ടായിരുന്ന താല്പര്യത്തെ വർദ്ധിപ്പിച്ചതേയുള്ളൂ.

ബൈദന്റെ ശിഷ്യവർഗ്ഗത്തിൽ ഉത്തങ്കൻ എന്നു പേരോടുകൂടിയ ഒരു ബ്രാഹ്മണബാലൻ ഉണ്ടായിരുന്നു. അവൻ

ആചാര്യനു പ്രീതികരങ്ങളായ പല പ്രവൃത്തികളും ചെയ്തു. അദ്ദേഹത്തിന്റെ പ്രേമവും പ്രസാദവും സമ്പാദിച്ച ഒരു സമർത്ഥനായിരുന്നു. അവന്റെ പഠിപ്പ് അവസാനിച്ച സ്ഥാനം ആചാര്യൻ അവനു സകല ശ്രേയസ്സുകളും ഉണ്ടാവാൻ ആശീർവ്വദിച്ചു് ഗൃഹത്തിലേയ്ക്കു മടങ്ങിപ്പോയ്ക്കൊള്ളുവാൻ അനുവാദം കൊടുത്തു. ഗുരുവിന്റെ വാത്സല്യാതിരേകംകൊണ്ടു തന്റെ ഇച്ഛയ്ക്കൊത്തവണ്ണം ഗുരുശുശ്രൂഷ ചെയ്യാനുംകൂടി സൌകര്യം ലഭിക്കാത്ത ഉത്തങ്കൻ എന്തെങ്കിലും ഒരു ദക്ഷിണ ചെയ്യാൻ മാത്രമെങ്കിലും സമ്മതം നല്കണമെന്നു ബൈദനോടു് അപേക്ഷിച്ചു.

ദക്ഷിണയൊന്നും ആവശ്യമില്ലെന്നു് ആചാര്യൻ പറഞ്ഞുനോക്കി. വല്ലതും കുറച്ചൊന്നു സ്വീകരിക്കാതെ കഴിയില്ലെന്നു ശിഷ്യൻ ശാഠ്യം പിടിച്ചു. ഒടുവിൽ ബൈദൻ പറഞ്ഞു:—"വത്സ, നീ നിന്റെ ആചാര്യപത്നിയുടെ അടുക്കൽ പോയി അവർക്കു വല്ലതും ആവശ്യമുണ്ടോ എന്നു ചോദിക്കുക. അവർ വല്ല വസ്തുവും വേണമെന്നു പറയുന്നുണ്ടെങ്കിൽ അതു കൊണ്ടുവന്നു കൊടുക്കുക. എന്നാൽ, ഞാൻ ഒന്നും കൈക്കൊള്ളുവാൻ കൂട്ടാക്കിയില്ലെന്നു വിചാരിച്ചു നിനക്കു വെറുതെ വിഷാദിക്കേണ്ടി വരില്ലല്ലൊ."

ഉത്തങ്കൻ ഗുരുപത്നിയുടെ അടുക്കൽ ചെന്നു ചോദിച്ചു:—"അമ്മേ, ഞാൻ ഗുരുദക്ഷിണയായി എന്താണു കൊണ്ടുവന്നു തരേണ്ടത്? അമ്മയുടെ ഇഷ്ടം എന്താണെന്നറിഞ്ഞ് അതുപ്രകാരം ചെയ്യാനാണ് ആചാര്യൻ ആജ്ഞാപിച്ചിട്ടുള്ളത്."

ഉത്തങ്കന്റെ ചോദ്യത്തിന്നു ഗുരുപത്നിയുടെ മറുവടി ഇതായിരുന്നു:—"ഉണ്ണി, പൌഷ്യൻ എന്നു പേരായ രാജാ

വിന്റെ പത്നി വളരെ വിശേഷപ്പെട്ട രണ്ടു കുണ്ഡലങ്ങൾ അണിഞ്ഞിട്ടുണ്ട്. പൌഷ്യനോടു ചോദിച്ച് ആ കുണ്ഡലാഭരണം വാങ്ങിക്കൊണ്ടു വന്നു തരിക. അതിഥികളായി ഇവിടെ വന്നു ഭുജിക്കുന്ന ബ്രാഹ്മണർക്കു വിളമ്പിക്കൊടുക്കുന്ന സമയത്ത് ആ ഭംഗിയുള്ള കാതില അണിഞ്ഞാൽ കൊള്ളാമെന്ന് എനിക്ക് കലശലായ ഒരു കൊതിയുണ്ട്. അതു സമ്പാദിച്ചു കൊണ്ടുവന്നുതന്നാൽ നിനക്കു സകല ശ്രേയസ്സും ഉണ്ടാകും."

ഉപാദ്ധ്യായപത്നിയുടെ മുഖത്തിൽനിന്ന് ഈ വാക്കുകൾ പുറപ്പെട്ട കഴിഞ്ഞ ഉടനെ ഉത്തങ്കൻ പൌഷ്യന്റെ രാജധാനിയിലേക്കായി പുറപ്പെട്ടു. പോകുംവഴിക്ക് അവൻ വളരെ വലിയ ഒരു കാളയേയും അതിന്റെ പുറത്തു മഹാകായനായ ഒരു പുരുഷനേയും കണ്ടു. അശ്വാരൂഢനായ പുരുഷൻ ഉത്തങ്കനോടു വിളിച്ചുപറഞ്ഞു:— "അല്ലേ ഉത്തങ്ക, നീ ഈ കാളയുടെ മൂത്രപുരീഷങ്ങളെ ഭക്ഷിക്കുക. എന്നാൽ അതുകൊണ്ടു നിനക്കു മേലിൽ ഗുണമുണ്ടാകും." ഉത്തങ്കൻ അപ്രകാരം ചെയ്വാൻ ഇഷ്ടപ്പെട്ടില്ല. പക്ഷേ വൃഷഭവാഹനനായ ആ പുമാൻ വീണ്ടും വിളിച്ചുപറഞ്ഞു:— 'ഉത്തങ്ക, നീ മടിക്കേണ്ട. നിന്റെ ആചാര്യൻ പണ്ടൊരിക്കൽ ഇതിന്റെ പുരീഷം ഭക്ഷിച്ചിട്ടുണ്ട്.' ഇതു കേട്ടപ്പോൾ ഉത്തങ്കനും അതു തിന്മാൻ തീച്ചപ്പെടുത്തി. നല്ലതായാലും ചീത്തയായാലും ഗുരുനാഥൻ ചെയ്യുതു തനിക്കും ചെയ്യാമെന്നു നിശ്ചയിച്ച് അവൻ ആ കാളയുടെ ചാണകം കുറച്ച് എടുത്തുതിന്ന് അവിടെനിന്നു വേഗത്തിൽ നടകൊണ്ടു.

ഉത്തങ്കൻ രാജധാനിയിലേക്കു കയറിച്ചെന്നപ്പോൾ പൌഷ്യൻ സിംഹാസനത്തിലിരുന്ന് രാജ്യകാര്യങ്ങൾ

ലോചിച്ചുകയായിരുന്നു. അദ്ദേഹം അതെല്ലാം നിത്തിവെച്ച് അതിഥിയെ സല്ക്കരിച്ചിരുത്തി ആഗമനകാരണം എന്താണെന്നു ചോദിച്ചു. ഗുരുദക്ഷിണചെയ്യാനായി ഗുരുപത്നിയുടെ ആവശ്യപ്രകാരം രാജഭാര്യയുടെ കുണ്ഡലങ്ങളെ യാചിക്കുവാനായിട്ടാണ് വന്നത് എന്ന് ഉത്തങ്കൻ ഉത്തരം പറഞ്ഞു. അതുകേട്ട് പൌഷ്യൻ പറഞ്ഞു:—"അങ്ങിനെയാണെങ്കിൽ, അന്തഃപുരത്തിലേക്കു ചെല്ലുക. രാജ്ഞി അവിടെ ഉണ്ട്. അവളോട് അപേക്ഷിച്ചാൽ കുണ്ഡലങ്ങൾ കിട്ടും."

രാജവചനമനുസരിച്ച് ഉത്തങ്കൻ അന്തഃപുരത്തിലേക്കു പോയി. എന്നാൽ അവൻ അവിടെ രാജ്ഞിയെ കണ്ടില്ല. പൊളിപറഞ്ഞ് തന്നെ വഞ്ചിപ്പാൻ പുറപ്പെട്ടത് ശരിയായില്ലെന്ന് അറിയിച്ചുംകൊണ്ട് അവൻ രണ്ടാമതും രാജസന്നിധത്തിൽ ചെന്നുനിന്നപ്പോൾ രാജാവ് പറഞ്ഞു:—"അങ്ങുന്ന് അന്തഃപുരത്തിൽ രാജ്ഞിയെ കണ്ടില്ലെങ്കിൽ അത് രാജ്ഞി അവിടെ ഇല്ലാത്തതുകൊണ്ടായിരിപ്പാൻ തരമില്ല; അങ്ങയുടെ ശരീരം അശുചിയായതുകൊണ്ടായിരിക്കണം. അവൾ പതിവ്രതയും പരിശുദ്ധയുമായതുകൊണ്ട് ലേശംപോലും അശുദ്ധിബാധിച്ചിട്ടുള്ളവർക്ക് അവളെ കാണ്മാൻ കഴിയുന്നതല്ല."

വാസ്തവത്തിൽ ഉത്തങ്കന്റെ ശരീരത്തിന്ന് അല്പമൊരു അശുദ്ധി ബാധിച്ചിട്ടുണ്ടായിരുന്നു. ഋഷഭത്തിന്റെ പുരീഷം ഭക്ഷിച്ചിട്ട് അവൻ മുഖത്തേയും പാണിപാദങ്ങളേയും വിധിപ്രകാരം പ്രക്ഷാളനം ചെയ്തിട്ടുണ്ടായിരുന്നില്ല. പൌഷ്യൻ പറഞ്ഞപ്പോൾമാത്രമേ ആ അശുദ്ധിയുടെ കാര്യം അവന്ന് ഓർമ്മവന്നുള്ളൂ. ഉടനെതന്നെ അവൻ ശാ

സ്രുവിധിപ്രകാരം കാലും മുഖവും കഴുകി ശരീരത്തിനു ശുദ്ധിവരുത്തി. അതിന്റെശേഷം അവൻ അന്തഃപുരത്തിലേക്കു പോയി; രാജപത്നിയെ കാണുകയുംചെയ്തു.

ഉത്തങ്കന്റെ ഗുരുഭക്തി കണ്ടപ്പോൾ പൌഷ്യപത്നിക്ക് വളരെ സന്തോഷമായി. അവൾ തന്റെ കണ്ണുങ്ങളിൽ അണിഞ്ഞിരുന്ന കുണ്ഡലങ്ങളെ ആ ബ്രാഹ്മണകുമാരനു ദാനം ചെയ്തു അവനോടു പറഞ്ഞു:—"നാഗങ്ങളുടെ രാജാവായ തക്ഷകൻ ഈ കുണ്ഡലങ്ങൾ കിട്ടുവാൻ കലശലായി കൊതിച്ചുംകൊണ്ടാണിരിക്കുന്നത്. അവൻ ഇതെങ്ങാനും കണ്ടെത്തിയാൽ വല്ലവിധത്തിലും കൈക്കലാക്കാതിരിക്കയില്ല. അതിനാൽ ഇതു കൊണ്ടുപോകുമ്പോൾ വളരെ മനസ്സിരുത്തണം." "തക്ഷകനു് ഇതു തൊടുവാനുംകൂടി സാധിക്കയില്ല" എന്നു മറുപടി പറഞ്ഞ് ഉത്തങ്കൻ പൌഷ്യന്റെ അനുവാദവും വാങ്ങി അവിടെനിന്നു പുറപ്പെട്ടു.

ഉത്തങ്കൻ ഉത്സാഹത്തോടുകൂടി കുണ്ഡലങ്ങളും കയ്യിലേന്തി ബൈദാശ്രമത്തിലേക്കു പോകുംവഴിക്ക് കാലും മുഖവും കഴുകുവാനായി ഒരു കുളത്തിലേക്ക് ഇറങ്ങി. കയ്യിലുണ്ടായിരുന്ന കുണ്ഡലങ്ങൾ കരയ്ക്കൊരിടത്തു വെച്ചിട്ടാണ് അവൻ ഇറങ്ങിയത്. പാദപ്രക്ഷാളനം ചെയ്തു അവൻ കരയ്ക്കു കയറി നോക്കിയപ്പോൾ കാതിലകൾ കാണ്മാനില്ല. അപ്പോഴയ്ക്കും ഏതോ ഒരു പുരുഷൻ ആ വഴിയെ പരിഭ്രമിച്ചു് ഓടുന്നതായി അവൻ കണ്ടു. ഉത്തങ്കൻ ആ പുരുഷന്റെ പിന്നാലെ ഓടി അവനെ പിടിച്ചപ്പോൾ അവൻ കൃത്രിമമായിരുന്ന മനുഷ്യരൂപം ത്യജിച്ചു പന്നഗരൂപം കൈക്കൊള്ളുകയും മിന്നിത്തിളങ്ങുന്ന കുണ്ഡലങ്ങളുംകൊ

ണ്ടു പാതാളലോകത്തിലേയ്ക്കു പ്രവേശിക്കുകയും ചെയ്തു. അപ്പോഴാണു രാജപത്നിയുടെ ഉപദേശം ഉത്തങ്കന്നു് ഓർമ്മ വന്നതു്. കുണ്ഡലം മോഷ്ടിച്ചവൻ തക്ഷകനല്ലാതെ മറ്റാരുമാവാൻ തരമില്ലെന്നു് അവൻ തീരുമാനിച്ചു.

തക്ഷകൻ പാതാളത്തിലേയ്ക്കു പ്രവേശിച്ചതു് ഒരു ഗുഹയിൽക്കൂടിയായിരുന്നു. അതിലൂടെതന്നെ ഉത്തങ്കനും തക്ഷകനെ അനുഗമിപ്പാൻ ശ്രമിച്ചുനോക്കി. എങ്കിലും ഗുഹയുടെ ദ്വാരം വളരെ ചെറുതായിരുന്നതുകൊണ്ടു് അവനു് അതിൽക്കൂടെ കടന്നുപോകുവാൻ കഴിഞ്ഞില്ല. അവൻ നിരാശപ്പെട്ടു് അരികെ കിടന്നിരുന്ന ഒരു കാഷ്ഠഖണ്ഡമെടുത്തു് അതുകൊണ്ടു ഗുഹാദ്വാരത്തെ കുത്തിക്കിളച്ചു വലുതാക്കുവാൻ നോക്കി. ആ പരിശ്രമവും ഫലിച്ചില്ല. ഇങ്ങിനെ അവൻ ക്ലേശിച്ചുകൊണ്ടിരിക്കുന്നതു കണ്ടു കനിഞ്ഞു ദേവേന്ദ്രൻ അവനെ സഹായിപ്പാനായി തന്റെ വജ്രായുധത്തെ അയച്ചുകൊടുത്തു. വജ്രായുധത്തിന്റെ സ്പർശമേറ്റപ്പോഴയ്ക്കും ഗുഹാദ്വാരം വേണ്ടുവോളം വിസ്തൃതമായിത്തീർന്നു. ഉത്തങ്കൻ അതിൽക്കൂടെ കടന്നു, രത്നനിർമ്മിതങ്ങളായ പ്രാസാദങ്ങളെക്കൊണ്ടു പൂർണ്ണമായ നാഗലോകത്തിലേയ്ക്കു പ്രവേശിച്ചു.

ഉത്തങ്കൻ നാഗലോകത്തിൽ ചെന്നു തക്ഷകനേയും മറ്റു നാഗങ്ങളേയും സ്തുതിച്ചുതുടങ്ങി. അവൻ എത്ര വളരെ സ്തുതിച്ചിട്ടും തക്ഷകൻ കുണ്ഡലങ്ങൾ മടക്കിക്കൊടുത്തില്ല. നാഗങ്ങളെ സ്തുതിച്ചുംകൊണ്ടിരിക്കുന്നതിനിടയ്ക്കു് ഉത്തങ്കൻ അവിടെ രണ്ടു സ്ത്രീകളെ കണ്ടു. അവർ കറുത്തതും വെളുത്തതുമായ നൂലുകൾകൊണ്ടു വസ്ത്രം നെയ്കയായിരുന്നു. അവരുടെ അടുക്കൽ അശ്വാരൂഢനായ ഒരു ദിവ്യപുരുഷനേയും അവൻ കണ്ടു.

ഉത്തങ്കൻ ആ ദിവ്യപുരുഷനെ പല പ്രകാരത്തിൽ സ്തുതിച്ചുതുടങ്ങി. സ്തുതികേട്ട പ്രസാദിച്ച പുരുഷൻ "നിനക്കെന്തു വരം വേണം?" എന്ന് ആ ഋഷിശിഷ്യനോടു ചോദിച്ചു. അതിന്ന് അവൻ "നാഗങ്ങളെ എനിക്കു സ്വാധീനപ്പെട്ടുത്തിത്തരണം" എന്നു മറുപടി പറഞ്ഞു. ഉടനെതന്നെ ആ ദിവ്യപുരുഷന്റെ വാഹനമായിരുന്ന അശ്വത്തിന്റെ അവയവങ്ങളിൽനിന്ന് അഗ്നി ജ്വലിച്ചുതുടങ്ങി. അത്യുഗ്രങ്ങളായ ആ അഗ്നിജ്വാലകളും നാലുപാടും വ്യാപിച്ചു നാഗലോകത്തെ ആസകലം ദഹിപ്പിച്ചു തുടങ്ങിയപ്പോൾ തക്ഷകൻ ഭയപ്പെട്ട കുണ്ഡലങ്ങളെ കൊണ്ടുവന്ന് ഉത്തങ്കന്റെ കയ്യിൽ കൊടുത്തു.

കുണ്ഡലങ്ങളും കിട്ടിയപ്പോൾ ഉത്തങ്കന്റെ മനസ്സിന്നു കുറച്ചൊരു സമാധാനമുണ്ടായി. എന്നാൽ പുതുതായി ഉണ്ടായ വേറൊരു വിചാരം അവന്റെ മനസ്സിനെ വല്ലാതെ വേദനിപ്പിച്ചുതുടങ്ങി. കുണ്ഡലം കൊണ്ടുവരേണ്ടുന്ന സമയവുംകൂടി നിശ്ചയിച്ചിട്ടാണ ഭൈദപത്നി ഉത്തങ്കനെ അയച്ചിരുന്നത്. തക്ഷകന്റെ കയ്യിൽനിന്നു കുണ്ഡലം ഉത്തങ്കനു തിരികെ കിട്ടിയപ്പോൾ അതു ഭൈദപത്നിക്ക് എത്തിച്ചുകൊടുക്കേണ്ടുന്ന സമയം അടുത്തിരുന്നു. നിശ്ചിതസമയത്തു കുണ്ഡലം കൊണ്ടുചെല്ലാതിരുന്നാൽ ആ ഋഷിപത്നി കോപംപൂണ്ടു ശാപം നല്കും. ഇതെല്ലാം വിചാരിച്ച് ഉത്തങ്കൻ വിഷണ്ണനായ്നിന്നു.

ഉത്തങ്കന്റെ മനസ്സിലുള്ള വിചാരം ഇന്നതാണെന്നറിഞ്ഞ് അശ്വാരൂഢനായ പുരുഷൻ പറഞ്ഞു:— "ഉത്തങ്ക, നീ വിഷാദിക്കേണ്ട. നീ ഈ കുതിരയുടെ പുറത്തു കയറിക്കൊള്ളുക. എന്നാൽ ഇതു നിന്നെ ക്ഷണനേരംകൊ

ണ്ടു നിന്റെ ഗുരുഗൃഹത്തിലേക്കു എത്തിക്കും." ഇങ്ങിനെ പറഞ്ഞ് ആ ദിവ്യപുരുഷൻ കുതിരയെ ഉത്തങ്കനു കൊടുത്തു. ഉത്തങ്കൻ കുതിരപ്പുറത്തു കയറി. കുതിര അവനെ വഹിച്ചുംകൊണ്ടു വായുവേഗത്തോടെ ഓടി ഒരു ഞൊടിയിടകൊണ്ടു ബൈദന്റെ ആശ്രമത്തിൽ ചെന്നെത്തി.

ബൈദന്റെ പത്നി ഉത്തങ്കന്റെ വരവു കാണാതെ കോപിച്ച് അവനെ ശപിക്കുവാൻ ഭാവിക്കുകയായിരുന്നു. ആ സമയത്താണ് ഉത്തങ്കൻ കുതിരപ്പുറത്തു നിന്നിറങ്ങി, കയ്യിൽ കുണ്ഡലങ്ങളുമേന്തി ഗുരുനാഥൻ വസിക്കുന്ന പർണ്ണശാലയിലേയ്ക്കു കടന്നുചെന്നത്. "പൌഷ്യപത്നി അണിഞ്ഞിരുന്ന കുണ്ഡലങ്ങൾ" എന്നു വിനയപൂരസ്സരം പറഞ്ഞുംകൊണ്ട് ഉത്തങ്കൻ അവയെ ഗുരുപത്നിയുടെ കാല്ക്കൽവെച്ചു നമസ്കരിച്ചു. "ഉണ്ണി നന്നായിവരട്ടെ" എന്ന് അനുഗ്രഹിച്ചുംകൊണ്ടു ബൈദപത്നി അവയെ സന്തോഷത്തോടെ കയ്യിലെടുത്തു പുഞ്ചിരിയോടുകൂടി കാതിലിട്ടു.

ഉത്തങ്കൻ കൃതാർത്ഥനായി. ഗുരുപത്നിയുടെ ഇഷ്ടം സാധിപ്പിച്ചുകൊടുത്തു ഗുരുവിന്റെ ആജ്ഞയെ നിർവ്വഹിച്ചതിലുള്ള സന്തോഷത്തോടുകൂടി അവൻ ആചാര്യനെ അഭിവാദ്യംചെയ്തു നടന്ന സംഗതികളും മുഴുവനും വിസ്തരിച്ച് അറിയിച്ചു. അതിന്റെശേഷം അവൻ ബൈദനോടു ചോദിച്ചു.

ഉത്തങ്കൻ— ഗുരോ, കാളപ്പുറത്തു കയറിയിരുന്ന് എന്നോടു ചാണകം തിന്നുവാൻ പറഞ്ഞ ആ പുരുഷൻ ആരാണ്? അശ്വാരൂഢനായി നാഗലോകത്തിൽ എന്നെ സഹായിപ്പാൻ വന്നവൻ ആരാണ്? അവർ രണ്ടുപേരും എന്നെ സഹായിപ്പാനുള്ള കാരണമെന്താണ്? കൂ

ത്തും വെളുത്തുമുള്ള നൂലുകഠംകൊണ്ടു വസ്ത്രം നെയ്തിരുന്ന ആ രണ്ടു സ്ത്രീകഠം ആരാണ്? ഇതെല്ലാം എനിക്കു പറഞ്ഞുതന്നാൽ കൊള്ളാം.

ബൈദൻ—കാളപ്പുറത്തും കുതിരപ്പുറത്തും കയറി വന്നത് ഒരുവൻ തന്നെയാണ്. അതു ദേവകളുടെ രാജാവായ ഇന്ദ്രനാണ്. കാളയാണെന്നു തോന്നിയത് ഐരാവതവും, കുതിരയുടെ സ്വരൂപം ധരിച്ചു കണ്ടത് അഗ്നിദേവനും, ഗോമയമാണെന്നു വിചാരിച്ച് ഭക്ഷിച്ചത് അമൃതവും ആകുന്നു. അമൃതം ഭക്ഷിച്ചതുകൊണ്ടാണ് നീ നാഗലോകത്തിൽ പോയിട്ടും ആപത്തൊന്നുംകൂടാതെ ജീവനോടുകൂടി മടങ്ങിവന്നത്. ദേവേന്ദ്രൻ നിന്നെ സഹായിച്ചത് നിന്റെ ഗുരുഭക്തി കണ്ടിട്ടുള്ള സന്തോഷാകൊണ്ടാണ്. കറുത്ത നൂൽ രാത്രിയും വെളുത്ത നൂൽ പകലും ആണ്. അതുകളേക്കൊണ്ട് കാലമാകുന്ന വസ്ത്രം നെയ്തിരുന്ന രണ്ടു സ്ത്രീകഠം ധാതാവും വിധാതാവുമാണ്.

ശിഷ്യവത്സലനായ ബൈദൻ ഇപ്രകാരം സ്വശിഷ്യന്റെ സംശയങ്ങഠംക്കു സമാധാനം പറഞ്ഞ്, അവനു സകല ശ്രേയസ്സുകളും ഉണ്ടാവാൻ ആശീർവ്വദിച്ച്, ഗൃഹത്തിലേക്കു പോയ്ക്കൊള്ളുവാൻ അനുവാദം നല്കി. ഗുരുഭക്തിയുള്ള ശിഷ്യന്മാരിൽവെച്ച് മുമ്പനായ ഉത്തങ്കൻ ആത്മകൃത്യം നിർവ്വഹിച്ചതുകൊണ്ടുണ്ടായ കൃതാർത്ഥതയോടുകൂടി സ്വഗൃഹത്തിലേക്കു മടങ്ങുകയും ചെയ്തു.

---

൯. മാർക്കണ്ഡേയൻ.

മൃകണ്ഡു എന്നു പേരായ മഹർഷിക്ക് സന്താനമൊന്നും ഉണ്ടായിരുന്നില്ല. അതിനാൽ അദ്ദേഹം പത്നിയോ

ടുകൂടി പുത്രനുണ്ടാവാനായി പരമശിവനെക്കുറിച്ചു തപസ്സു ചെയ്തു. ഉപവാസം മുതലായ വ്രതങ്ങളോടുകൂടി ആ ദമ്പതിമാർ വളരെക്കാലം ആരാധിച്ചപ്പോൾ ശിവൻ പ്രസാദിച്ച് അവരുടെ മുമ്പിൽ പ്രത്യക്ഷനായി മൃകണ്ഡുവിനോട് ചോദിച്ചു.

ശിവൻ—നിങ്ങൾക്ക് ഒരു പുത്രനുണ്ടാവാൻ വരം തരാം. ഒന്നിലോ, യാതൊരു ഗുണഗണങ്ങളും ഇല്ലാത്തവനും ദീർഘകാലം ജീവിച്ചിരിക്കുന്നവനുമായ ഒരു പുത്രനെ തരാം. അല്ലെങ്കിൽ, സകല ഗുണങ്ങളും തികഞ്ഞവനും പതിനാറു വയസ്സുമാത്രം ആയുസ്സുള്ളവനുമായ ഒരു പുത്രനെ തരാം. ഈ രണ്ടിൽ ഏതാണ് വേണ്ടതെന്നു നിങ്ങൾതന്നെ നിശ്ചയിച്ചുപറയുക.

മൃകണ്ഡു—ഭഗവൻ, ഗുണങ്ങളൊന്നുമില്ലാത്ത ഒരു പുത്രൻ ഉണ്ടായിക്കാണ്മാൻ എനിക്ക് ആഗ്രഹമില്ല. അല്പായുസ്സാണെങ്കിലും ഗുണവാനായ ഒരു പുത്രനുണ്ടാവാൻതന്നെയാണ് ഞാൻ ഇച്ഛിക്കുന്നത്.

ശിവൻ—എന്നാൽ, നിങ്ങൾക്കു വളരെ ധാർമ്മികനും ഗുണവാനുമായ ഒരു സുതൻ ജനിക്കും. അവൻ വളരെ അറിവുള്ളവനും കീർത്തിമാനും ആയിത്തീരുകയും ചെയ്യും. പക്ഷേ, അവനു പതിനാറുസംവത്സരം മാത്രമേ ആയുസ്സുണ്ടാവുകയുള്ളു.

ഇപ്രകാരം വരംകൊടുത്ത് ശിവൻ അന്തർദ്ധാനം ചെയ്തു. മഹർഷി പത്നീസഹിതനായി വളരെ സന്തോഷത്തോടുകൂടി സ്വാശ്രമത്തിലേക്കും പോയി.

മരുദ്വതി എന്ന പേരോടുകൂടിയ മൃകണ്ഡുപത്നി അധികകാലം കഴിയുന്നതിനുമുമ്പായി ഗർഭം ധരിച്ചു. വർണ്ണ

ധർമ്മപ്രകാരം ദ്വിജന്മാർക്കു വിധിക്കപ്പെട്ടിട്ടുള്ള സീമന്തം മുതലായ ക്രിയകളെല്ലാം മൃകണ്ഡു വേണ്ടകാലത്ത് വേണ്ടുവണ്ണം നടത്തി. പത്തുമാസം തികഞ്ഞപ്പോൾ മരുദ്വതി കതിരവനെപ്പോലെ തേജസ്വിയായ ഒരു പുത്രനെ പ്രസവിച്ചു. ആ ശിശുവിന്റെ നാമകരണം തുടങ്ങിയ കർമ്മങ്ങളെല്ലാം വേദവ്യാസമഹാമുനിയാണ് വിധിപോലെ നടത്തിയത്.

പരമേശ്വരന്റെ പ്രസാദംകൊണ്ടു കിട്ടിയ ആ പുത്രനെ മാതാപിതാക്കന്മാർ വളരെ വാത്സല്യത്തോടുകൂടി വളർത്തിവന്നു. മാർക്കണ്ഡേയൻ എന്നു പേരായ ആ ബാലന്റെ ദേഹകാന്തിയും മനോഹരണവും കണ്ട് ജനങ്ങളെല്ലാവരും ആശ്ചര്യപ്പെടുകയും അവൻ സാക്ഷാൽ ശിവന്റെ അവതാരമാണെന്നു പറയുകയും ചെയ്തു. മൃകണ്ഡു അവനെ യഥോചിതമായ കാലത്ത് ഉപനയിച്ച് അവനു വേദങ്ങളും ശാസ്ത്രങ്ങളുമെല്ലാം വേണ്ടതുപോലെ അഭ്യസിപ്പിച്ചു.

അതു വളരെ ഗുണവാനായ ഒരു പുത്രനെ ലഭിച്ചിട്ടും മൃകണ്ഡുവിന്റെ മനസ്സിനു സന്തോഷം ഉണ്ടായിരുന്നില്ല. അവൻ അല്പകാലത്തിനുള്ളിൽ മൃത്യുവിനാൽ അപഹരിക്കപ്പെടുമെന്നുള്ള വിചാരം അദ്ദേഹത്തെ സകലസമയത്തും ദുഃഖിപ്പിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ഉള്ളിൽ നാൾക്കുനാൾ വളർന്നുകൊണ്ടിരുന്ന ആ വ്യസനം ചിലപ്പോൾ വിലാപത്തിന്റെ രൂപത്തിൽ പുറത്തേക്കും പ്രകാശിച്ചിരുന്നു. അതു കണ്ട് മാർക്കണ്ഡേയൻ ചോദിച്ചു.

മാർക്കണ്ഡേയൻ—അത്യന്തം ദുസ്സഹമായ ഒരു സന്താപം അച്ഛന്റെ മനസ്സിനെ എല്ലായ്പോഴും പീഡിപ്പിച്ചുകൊണ്ടിരിക്കുന്നതായി തോന്നുന്നുണ്ടല്ലൊ. അതിനുള്ള കാരണം എന്താണെന്നു പറഞ്ഞാൽ കൊള്ളാം.

മൃകണ്ഡു—ഉണ്ണീ, നിന്നെക്കുറിച്ചുള്ള വ്യസനമാണ് എല്ലാ സ്സോഴും എന്റെ ഉള്ള പൊളിച്ചുംകൊണ്ടിരിക്കുന്നത്. പരമശിവന്റെ പ്രസാദംകൊണ്ടാണ ഞങ്ങൾ നിന്നെ ലഭിച്ചത്. ആ ദേവൻ നിനക്കു പതിനാറവയസ്സുമാത്രമേ ആയുസ്സു നല്കീട്ടുള്ളു. നിനക്ക് ഇപ്പോൾ പതിനാറാമത്തെ വയസ്സാണ്. അതിനാൽ ഓരോ ദിവസം കഴിയുംതോറും നിന്റെ അന്ത്യകാലം അധികമധികം അടുത്തുവന്നുകൊണ്ടിരിക്കുന്നുവെന്നുള്ള വിചാരമാണ് എന്നെ വ്യസനിപ്പിക്കുന്നത്. ഇത്ര ഗുണവാനായ ഒരു പുത്രനുണ്ടായിക്കണ്ടതുകൊണ്ടുള്ള സന്തോഷം അവസാനിക്കാറായല്ലോ എന്നു വിചാരിച്ച് നിന്റെ അമ്മയും കലശലായി ദുഃഖിക്കുന്നുണ്ട്.

മാക്കണ്ഡേയൻ— അങ്ങിനെയാണെങ്കിൽ ഇനിമേലിൽ നിങ്ങൾ വ്യസനിക്കേണ്ട. മൃത്യുവിന്റെ അന്തകനായ ആ ദേവനെത്തന്നെ ആരാധിച്ച്, ദീർഘായുസ്സുണ്ടാവാനുള്ള വരം ഞാൻ വാങ്ങിക്കൊള്ളാം. ശരണാഗതവത്സലനായ ആ മൃത്യുഞ്ജയൻ എന്നെ ഈ ആപത്തിൽനിന്നു രക്ഷിക്കാതിരിക്കയില്ല.

മാക്കണ്ഡേയൻ ഇപ്രകാരം പറഞ്ഞതു കേട്ട് അവന്റെ അച്ഛനമ്മമാർ കുറച്ചൊരു മനസ്സമാധാനത്തോടും പ്രത്യാശയോടുംകൂടി അവനോടു പറഞ്ഞു:—"പുത്ര, നിന്റെ ആലോചന വളരെ നന്നായി. ഈ വലിയ വിപത്തിൽനിന്നു രക്ഷപ്പെടുവാൻ ഇതു നല്ലതായി വേറൊരു ഉപായവും ഉണ്ടെന്നു തോന്നുന്നില്ല. അതിനാൽ നീ ഇനിയെങ്കിലും കാലം കളയാതെ ആ കാലകാലനെ ഭജിച്ചുതുടങ്ങുക." മാതാപിതാക്കന്മാരാൽ ഇങ്ങിനെ അനുവദിക്കപ്പെ

ട്ട മാക്കണ്ഡേയൻ ദക്ഷിണസമുദ്രത്തിന്റെ തീരത്തിൽ ഒരിടത്ത് ഒരു ശിവലിംഗത്തെ സ്ഥാപിച്ച് ഭക്തിയോടുകൂട പൂജിച്ചുതുടങ്ങി. ദിവസംപ്രതി മൂന്നുനേരം സ്നാനംചെയ്യ്, ചിലപ്പോൾ സ്തോത്രങ്ങൾ ചൊല്ലി സ്തുതിച്ചുകൊണ്ടും, മറവു ചിലപ്പോൾ ഭക്തിനമ്രനായി പ്രണമിച്ചുകൊണ്ടും, വേറെ ചില സമയത്ത് ധ്യാനമഗ്നനായി പൂജിച്ചുകൊണ്ടും ആരാധിച്ചിരുന്ന മാക്കണ്ഡേയന്റെ പേരിൽ ശിവൻ പ്രസാദിക്കുവാൻ വളരെക്കാലം വേണ്ടിവന്നില്ല.

ഒരുനാൾ മാക്കണ്ഡേയൻ ശിവപൂജ ചെയ്യുംകൊണ്ടിരുന്ന സമയത്ത് അഞ്ജനംപോലെ കറുത്തു കരുത്തേറിയ ശരീരത്തോടുകൂടിയ ഒരു ദിവ്യപുരുഷൻ അവന്റെ മുമ്പിൽ വന്നുനിന്നു. കയ്യിലൊരു കയറുമേന്തി, തന്റെ മുമ്പിൽ വന്നുനിന്ന ആ ഭയങ്കരപുരുഷൻ കാലനാണെന്നു മാക്കണ്ഡേയനു മനസ്സിലാകാതിരുന്നില്ല. എങ്കിലും അവൻ നിർഭയനായിതന്നെ തുടങ്ങിയ പൂജ തുടർന്നുകൊണ്ടിരുന്നു. കാലൻ അതൊന്നും നോക്കാതെ ആയുസ്സൊടുങ്ങിയ ആ ഭക്തന്റെ കഴുത്തിൽ കയറിട്ടു. ഉടനെതന്നെ മാക്കണ്ഡേയൻ വളരെ ശാന്തതയോടും ധീരതയോടുംകൂടി പാശപാണിയായ ആ യമനോടു പറഞ്ഞു.

മാക്കണ്ഡേയൻ—അല്ലേ ധർമ്മരാജ, കുറച്ചുനേരം ക്ഷമിക്കുക. ഞാൻ ശിവനേക്കുറിച്ചുള്ള ഒരു മഹാസ്തോത്രം ജപിക്കുവാൻ തുടങ്ങുകയാണ്. അതു മുഴുമിക്കുവാൻ എന്നെ അനുവദിക്കുക. പാമരന്മാർക്കു മരണമടുക്കുമ്പോൾ പുത്രകളത്രാദികളെ പിരിഞ്ഞുപോകുവാൻ മനസ്സു വരുന്നില്ല. അതുപോലെതന്നെ എനിക്കും ഈശ്വരാരാധനത്തെ പകുതിയാക്കി നിർത്തി പുറപ്പെടുവാൻ ഇഷ്ടമാകുന്നില്ല.

മാർക്കണ്ഡേയന്റെ ഈ വാക്കുകൾ കേട്ട് യമൻ ചിരിച്ചുംകൊണ്ടു പറഞ്ഞു.

യമൻ—അല്ലേ മാർക്കണ്ഡേയ, കാലൻ ഒരുവൻമാത്രം മറ്റുള്ളവരുടെ സമയംനോക്കി നില്ക്കുമാറില്ലെന്നു നീ അറിയുകയില്ലെ? ചക്രവർത്തിയായാലും ശരി, യമലോകത്തിലേക്കു പുറപ്പെടുവാനുള്ള സമയം വന്നാൽ പിന്നെ ഒരു നിമിഷംപോലും താമസിപ്പാൻ പാടില്ല. നീ നിന്റെ ഈശ്വരാരാധനയെല്ലാം മുമ്പുതന്നെ കഴിച്ചുവെക്കാമായിരുന്നില്ലേ? കാലൻ കാത്തുനില്ക്കുകയില്ല; അവൻ നിശ്ചിതസമയത്തിന്നു നിമിഷംപോലും മുമ്പ് വരികയുമില്ല. ആയുസ്സൊടുങ്ങാത്ത ഒരുവന്റെ ശരീരം ന്യായിരം ശരങ്ങൾകൊണ്ട് മുറിപ്പെടുത്തപ്പെട്ടാലും അവന്റെ പ്രാണനെ ഞാൻ അപഹരിക്കാറില്ല. ആയുസ്സൊടുങ്ങിയവനാകട്ടെ, അമ്പിൻമുനയുടെ സ്പർശംപോലുമേറ്റില്ലെങ്കിലും എന്റെ ആജ്ഞയ്ക്കു കീഴടങ്ങുന്നു. അതിനാൽ, മാർക്കണ്ഡേയ, നീ എന്നോട് പരിഭവിച്ചിട്ടാവശ്യവുമില്ല.

മാർക്കണ്ഡേയൻ—അല്ലേ ധർമ്മരാജ, ശിവനെ പൂജിക്കുകയോ സ്തുതിക്കുകയോ ചെയ്യുന്നവരെ ശിവൻതന്നെ കാത്തുകൊള്ളും. ആ ദേവന്റെ ഭക്തന്മാരെ തൊടുവാൻപോലും തുനിയുന്നവൻ നശിച്ചുപോകുമെന്നുള്ളതിന്നു സംശയമില്ല. ശിവഭക്തന്മാരെ ആപത്തു തീണ്ടുകയുമില്ല. ഇങ്ങിനെയിരിക്കെ, ഞാൻ എന്തിനാണു ഭയപ്പെടുന്നത്? എന്റെ ഈശ്വരാരാധനയ്ക്കു വിഘ്നം വരുത്തുവാൻ ഇന്ന് ആരാണുള്ളത്?

ഇങ്ങിനെ പറഞ്ഞ്, യമനേക്കൂടി കൂട്ടാക്കാതെ മാർക്കണ്ഡേയൻ തന്റെ നിയമപ്പടിക്ക് ശിവസ്തുതി ആരംഭിച്ചു.

യമൻ കഠിനമായ കോപംപൂണ്ട് മൂന്നു ലോകങ്ങളേയും മുഴക്കുന്ന ശബ്ദത്തോടുകൂടി മാർക്കണ്ഡേയനെ ഭയപ്പെടുത്തിക്കൊണ്ടു പിന്നേയും പറഞ്ഞു.

യമൻ— ലോകത്തിന്റെ സൃഷ്ടികർത്താവായ ബ്രഹ്മാവിന്റെ ജീവനെപ്പോലും അപഹരിപ്പാൻ ശക്തിയുള്ള എന്റെ പരാക്രമം നീ നല്ലവണ്ണം അറിയുകയില്ല. ഞാൻ ഒരു ക്ഷണംപോലും താമസിക്കാതെ നിന്റെ ജീവനെ കൊണ്ടുപോകുവാൻതന്നെയാണു ഭാവിക്കുന്നത്. നിന്നാൽ ആരാധിക്കപ്പെടുന്ന ആ ദേവൻ നിന്നെ കാത്തു രക്ഷിക്കുന്നതു ഞാനൊന്നു കാണട്ടെ.

ഇപ്രകാരം പറഞ്ഞു യമൻ മാർക്കണ്ഡേയനെ വലിച്ചുകൊണ്ടുപോകുവാൻ ശ്രമിച്ചുതുടങ്ങി. മാർക്കണ്ഡേയൻ കൂസൽകൂടാതെ തുടങ്ങിവെച്ച ശിവസ്തുതി തുടർന്നുകൊണ്ടിരുന്നു. ഇങ്ങിനെ ക്ഷണനേരം കഴിഞ്ഞപ്പോഴയ്ക്കും മാർക്കണ്ഡേയന്റെ മുൻഭാഗത്തുണ്ടായിരുന്ന ശിവലിംഗത്തിന്റെ അന്തർഭാഗത്തിൽനിന്നു ശിവസ്വരൂപം മൂർത്തിമത്തായി ആവിർഭവിച്ചു. മുടിയിൽ അമ്പിളിക്കല ചൂടി, മെയ്യിൽ സർപ്പങ്ങളുമണിഞ്ഞു, കോമളവും ഭയങ്കരവുമായ ഗാത്രത്തോടുകൂടിയ ആ രുദ്രദേവൻ ഇടിവെട്ടുംപോലെ ഒന്നു ഗർജ്ജിച്ചു. അതുകേട്ടു നടുങ്ങിയ യമൻ അരനിമിഷത്തിനുള്ളിൽ നിലത്തുവീണു നിശ്ചേഷ്ടനായി. ഭക്തവത്സലനായ ഭഗവാൻ മാർകണ്ഡുപുത്രനു ചിരകാലം ജീവിച്ചിരിപ്പാൻ വരംകൊടുത്ത് അവിടെത്തന്നെ അന്തർദ്ധാനം ചെയ്തു. മൃത്യുപാശത്തിൽനിന്നു മോചിപ്പിക്കപ്പെട്ട മാർക്കണ്ഡേയൻ മാതാപിതാക്കന്മാരുടെ മാലകറ്റിക്കളഞ്ഞ് അവരെ സന്തോഷിപ്പിച്ചുംകൊണ്ടു സുഖമായി വസിക്കുകയും ചെയ്തു.

൯. സത്യവ്രതൻ.

അരുണൻ എന്നു പേരായ രാജാവിന്നു സത്യവ്രതൻ എന്നു പേരോടുകൂടിയ ഒരു പുത്രൻ ഉണ്ടായിരുന്നു. അവൻ പഠിപ്പും സ്വഭാവഗുണവും ഉള്ളവനായിരുന്നുവെങ്കിലും സുഖാനുഭവത്തിൽ വേണ്ടതിലധികം ആസക്തനായിരുന്നു. ഒരിക്കൽ അവൻ കാമംകൊണ്ടു മതിമറന്ന് ഒരു ബ്രാഹ്മണന്റെ പത്നിയെ അപഹരിച്ചു. ധർമ്മത്തിന്റെ രക്ഷകനായിരിക്കേണ്ട രാജാവുതന്നെ അതിന്റെ അതിൎത്തിയെ ഉല്ലംഘിച്ചു കണ്ടതുകൊണ്ടു ബ്രാഹ്മണരെല്ലാവരും പരിഭ്രമിച്ച് അരുണന്റെ അടുക്കൽ ചെന്ന് ആവലാതി പറഞ്ഞു.

ബ്രാഹ്മണർ— രാജൻ, അവിടുത്തെ പുത്രനായ സത്യവ്രതൻ ബ്രാഹ്മണന്റെ വിവാഹം മുടക്കുകയും അവന്റെ നവപരിണീതയായ പത്നിയെ ബലാൽകാരേണ അപഹരിച്ചുകൊണ്ടു പോവുകയും ചെയ്തു. രാജാവുതന്നെ ഇങ്ങിനെ അധർമ്മം പ്രവർത്തിച്ചു തുടങ്ങിയാൽ പ്രജകൾ ഇരുന്നുപൊറുക്കുന്നതെങ്ങിനെയാണ്? ഈ അപരാധത്തിന്നു തക്കതായ ശിക്ഷ കൊടുപ്പാൻ അവിടുന്നല്ലാതെ മറ്റാരുമില്ല.

വിപ്രന്മാരുടെ വാക്കു കേട്ടപ്പോൾ രാജാവിന്നു പുത്രന്റെ നേരെ കലശലായ കോപം ഉണ്ടായി. അദ്ദേഹം സത്യവ്രതനെ വിളിച്ചു പറഞ്ഞു.

അരുണൻ— എടാ, ഇത്ര കടുംപാപം ചെയ്തു നീ ഇനിമേൽ ഒരു നാഴികനേരംപോലും എന്റെ നാട്ടിൽ ഇരിക്കരുത്. നീ ഈ നാടുവിട്ട് എവിടെയെങ്കിലും പോയ്ക്കോകുക. പുത്രനായാലും ശരി, അധർമ്മം പ്രവർത്തിച്ചു

കണ്ടാൽ ദണ്ഡിക്കാതിരിക്കുന്നതു രാജാവിന്റെ ധർമ്മമല്ല.

അച്ഛന്റെ ആജ്ഞയെ അനുസരിക്കാതിരിപ്പാനുള്ള അവിവേകം സത്യവ്രതന്ന് ഉണ്ടായിരുന്നില്ല. അവൻ കൃപിതനായ പിതാവിനോടു വിനയപൂർവ്വം ചോദിച്ചു.

സത്യവ്രതൻ— അച്ഛാ, ഞാൻ എവിടെയാണു പോകേണ്ടത്?

അരുണൻ— ദ്വിജഭാര്യയെ അപഹരിക്കുക എന്നത് ഒരു ചണ്ഡാളനു യോജിച്ച പ്രവൃത്തിയാണ്. അതിനാൽ നീ ചണ്ഡാളന്മാരുടെ ദേശത്തിൽ ചെന്ന് അവരുടെകൂടെ പാർക്കുക. ബ്രാഹ്മണപത്നിയെ നീ അപഹരിച്ചതു കൊണ്ടുണ്ടായിട്ടുള്ളതിനേക്കാൾ വലിയൊരു ദുഷ്കീർത്തി നിന്റെ ചണ്ഡാളദേശവാസംകൊണ്ട് എനിക്കുണ്ടാവാൻ തരമില്ല; നിശ്ചയംതന്നെ.

സത്യവ്രതൻ അരുണന്റെ ആജ്ഞയെ ശരിയായി അനുസരിച്ചു. അവൻ ഉടനെതന്നെ ചണ്ഡാളന്മാരുടെ നാട്ടിലേയ്ക്കു പുറപ്പെട്ടു. നായ്ക്കളെപ്പോലും അടിച്ചുകൊന്നു തിന്നുന്നവരുടെ ഹിംസാമയമായ മലിനവൃത്തിയെത്തന്നെ കൈക്കൊണ്ട അവൻ പ്രവൃത്തികൊണ്ടു നല്ലൊരു നായാടിയായ്തീരുകയും ചെയ്തു. എങ്കിലും അവനു മുമ്പുണ്ടായിരുന്ന മനോഹരണങ്ങളും മുഴുവനും നാശത്തെ പ്രാപിച്ചില്ല.

അരുണൻ സത്യവ്രതനെ സ്വരാജ്യത്തിൽനിന്നു നിഷ്കാസനം ചെയ്തതു വസിഷ്ഠന്റെ പ്രേരണകൊണ്ടായിരുന്നു. അതിനാൽ സത്യവ്രതനു വസിഷ്ഠന്റെ നേരെ കലശലായ ദ്വേഷം ഉണ്ടായി. അതു നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്തു.

സത്യവ്രതൻ ശപഥകന്മാരുടെകൂടെ പാർത്തുംകൊണ്ടിരിക്കുന്നകാലത്ത് അരുണൻ തപസ്സു ചെയ്വാനായി പന്ത്രണ്ടുകാലം അരണ്യത്തിൽ വസിക്കുകയുണ്ടായി. അപ്പോൾ രാജ്യത്തിൽ അധർമ്മം വർദ്ധിക്കുകയും മഴ പെയ്യാതെ ക്ഷാമം ഉണ്ടാവുകയും ചെയ്തു. ജനങ്ങൾ എല്ലാവരും ഭക്ഷിപ്പാനും പാനം ചെയ്വാനും ഒന്നും കിട്ടാതെ വിശന്നുവലഞ്ഞു ക്ഷീണിക്കുകയും രോഗങ്ങൾ ബാധിച്ചു മരിക്കുകയും ചെയ്തു. അങ്ങിനെ ഇരിക്കേ വിശ്വാമിത്രൻ തന്റെ ധർമ്മപത്നിയെ ഒരിടത്ത് ഏകാകിനിയായി താമസിപ്പിച്ചു ഷൌശികീനദിയുടെ തീരത്തിൽ തപസ്സു ചെയ്വാൻതുടങ്ങി. നിസ്സഹായയായ വിശ്വാമിത്രഭാര്യ തന്റെ കുട്ടികൾക്കും തനിക്കും ഭക്ഷണപദാർത്ഥം സമ്പാദിപ്പാൻ കഴിയാതെ വളരെ കഷ്ടപ്പെട്ടു. ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട ആ പതിവ്രത രാജാവില്ലാത്ത രാജ്യത്തിൽ അനാഥയായി അങ്ങുമിങ്ങും അലഞ്ഞു നടന്നുകൊണ്ടിരുന്നു. ഒരു ദിവസം അവൾ നിരാശപ്പെട്ട് ഒരു പുത്രനെ കൊന്നുകളയുവാനായി തീർച്ചപ്പെടുത്തി. ഭർത്താവുകൊണ്ടുണ്ടാക്കിയ ഒരു കയറെടുത്തു മകന്റെ കഴുത്തിൽ കെട്ടി അവനെ ഞെക്കിക്കൊല്ലുവാൻ ശ്രമിച്ചുംകൊണ്ടിരിക്കുമ്പോൾ കഠിനമായി നിലവിളിച്ചിരുന്ന കുട്ടിയുടെ കരച്ചിൽകേട്ട സത്യവ്രതൻ അവിടെ ചെന്നെത്തി. അപ്രകാരം നിർദ്ദയമായി പുത്രഹത്യ ചെയ്വാനുള്ള കാരണമെന്താണെന്നു സത്യവ്രതൻ ചോദിക്കുകയും വിശ്വാമിത്രഭാര്യ വിവരങ്ങൾ എല്ലാം പറഞ്ഞുകേൾപ്പിക്കുകയും ചെയ്തു. കരുണാവിഷ്ടനായ രാജപുത്രൻ ഋഷിപത്നിയെയും ഋഷികുമാരന്മാരേയും രക്ഷിക്കാമെന്ന് ഏൽക്കുകയും അന്നുമുതൽ അവർക്കു ഭക്ഷണപദാർത്ഥം സമ്പാദിക്കു

കമുതലായ സഹായങ്ങൾ ചെയ്യുകൊടുത്തു തുടങ്ങുകയും ചെയ്തു.

നാട്ടിലും കാട്ടിലും ഒരുപോലെ പടർന്നുപിടിച്ച ദുർഭിക്ഷം നിമിത്തം കായ്കനികൾ ഒന്നും കിട്ടുവാൻ ഉണ്ടായിരുന്നില്ല. താപസവൃത്തി മാത്രം ശീലിച്ചിട്ടുണ്ടായിരുന്ന മുനിപത്നി, മുനിപുത്രന്മാർ എന്നിവർക്കുംകൂടി മാംസഭക്ഷണംകൂടാതെ ജീവധാരണം ചെയ്വാൻ സാധിക്കുകയില്ലെന്നുള്ള ദിക്കായി. അതിനാൽ സത്യവ്രതൻ പക്ഷികൾ മുതലായ പ്രാണികളെക്കൊന്ന് അവയ്ക്കു പാകംചെയ്തുകൊടുത്തിരുന്നു. മാംസഭക്ഷണത്തെ ആപദ്ധർമ്മമായി ഗണിച്ച് അവർ സത്യവ്രതൻ കൊണ്ടുവന്നുകൊടുത്തിരുന്ന മാംസമെല്ലാം ഭക്ഷിക്കുകയും ചെയ്തിരുന്നു.

ഒരുനാൾ സത്യവ്രതൻ വില്ലമ്പുമെടുത്തു കാട്ടിൽ നടന്നുകൊണ്ടിരിക്കുമ്പോൾ യദൃച്ഛയായി ഒരു പശുവിനെ കണ്ടെത്തി. നല്ല ശരീരപുഷ്ടിയോടുകൂടിയിരുന്ന ആ പശു ആരുടേതാണെന്നും മറ്റും ആലോചിക്കാതെ സത്യവ്രതൻ അതിനെ വധിക്കുകയും അതിന്റെ മാംസം ഋഷിപത്നിക്കു കൊടുക്കുകയും ചെയ്തു. ഋഷിപത്നി അതു പാകംചെയ്തു കുട്ടികൾക്കു കൊടുത്ത് താനും ഭക്ഷിച്ചു. വസിഷ്ഠമഹർഷി ആ വർത്തമാനമെല്ലാം അറിഞ്ഞപ്പോൾ കലശലായി കോപിച്ചു, "സത്യവ്രതൻ പിശാചൻ ആയിപോകട്ടെ" എന്നു ശപിച്ചു. പിതാവിന്റെ കോപത്തിനു പാത്രമായിത്തീർന്ന സത്യവ്രതനു വസിഷ്ഠന്റെ ശാപവുംകൂടി അവന്റെ തേജസ്സിൽ പകുതിയിലധികം നശിച്ചുപോയി.

പിതാവിന്റെ കോപം, രാജ്യഭ്രംശം, മുനിശാപം, എന്നിവയെല്ലാം സത്യവ്രതനു പശ്ചാത്താപം ഉളവാക്കി

അവനെ ശ്രേയോമാർഗ്ഗത്തിലേക്കു വഴി തിരിച്ചുവിട്ടു. താൻ ചെയ്ത പാപങ്ങൾ പോക്കുവാനായി അവൻ തപസ്സും ഈശ്വരാരാധനവും തുടങ്ങി. സകല പാപങ്ങളേയും നശിപ്പിച്ചു ചിത്തശുദ്ധി നല്കുവാൻ ശക്തിയുള്ള ഭഗവതിയെ സേവിക്കേണ്ടുന്ന ക്രമം അവൻ ഒരു ഋഷിയുടെ അടുക്കൽ നിന്ന് അഭ്യസിച്ചുപോന്നു. എന്നിട്ടും തന്റെ പാപങ്ങൾ ഒടുങ്ങുവാൻ പ്രയാസമാണെന്നു നിശ്ചയിച്ച് അവൻ അത്യന്തമായ പശ്ചാത്താപത്തോടുകൂടി അഗ്നിപ്രവേശം ചെയ്ത ശരീരത്തെ ത്യജിപ്പാൻ തീർച്ചപ്പെടുത്തി.

കാട്ടിൽ അങ്ങുമിങ്ങും കിടന്നിരുന്ന വിറകു പെറുക്കിക്കൂട്ടി ഒരു ചിത നിർമ്മിച്ച് അഗ്നിയെ ജ്വലിപ്പിച്ച സത്യവ്രതൻ അഗ്നിപ്രവേശത്തിന്നായി ഒരുങ്ങിനിന്നു. അപ്പോഴ്ക്കും ആകാശത്തിൽനിന്ന് ഇപ്രകാരം ഒരു അശരീരിവാക്കു കേൾക്കുമാറായി. "അല്ലെ രാജപുത്ര, നീ പണ്ടു പല കടുംപാപങ്ങൾ ചെയ്തുവെങ്കിലും പശ്ചാത്താപംകൊണ്ട് ഇപ്പോൾ പരിശുദ്ധനായിരിക്കുന്നു. ഇനി നിന്നെ പിതാവു നിന്നെ കൈക്കൊള്ളാതിരിക്കയില്ല. അതിനാൽ നീ ശരീരത്യാഗം ചെയ്യാതെ സ്വരാജ്യത്തിലേക്കു മടങ്ങിപ്പോവുക."

സത്യവ്രതൻ ആ അശരീരിവാണിയെ അനുസരിച്ചു. അവൻ സ്വഗൃഹത്തിലേയ്ക്കു മടങ്ങിയപ്പോൾ അവന്റെ അച്ഛൻ വാർദ്ധക്യംകൊണ്ടു ക്ഷീണഗാത്രനായി രാജ്യഭാരം വഹിപ്പാൻ ശക്തിയില്ലാതെ വ്യസനിച്ചുകൊണ്ടിരിക്കുകയായിരുന്നു. തപസ്സുകൊണ്ടും പശ്ചാത്താപംകൊണ്ടും പാപം നീങ്ങിയ പുത്രൻ മടങ്ങിവരുന്നതു കണ്ടപ്പോൾ അരുണനുണ്ടായ സന്തോഷത്തിന്ന് അതിരുണ്ടായിരുന്നില്ല.

അദ്ദേഹം അവനെ ആഹ്ലാദത്തോടും ആദരത്തോടും എതിരേറ്റു രാജാവിന്റെ സ്ഥാനത്തിൽ പ്രതിഷ്ഠിച്ചു, പ്രജകളുടെ സമ്മതത്തോടും സന്തോഷത്തോടുംകൂടി പട്ടാഭിഷേകം ചെയ്തു വാനപ്രസ്ഥാശ്രമം സ്വീകരിച്ച്, അരണ്യവാസത്തെ അംഗീകരിച്ചു. സത്യവ്രതൻ അത്യന്തമായ ധർമ്മനിഷ്ഠയോടുകൂടി പ്രജകളെ പരിപാലിച്ചുംകൊണ്ടു നെടുനാൾ നാടുവാണു.

൨. യുധിഷ്ഠിരനും നായും

മഹാപ്രസ്ഥാനം പുറപ്പെട്ട പഞ്ചപാണ്ഡവന്മാരിൽ നാലുപേരും പാഞ്ചാലിയും പതിവ്രതയോടുകൂടി ദേവേന്ദ്രൻ അദ്ദേഹത്തിന്റെ തേരുംകൊണ്ടു യുധിഷ്ഠിരന്റെ മുമ്പിൽ ചെന്നുനിന്ന് ഇപ്രകാരം പറഞ്ഞു.

ദേവേന്ദ്രൻ— അല്ലേ രാജൻ, അങ്ങുന്നു ധർമ്മംകൊണ്ടു സമ്പാദിച്ചിട്ടുള്ള സ്വർഗ്ഗലോകത്തിലേയ്ക്ക് അങ്ങയെ കൂട്ടിക്കൊണ്ടു പോകുവാനായിട്ടാണു ഞാൻ ഈ തേരോടുകൂടി വന്നിട്ടുള്ളത്. ഈ തേരിൽ കയറുക. നമുക്കു സ്വർഗ്ഗലോകത്തിലേയ്ക്കു പോകാം.

ധർമ്മത്തെ വേണ്ടുംവണ്ണം അറിയുന്നവനും ശരിയാകുംവണ്ണം അനുഷ്ഠിക്കുന്നവനുമായ യുധിഷ്ഠിരൻ വിണ്ണവർതലൈവരന്റെ ഈ മൊഴിക്കു മറുപടി പറഞ്ഞത് ഇപ്രകാരമായിരുന്നു.

യുധിഷ്ഠിരൻ— അല്ലേ ദേവരാജ, എന്റെ അനുജന്മാർ നാലുപേരും വീണുപോയി. അവരോടുകൂടി സ്വർഗ്ഗത്തിലേയ്ക്കു പോകുവാനാണ് എനിയ്ക്ക് ആഗ്രഹമുള്ളത്. അവരോടുകൂടാതെ ഞാൻ സ്വർഗ്ഗത്തിലേയ്ക്കു വരുവാൻ വിചാ

രിക്കുന്നതുതന്നെയില്ല. സകല സുഖങ്ങളേയും അഹിക്കുന്ന പാഞ്ചാലിയുംകൂടി എന്റെകൂടെ വന്നാൽകൊള്ളാമെന്ന് എനിയ്ക്ക് ഒരു മോഹംകൂടിയുണ്ട്.

ദേവേന്ദ്രൻ— അങ്ങയുടെ അനുജന്മാരെ സ്വർഗ്ഗലോകത്തിൽ കാണാം. ഭൌതികമായ ശരീരത്തോടുകൂടി സ്വർഗ്ഗലോകത്തിലേയ്ക്കു പോകുവാൻ അവക്ക് അധികാരമില്ല. അത് അങ്ങയ്ക്കുമാത്രമേ നൽകപ്പെട്ടിട്ടുള്ളൂ. അതിനാൽ അങ്ങുന്നു സമയംകളയാതെ എന്റെ ഈ തേരിൽ കയറുക. അവർ എല്ലാവരും തങ്ങളുടെ ഭൌതികശരീരത്തെ ത്യജിച്ചു ദിവ്യകളേബരത്തോടുകൂടി നാകലോകത്തിൽ വന്നുചേരാതിരിക്കയില്ല.

യുധിഷ്ഠിരൻ— അല്ലേ ഇന്ദ്ര. എന്റെകൂടെ ഇതാ ഒരു നായുംകൂടി വരുന്നുണ്ട്. ഇത് എന്നെ ആശ്രയിച്ചുതുടങ്ങീട്ടു വളരെ കാലമായി. ഇതും എന്റെ പിന്നാലെ വന്നുകൊള്ളട്ടെ. ആശ്രിതന്മാരെ ത്യജിക്കുന്നതു ധർമ്മമല്ലല്ലോ.

ഇന്ദ്രൻ— അങ്ങുന്നു ചിരകാലത്തെ ധർമ്മാനുഷ്ഠാനംകൊണ്ടു സ്വർഗ്ഗസുഖത്തേയും മരണമില്ലായ്മയേയും സമ്പാദിച്ചിട്ടുണ്ട്. ഇനി എന്തിനാണ് ഈ ശ്വാവിനെകൂടെക്കൊണ്ടുനടക്കുന്നത്? ഇനിയെങ്കിലും ഇതിനെ തള്ളിക്കളയരുതോ? ആശ്രിതന്മാരെ ത്യജിക്കുന്നതു ധർമ്മമല്ലെങ്കിലും ദിവ്യതപ പ്രാപിച്ച അങ്ങുന്ന് ഈ ശ്വാവിനെ കൈവിട്ടുകളയുന്നതിൽ പാപമൊന്നുമില്ല.

യുധിഷ്ഠിരൻ— സേവിക്കുന്നവരെ ത്യജിച്ചിട്ട് ഉണ്ടാകുന്ന ശ്രേയസ്സും സുഖവും, എത്രതന്നെ വലുതായാലും, എനിയ്ക്ക് ആവശ്യമില്ല. അതിനാൽ ഈ ശ്വാവിനെ കൂ

ടി സ്വർഗ്ഗത്തിലേക്കു വരുവാൻ അങ്ങുന്ന് അനുവദിക്കാത്തപക്ഷം ഞാനും സ്വർഗ്ഗത്തിലേയ്ക്കു വരുവാൻ ആഗ്രഹിക്കുന്നില്ല. സ്വർഗ്ഗത്തിൽ വസിച്ചാലും പാപം ചെയ്യുന്നതുകൊണ്ടുള്ള പശ്ചാത്താപം എന്നെ ഖേദിപ്പിക്കാതിരിക്കില്ല.

ഇന്ദ്രൻ— അല്ലേ രാജൻ, അങ്ങുന്ന് എന്താണ് ഈപ്പറയുന്നത്? അശ്വമേധം മുതലായ യാഗങ്ങൾ ചെയ്തിട്ടുള്ള മനുഷ്യർക്കു സ്വർഗ്ഗത്തിൽ പ്രവേശം അനുവദിക്കപ്പെട്ടിട്ടുണ്ട്. നായ്ക്കൾക്കു സ്വർഗ്ഗസുഖം അനുഭവിപ്പാൻ യോഗ്യതയില്ല.

യുധിഷ്ഠിരൻ— അതു ശരിയായിരിക്കാം. എങ്കിലും സ്വർഗ്ഗസുഖത്തെക്കൊതിച്ച് ആശ്രിതനെ ഉപേക്ഷിപ്പാൻ എനിക്കു തരമില്ല. അതുകൊണ്ട് അങ്ങുന്ന് എത്രതന്നെ പറഞ്ഞാലും ഞാൻ ഇതിനെ വിടുകയില്ല. ഭയപ്പെട്ടവനേയും ആശ്രയിച്ചവനേയും, ആപത്തിലകപ്പെട്ടവനേയും, ശരണംപ്രാപിച്ചവനേയും രക്ഷിക്കാത്തവൻ മഹാപാപിയാണെന്നാണ് ധർമ്മശാസ്ത്രം പറയുന്നത്.

ഇന്ദ്രൻ— അനുജന്മാരേയും ഭാര്യയേയും വേർപിരിഞ്ഞു സ്വർഗ്ഗത്തിലേയ്ക്കു പുറപ്പെട്ടന്ന അങ്ങയ്ക്ക് ഈ ശ്വാവിനെ വിട്ടുകളയുവാൻ ഇത്ര വലിയ ഖേദം ഉണ്ടാകുന്നതെങ്ങിനെ? ഇത് ഒരു വലിയ വിഡ്ഢിത്തമാണെന്നുംകൂടി എനിക്കു തോന്നുന്നുണ്ട്.

യുധിഷ്ഠിരൻ— അങ്ങുന്ന് എന്തു പറഞ്ഞാലും ഈ ശ്വാവിനെ ഞാൻ ത്യജിക്കുകയില്ല. ഇതോടുകൂടി വരുവാൻ സമ്മതം നല്കുകയില്ലെങ്കിൽ ഞാൻ ഇവിടെതന്നെ ഇരുന്നുകൊള്ളാം. തേർ തിരിച്ചുകൊണ്ടു പോയ്ക്കൊള്ളുക.

യുധിഷ്ഠിരൻ ഇപ്രകാരം നിശ്ചയമായി പറഞ്ഞപ്പോൾ ശ്വാവിന്റെ രൂപം ധരിച്ചിരുന്ന ധർമ്മദേവൻ തന്റെ സ്വന്തം രൂപത്തെ പ്രദർശിപ്പിച്ചു യുധിഷ്ഠിരനെ പ്രീതിപൂർവ്വം അഭിസംബോധനം ചെയ്യുംകൊണ്ടു പറഞ്ഞു.

ധർമ്മദേവൻ—അല്ലേ പുത്രാ, ഞാൻ പണ്ടൊരിക്കൽ ദ്വൈതവനത്തിൽവെച്ചു യക്ഷന്റെ വേഷംപൂണ്ടു നിന്നെ പരീക്ഷിക്കുകയുണ്ടായി. അന്നും നീ നിന്റെ അസാധാരണമായ ധർമ്മശ്രദ്ധയെ വെളിപ്പെടുത്തി ഇന്നും നീ കാണിച്ച ധർമ്മനിഷ്ഠ ആശ്ചര്യകരംതന്നെ. ഒരു ശ്വാവിനെ രക്ഷിപ്പാൻവേണ്ടി ദേവരാജന്റെ രഥത്തേയും സ്വർഗ്ഗസുഖത്തേയും ഉപേക്ഷിപ്പാൻ ഒരുങ്ങിയ നിന്നെപ്പോലെ ധർമ്മശ്രദ്ധയുള്ള മറ്റൊരുവനെ ഞാൻ കണ്ടിട്ടേ ഇല്ല. നിനക്ക് ഈ ദേഹത്തോടുകൂടിത്തന്നെ സ്വർഗ്ഗത്തിലേയ്ക്കും മറ്റു പല പുണ്യലോകങ്ങളിലേയ്ക്കും പോകുവാനുള്ള അർഹതയുണ്ടാകും.

ഇപ്രകാരം അരുളിച്ചെയ്ത ധർമ്മദേവൻ അന്തർദ്ധാനം ചെയ്തു. ദേവേന്ദ്രൻ യുധിഷ്ഠിരനെ തന്റെ തേരിൽ കയറ്റി ആകാശമാർഗ്ഗത്തിലൂടെ അമരാവതിയിലേയ്ക്കു പുറപ്പെട്ടു. മനുഷ്യശരീരത്തോടുകൂടി യുധിഷ്ഠിരൻ ദേവലോകത്തിലേയ്ക്കു പോകുന്നതു കാണ്മാനായി വിമാനചാരികളായ വിണ്ണവരെല്ലാവരും വന്നെത്തി. നാരദൻ മുതലായ ദേവർഷികളാലും ദേവഗണങ്ങളാലും പ്രശംസിക്കപ്പെട്ടുംകൊണ്ടു ധർമ്മപുത്രർ സ്വർഗ്ഗത്തിലേയ്ക്കു ഗമിക്കുകയും ചെയ്തു.

൯. ശ്രീശുകൻ

പരാശരമഹർഷിയുടേയും സത്യവതിയുടേയും പുത്രനായ വേദവ്യാസൻ ഒരു നൈഷ്ഠിക ബ്രഹ്മചാരിയായിരുന്നു. എങ്കിലും അദ്ദേഹത്തിന്ന് ഒരു പുത്രൻ ഉണ്ടായിരുന്നുവെന്നാണ പുരാണങ്ങൾ പറയുന്നത്. വ്യാസനെപ്പോലെതന്നെ വലിയൊരു ജ്ഞാനിയും അദ്ദേഹത്തേക്കാൾ വളരെ അധികം ചിത്തശുദ്ധിയുള്ളവനുമായ ആ ദിവ്യപുരുഷന്റെ ചരിത്രം അത്യന്തം ആശ്ചര്യകരമായിട്ടുള്ളതാണ്. ആ ജന്മമുകുതനായ അദ്ദേഹത്തിന്റെ പ്രവൃത്തികൾ പ്രകൃതിയുടെ നിയമങ്ങൾക്കു കീഴടങ്ങിയവയായിരുന്നില്ല.

തനിക്കൊരു പുത്രനുണ്ടാകണമെന്നുള്ള ആഗ്രഹത്തോടുകൂടി വ്യാസൻ മഹാമേരുപർവ്വതത്തിൽ ചെന്നു വസിച്ചു ശിവനെക്കുറിച്ചു തീവ്രമായ തപസ്സു ചെയ്തുകൊണ്ടിരുന്നു. അങ്ങിനെയിരിക്കേ ഒരുനാൾ ശിവൻ ശ്രീപാർവ്വതിയോടുകൂടി വ്യാസന്റെ മുമ്പിൽ പ്രത്യക്ഷനായി അദ്ദേഹത്തോടു പറഞ്ഞു.

ശിവൻ— മുനേ, അങ്ങയുടെ ഈ തപസ്സുകൊണ്ടും ഭക്തികൊണ്ടും ഞാൻ സന്തുഷ്ടനായി. അങ്ങയ്ക്ക് അഗ്നി, വായു, അംബരം, ആകാശം, എന്നീ ഭൂതങ്ങളെപ്പോലെ പ്രകൃത്യാതന്നെ പരമപാവനനായ ഒരു പുത്രൻ ജനിക്കും.

ഇപ്രകാരം ശിവൻ നല്കിയ വരം ഫലിച്ചുകാണ്മാൻ വ്യാസന്നു വളരെക്കാലം കാത്തിരിക്കേണ്ടിവന്നില്ല. വ്യാസൻ ഒരു ദിവസം അഗ്നിയുണ്ടാക്കുവാനായി അരണിമന്ഥനം ചെയ്തുകൊണ്ടിരുന്നു. ആ അരണിയിൽനിന്നാണ തേജോമൂർത്തിയായ ശ്രീശുകൻ ആവിർഭവിച്ചത്.

പുകകൂടാതെ കത്തിജ്ജ്വലിക്കുന്ന പാവകനെപ്പോലെ പ്രകാശിച്ചിരുന്ന ശുകന്റെ ശരീരം ആകൃതികൊണ്ടും വർണ്ണംകൊണ്ടും വ്യാസന്റെ ദേഹത്തെപ്പോലെതന്നെയായിരുന്നു. അദ്ദേഹം ജനിച്ച ഉടനെ പാവനയായ ഗംഗാനദി മൂർത്തിമതിയായി വന്ന് അദ്ദേഹത്തിനു പാനം ചെയ്യാൻ വെള്ളം കൊടുത്തു. അദ്ദേഹത്തിന്ന് ഉടുക്കുവാൻ ഒരു കൃഷ്ണാജിനവും ധരിപ്പാൻ ഒരു ദണ്ഡവും ആകാശത്തിൽനിന്നു വീണു. അദ്ദേഹത്തിന്റെ അവതാരസമയത്തു ഗന്ധർവ്വന്മാർ പാട്ടുപാടുകയും അപ്സരസ്ത്രീകൾ ആടുകയും ചെയ്തു.

വിധിജ്ഞനായ വേദവ്യാസൻ ദിവ്യപ്രഭാവനായ പുത്രന്റെ ഉപനയനം ജനിച്ച ഉടനെതന്നെ നടത്തി. ദേവകളുടെ രാജാവായ ഇന്ദ്രൻ ശുകനു ദിവ്യമായ ഒരു കമണ്ഡലുവും വസ്ത്രങ്ങളും പ്രീതിപൂർവ്വം അയച്ചുകൊടുത്തു. ഹംസങ്ങൾ തുടങ്ങിയ പക്ഷികളെല്ലാം അദ്ദേഹത്തെ വലംവെച്ചു വന്ദിച്ചു. ഇങ്ങിനെ അസാധാരണമായ വിധത്തിൽ അവതരിച്ച ആ മുനിപുത്രൻ ബ്രഹ്മചാരിവ്രതങ്ങൾ അനുഷ്ഠിച്ചുകൊണ്ടു വേദാദ്ധ്യയനം തുടങ്ങിയപ്പോഴ്ക്കും വേദാർത്ഥരഹസ്യമെല്ലാം അദ്ദേഹത്തിനു സ്വയമേവ പ്രകാശിച്ചു. വേദങ്ങളുടേയും ശാസ്ത്രങ്ങളുടേയും അർത്ഥമെല്ലാം അദ്ദേഹത്തിനു മറ്റൊരാളുടെ ഉപദേശംകൂടാതെന്നെ മനസ്സിലായിരുന്നുവെങ്കിലും അദ്ദേഹം ദേവാചാര്യനായ ബൃഹസ്പതിയെ ഉപാദ്ധ്യായനായി വരിച്ച് അദ്ദേഹത്തിന്റെ അടുക്കൽ സകല ശാസ്ത്രങ്ങളേയും അഭ്യസിച്ചു. അതിന്റെശേഷം അദ്ദേഹം ഗുരുഗൃഹത്തിൽനിന്നു മടങ്ങിവന്ന് അത്യുഗ്രമായ തപസ്സു ചെയ്യുതുടങ്ങി. അതു ചെറുപ്പത്തിൽതന്നെ അദ്ദേ

ഹത്തിന്ന് ആദ്യത്തെ മൂന്നാശ്രമങ്ങളിൽ വഹിയ വിശ്രുതി വന്നിരുന്നതിനാൽ അദ്ദേഹത്തിന്റെ മനസ്സു തീവ്രമായ തപസ്സിൽ ദൃഢമായി ഉറച്ചുപോകുവാൻ വളരെക്കാലം വേണ്ടിവന്നില്ല. ജ്ഞാനംകൊണ്ടെന്നപോലെതന്നെ തപസ്സുകൊണ്ടും അദ്ദേഹം മറവുള്ള മുനിജനങ്ങൾക്കുകൂടി മാന്യനായിത്തീർന്നു.

ലൌകികസുഖങ്ങളിൽ അനാസക്തനായ ശുകൻ മോക്ഷധർമ്മം അഭ്യസിപ്പാനായി സഭാപതിയായിത്തന്നെയാണ് പിന്നീട് ആചാര്യനായി വരിച്ചത്. ആദ്ധ്യാത്മികങ്ങളായ ദർശനങ്ങളുടെ അന്തരാർത്ഥം ഗ്രഹിച്ചിരുന്ന പാരാശര്യൻ പുത്രന്ന് ആത്മസാക്ഷാത്കാരം മനസ്സിലാക്കിക്കൊടുപ്പാനായി സാംഖ്യം, യോഗം മുതലായ ശാസ്ത്രങ്ങളെല്ലാം സ്നേഹപൂർവ്വം പഠിപ്പിച്ചു. ശുകൻ ആത്മതത്വങ്ങളെ പ്രതിപാദിക്കുന്ന ശാസ്ത്രങ്ങളിലെല്ലാം നല്ല നൈപുണ്യം സമ്പാദിച്ചുകഴിഞ്ഞപ്പോൾ വേദവ്യാസൻ വാത്സല്യപൂർവ്വം അദ്ദേഹത്തോടു പറഞ്ഞു:—"പുത്ര, നീ ഇനി മിഥിലയിലെ രാജാവായ ജനകന്റെ അടുക്കലേക്കു പോവുക. അദ്ദേഹം മോക്ഷധർമ്മത്തിന്റെ രഹസ്യം മുഴുവനും നിനക്ക് ഉപദേശിച്ചുതരും. ആത്മതത്വങ്ങളുടെ യഥാർത്ഥജ്ഞാനം ജനകനുള്ളതുപോലെ മറ്റാർക്കുമില്ല. എന്നാൽ അദ്ദേഹത്തിന്റെ അടുക്കലേക്കു പോകുമ്പോൾ മനസ്സിരുത്തേണ്ടതായ ചില കാര്യങ്ങൾ ഉണ്ട്. നിനക്കു ദിവ്യമായ പ്രഭാവമുണ്ടെങ്കിലും അതൊന്നും അദ്ദേഹത്തിന്റെ അടുക്കൽ കാണിക്കരുത്. സുഖാനുഭവത്തിലുള്ള ഇച്ഛയും അഹങ്കാരവും ഉണ്ടെങ്കിൽ അദ്ദേഹത്തിന്റെ ശിഷ്യനാവാനുള്ള യോഗ്യത ഉണ്ടാവില്ല. വിനയത്തോടും ആർജ്ജവത്തോടുംകൂടി അദ്ദേഹത്തെ ശുശ്രൂ

ഷിക്കണം. എന്നാൽ അദ്ദേഹം നിന്റെ സംശയങ്ങളെല്ലാം തീർത്തു തത്ത്വോപദേശം ചെയ്യും." വിജ്ഞാനികളിൽ മുമ്പനായ വേദവ്യാസൻ പുത്രനെ ഇപ്രകാരം ഉപദേശിച്ച് ജനകമഹാരാജാവിന്റെ അടുക്കലേക്കയച്ചു. ശൈശവത്തിൽത്തന്നെ വിരക്തനായിരുന്ന ശുകൻ ആചാര്യനെ തേടിക്കൊണ്ടു മിഥിലയിലേക്കു പുറപ്പെടുകയും ചെയ്തു.

പ്രസന്നചിത്തനായ ശുകൻ മോക്ഷോപായങ്ങളെത്തന്നെ ചിന്തിച്ചുംകൊണ്ട് മിഥിലാനഗരിയിലേക്കു നടകൊണ്ടു. അദ്ദേഹം ആ പട്ടണത്തിന്റെ ഗോപുരദ്വാരത്തിലെത്തിയപ്പോൾ അവിടെ നിന്നിരുന്ന ദ്വാരപാലന്മാർ അദ്ദേഹത്തെ അകത്തേക്കു കടക്കുവാൻ അനുവദിക്കാതെ തടുത്തു നിർത്തി. ശാന്തശീലനായ ശുകൻ അവരോടു കോപിക്കാതെ ഗോപുരദ്വാരത്തിൽത്തന്നെ നിന്നു. അങ്ങിനെ കുറച്ചുനേരം കഴിഞ്ഞപ്പോൾ വെയിലിന്റെ ചൂട് അസഹ്യമായിത്തീർന്നു. എന്നിട്ടും അദ്ദേഹം അവിടെനിന്ന് ഇളകിയില്ല. ഉച്ചസമയമായപ്പോൾ ദയാലുവായ ഒരു ദ്വാരപാലകൻ അദ്ദേഹത്തിനു രാജമന്ദിരത്തിന്റെ രണ്ടാമത്തെ കക്ഷ്യയിലേക്കു കടന്നുകൊള്ളുവാൻ സമ്മതം കൊടുത്തു.

അവിടെ ചെന്നപ്പോൾ അദ്ദേഹത്തിനു വെയിലേറ്റു കഷ്ടിക്കാതെ ഒരിടത്തു തണലത്തിരിക്കുവാൻ തരമായി. എങ്കിലും അദ്ദേഹത്തെ ആരും തിരിഞ്ഞുനോക്കുകപോലും ചെയ്തില്ല. മോക്ഷമാർഗ്ഗത്തെപ്പറ്റിയ ചിന്തകളിൽ മഗ്നമാനസനായിരുന്ന ശുകന് മാനാവമാനങ്ങൾ രണ്ടും ഒരുപോലെയായിരുന്നു. അതിനാൽ അദ്ദേഹം അവിടെയും യാതൊരു ഭാവഭേദവും കൂടാതെയാണ് ഇരുന്നത്. അങ്ങിനെ കുറച്ചുനേരം കഴിഞ്ഞപ്പോൾ ജനകന്റെ മന്ത്രിമാരി

ലൊരുവൻ വന്ന് അദ്ദേഹത്തെ ബഹുമാനപുരസ്സരം എതിരേറ്റ് രാജഗൃഹത്തിന്റെ മൂന്നാമത്തെ കക്ഷ്യയിലേക്കു കൂട്ടിക്കൊണ്ടുപോയി.

അവിടെച്ചെന്നപ്പോൾ ജനകമഹാരാജാവ് മന്ത്രിമാരോടും പുരോഹിതനോടും പത്നിമാരോടുംകൂടി തന്റെ ഗുരുപുത്രനായ ശുകനെ വേണ്ടുംവണ്ണം എതിരേറ്റ് യഥായോഗ്യം സൽകരിച്ചിരുത്തി അർഘ്യപാദ്യാദികളും കൊടുത്തു വിധിപോലെ പൂജിച്ചു. അതിന്റെ ശേഷം രാജാവ് ആ അതിഥിയോട് ആഗമനകാരണം ചോദിച്ചു. അതിനു ശുകൻ മറുവടി പറഞ്ഞു.

ശുകൻ—രാജൻ, മോക്ഷധർമ്മത്തിന്റെ രഹസ്യങ്ങളും അറിഞ്ഞ അങ്ങയെ ഗുരുവായി വരിപ്പാനാണ് എന്റെ പിതാവ് എന്നോട് ഉപദേശിച്ചിട്ടുള്ളത്. ആ ഉപദേശത്തെ അനുസരിച്ചാണ് ഞാൻ ഇങ്ങോട്ടു വന്നിട്ടുള്ളത്. അതിനാൽ, രാജൻ, എനിക്കു ദയവുചെയ്തു മോക്ഷോപായം ഉപദേശിച്ചു തരിക. ഒരുവൻ ബ്രാഹ്മണനായി ജനിച്ചാൽ ചെയ്യേണ്ടതെന്താണെന്ന് ഒന്നാമതായി ഉപദേശിക്കുക.

ജനകൻ—ബ്രാഹ്മണനായി പിറന്നവൻ ഉപനയനം കഴിഞ്ഞാൽ ബ്രഹ്മചര്യം അനുഷ്ഠിച്ച് ഗുരുശുശ്രൂഷ ചെയ്തും കൊണ്ടു വേദാദ്ധ്യയനം ചെയ്യണം. വേദാദ്ധ്യയനം കഴിഞ്ഞാൽ ഗുരുദക്ഷിണകൊടുത്ത് ഗുരുവിന്റെ സമ്മതത്തോടുകൂടി സമാവർത്തനംചെയ്തു ഗൃഹസ്ഥാശ്രമം സ്വീകരിക്കണം.

ശുകൻ—ചിത്തശുദ്ധിയും തത്വജ്ഞാനവും ഉണ്ടായാൽ പിന്നേയും ബ്രഹ്മചര്യം മുതലായ മൂന്നാശ്രമങ്ങളും ഒഴിച്ചുകൂടാത്തവയാണോ ?

ജനകൻ—ജ്ഞാനംകൊണ്ടാണ് മോക്ഷം കിട്ടുന്നത്. ഇന്ന ആശ്രമത്തിലിരുന്നാൽ മാത്രമേ ജ്ഞാനം ഉണ്ടാവുകയുള്ളു എന്ന നിയമമില്ല. അതിനാൽ ഏതാശ്രമത്തിലായാലും ജ്ഞാനമുണ്ടെങ്കിൽ മോക്ഷം ലഭിക്കുമെന്നാണു പറയേണ്ടത്. ഗുരുവിന്റെ സഹായംകൂടാതെ ശരിയായ ജ്ഞാനം ഉണ്ടാകുന്നതല്ല. സംസാരസാഗരം കടക്കുന്നതിൽ തത്വജ്ഞാനം തോണിയും ആചാര്യൻ ആ തോണിയുടെ അമരക്കാരനുമാണെന്നാണ് അറിവുള്ളവർ പറയാറുള്ളത്. സുഖദുഃഖങ്ങളും, നിന്ദാസ്തുതികളും, ജന്മമരണങ്ങളും എന്നിവയെല്ലാം ഒരുപോലെയാണെന്ന തോന്നത്തക്കവണ്ണം വൈരാഗ്യമുള്ള ഒരുവന്റെ അന്തഃകരണത്തിൽ മാത്രമേ ആത്മജ്ഞാനം ഉദിക്കുകയുള്ളു. അല്ലേ ബ്രാഹ്മണൻ, അങ്ങയുടെ സുകൃതംകൊണ്ടും ഗുരുവിന്റെ പ്രസാദംകൊണ്ടും അങ്ങയ്ക്കു ശരിയായ ആത്മജ്ഞാനം ഇപ്പോൾതന്നെ ഉണ്ടായിട്ടുണ്ട്. എന്നാൽ അതിന്റെ ഫലം സിദ്ധിക്കാത്തത് ഉള്ളിലുള്ള സംശയംകൊണ്ടോ ധൈര്യക്കുറവുകൊണ്ടോ ആയിരിക്കണം. അങ്ങയ്ക്കു ഞാൻ പറഞ്ഞുതരേണ്ടതായി ഒന്നും ഉണ്ടെന്നു തോന്നുന്നില്ല. അങ്ങുന്നു ശരിയായ മോക്ഷമാർഗ്ഗത്തിൽ എത്തിച്ചേരുക കഴിഞ്ഞുവെന്നു പറഞ്ഞുതരിക മാത്രമേ ഞാൻ ചെയ്യേണ്ടതായിട്ടുള്ളു.

ജനകമഹാരാജാവ് ഇപ്രകാരം പറഞ്ഞതു കേട്ടപ്പോൾ ശുകന്ന് എന്തെന്നില്ലാത്ത ആനന്ദവും കൃതകൃത്യതയും ഉണ്ടായി. അദ്ദേഹം യോഗാഭ്യാസംചെയ്തു ബ്രഹ്മാനന്ദം അനുഭവിപ്പാനായി ഹിമവൽപർവ്വതത്തിലേക്കു പുറപ്പെട്ടു. അപ്പോഴേയ്ക്കും ദേവർഷിയായ നാരദൻ ശുകന്നു ത

തോപദേശം ചെയ്യാനായി അവിടെ വന്നെത്തി. അദ്ദേഹം ആത്മസ്വരൂപത്തേയും മോക്ഷോപായത്തേയും വിഷയമാക്കിക്കൊണ്ടു ശുകനു പ്രൌഢവും ദീഘ്വുമായ ഒരുപദേശം കൊടുത്തു. ബൃഹസ്പതിയുടേയും, വ്യാസന്റേയും, ജനകന്റേയും ശിഷ്യത്വംകൊണ്ടു ശുകനുണ്ടായ ജ്ഞാനം നാരദമാമുനിയുടെ ഉപദേശംകൊണ്ട് പൂർവ്വാധികം പ്രകാശിച്ചു.

നാരദമഹർഷി ശുകനു് ആശീർവ്വാദം കൊടുത്തു മടങ്ങിപ്പോയി. ശുകൻ മനസ്സുകൊണ്ട് ഇങ്ങിനെ ആലോചിച്ചുറച്ചു: — ഞാൻ യോഗാഭ്യാസംചെയ്തു ശരീരത്തെ ത്യജിച്ച്, എന്റെ പ്രാണനെ വായുവിൽ ലയിപ്പിച്ച്, തേജോമയമായ സൂര്യമണ്ഡലത്തെ പ്രവേശിക്കും. എന്നാൽ എനിക്ക് ഇനിമേൽ ജനനമരണങ്ങൾ വേണ്ടിവരികയില്ല." ഇങ്ങിനെ നിശ്ചയിച്ച് ആ മഹാത്മാവ് അച്ഛന്റെ അനുവാദം വാങ്ങുവാനായി അദ്ദേഹത്തിന്റെ അടുക്കലേക്കു തിരിച്ചുപോയി.

പിതാവിനെ പ്രദക്ഷിണംചെയ്തു പ്രണമിച്ച്, ശുകൻ യോഗാഭ്യാസം ശീലിപ്പാനായി ഹിമവൽപർവ്വതത്തിലേക്കു പോവാൻ തന്നെ അനുവദിക്കണമെന്നപേക്ഷിച്ചു. പുത്രന്റെ ഉദ്ദേശം വ്യാസനു വളരെ നല്ലതായി തോന്നിയെങ്കിലും പുത്രവിരഹം വേദനാകരമായിട്ടാണ് തോന്നിയത്. യാത്രപറഞ്ഞു പുറപ്പെട്ട മകനെ വിളിച്ച് അദ്ദേഹം പറഞ്ഞു: — "മകനേ, മകനേ, നില്ക്കുക. കുറച്ചുനേരം നില്ക്കുക. ഞാൻ നിന്റെ പൂമേനിയെ ഒരു നോക്കുകൂടി കണ്ട് എന്റെ കണ്ണുകൾ കുളിപ്പിച്ചുകൊള്ളട്ടെ." മുക്തസംഗനായ ശുകൻ അച്ഛന്റെ ആഹ്വാനത്തെ വകവെക്കാതെ ഹിമാലയത്തിലേക്കു നടകൊണ്ടു.

ശുകൻ ഹിമഗിരിയുടെ നിശ്ശബ്ദമായ ഒരു ശിഖരത്തിൽ ചെന്നു കിഴക്കോട്ടു തിരിഞ്ഞിരുന്നു ശരീരത്തേയും മനസ്സിനേയും ഇളകാതെ നിത്തി പഞ്ചപ്രാണങ്ങളടേയും പ്രവൃത്തിയെ തടഞ്ഞു യോഗാഭ്യാസം ചെയ്തു. അധികകാലം കഴിയുന്നതിനു മുമ്പായി അദ്ദേഹം പാഞ്ചഭൌതികമായ ദേഹത്തെ ത്യജിച്ചു വായുവിൽ ലയിച്ച് ആകാശമാർഗ്ഗത്തിലൂടെ സഞ്ചരിച്ചു തുടങ്ങി.

മാരുതനിൽ ലയിച്ച മനോവേഗത്തോടുകൂടി പോകുന്ന ശുകനെ കണ്ടു ദേവന്മാരും, ഗന്ധർവ്വന്മാരും, അപ്സരസ്സുകളും ആശ്ചര്യപ്പെട്ടുംകൊണ്ടു പുഷ്പവർഷം ചെയ്തു. തേജോമയമായ ദിവ്യശരീരത്തോടുകൂടി സൂര്യമണ്ഡലത്തിലേയ്ക്കു പോകുന്ന അദ്ദേഹത്തെ കണ്ടിട്ട് അംബരചാരികളെല്ലാം "ഏതൊരു ദേവനാണ് ഈ പോകുന്നത്!" എന്നു പരസ്പരം ചോദിച്ചു. അവരിൽ ചിലർ "പുത്രവത്സലനായ വ്യാസൻ പിതൃഭക്തനായ ശുകനെ എങ്ങിനെയാണു വിട്ടയച്ചത്?" എന്ന് ആശ്ചര്യപ്പെട്ടു.

ഇങ്ങിനെ ദേവകളിൽ ചിലർ വിസ്മയിക്കുകയും മറ്റു ചിലർ ശുകനെ വന്ദിക്കുകയും ചെയ്തുകൊണ്ടിരിക്കേ, ശുകൻ കീഴ്പ്പോട്ടുനോക്കി മലകളും, മരങ്ങളും, കാടുകളും, കുളങ്ങളും, മൃഗങ്ങളും, പക്ഷികളും എന്നിവയെയെല്ലാം സംബോധനം ചെയ്തു പറഞ്ഞു:— "അല്ലേ സൃഷ്ടിജാലങ്ങളെ, എന്റെ അച്ഛൻ എന്നെ തേടിക്കൊണ്ടു വരുന്നപക്ഷം അദ്ദേഹത്തിന്റെ ചോദ്യങ്ങൾക്കു നിങ്ങൾ എല്ലാവരും സമാധാനം പറയേണമേ." സൃഷ്ടിജാലങ്ങൾ സകലവും അദ്ദേഹത്തിന്റെ ആജ്ഞയെ അനുസരിക്കാമെന്നു പ്രതിജ്ഞചെയ്തു. ശ്രീശുകൻ അദ്ദേഹത്തിന്റെ യാത്ര തുടരുകയും ചെയ്തു.

ശുകൻ ഇപ്രകാരം അംബരചാരികളെയെല്ലാം വിസ്മയിപ്പിച്ചുംകൊണ്ടു തേജോമയവും ആനന്ദമയവുമായ ബ്രഹ്മസ്വരൂപത്തെ പ്രാപിച്ചു. വ്യാസൻ പുത്രനെ കാണാതെ വ്യസനിച്ചുകൊണ്ടും, "പുത്ര, പുത്ര" എന്നു നിലവിളിച്ചുകൊണ്ടും അങ്ങുമിങ്ങും നടന്നു. അതു കണ്ടു ചരാചരങ്ങളായ സൃഷ്ടിജാലങ്ങളെല്ലാം ശുകബ്രഹ്മർഷി പരമപദത്തെ പ്രാപിച്ച വർത്തമാനം വ്യാസനെ അറിയിച്ചു. എന്നിട്ടും വ്യാസൻ പുത്രാന്വേഷണത്തിൽനിന്നു പിൻവലിച്ചില്ല. ഒടുവിൽ പരമശിവൻതന്നെ വ്യാസന്റെ മുമ്പിൽ പ്രത്യക്ഷനായി ശുകന്റെ മോക്ഷപ്രാപ്തിവൃത്താന്തത്തെ അറിയിക്കുകയും "പുത്രന്റെ ശ്രേയസ്സിൽ സന്തോഷിക്കയാണു വേണ്ടത്" എന്നു പറഞ്ഞു സമാശ്വസിപ്പിച്ചു അദ്ദേഹത്തിന്റെ മനസ്സുപത്തെ ശമിപ്പിക്കുകയും ചെയ്തു.

---

൫൦. പതിവ്രതാമാഹാത്മ്യം.

പണ്ടുകാലത്തു പ്രതിഷ്ഠാനനഗരത്തിൽ കൌശികൻ എന്നു പേരായ ഒരു ബ്രാഹ്മണൻ ഉണ്ടായിരുന്നു. പൂർവ്വജന്മത്തിൽ വളരെ പാപങ്ങൾ ചെയ്തിരുന്നതുകൊണ്ട് അവൻ ഒരു കുഷ്ഠരോഗിയായിത്തീർന്നു. എന്നിട്ടും സുശീലയായ അവന്റെ ഭാര്യ അവനെ ശുശ്രൂഷിച്ചു സന്തോഷിപ്പിച്ചുകൊണ്ടിരുന്നു. കൌശികൻ വളരെ ദുസ്സ്വഭാവമുള്ളവനായിരുന്നതുകൊണ്ടു ഭാര്യയോടു ചിലപ്പോൾ കലശലായി കോപിക്കുകയും അവളെ ശകാരിച്ചു മുഷിപ്പിക്കുകയും ചെയ്തിരുന്നു. എങ്കിലും അവൾ അപ്രിയമൊന്നും ഭാവിക്കാതെ ഭർത്താവിനെ ഭക്തിപൂർവ്വം സേവിച്ചുകൊണ്ടുതന്നെയിരു

ന്നു. പതിയെ ഈശ്വരനാണെന്നു ഗണിച്ചിരുന്ന ആ സതി, അവൻ ദുസ്സ്വഭാവിയായിരുന്നുവെങ്കിലും അവന്റെ ദോഷങ്ങളെയെല്ലാം ക്ഷമിച്ചുംകൊണ്ടു പതിവ്രതാധർമ്മങ്ങളെ വേണ്ടുംവണ്ണം അനുഷ്ഠിച്ചുകൊണ്ടിരുന്നു. രോഗത്തിന്റെ ശക്തിനിമിത്തം കൌശികനു നടക്കുവാനുംകൂടി കഴിഞ്ഞിരുന്നില്ല. അതിനാൽ അവന്റെ പത്നി അവനെ പലപ്പോഴും ആവശ്യമുള്ള ദിക്കിലേക്കെല്ലാം എടുത്തുകൊണ്ടു പോവുകകൂടി പതിവായിരുന്നു.

ഒരു ദിവസം കൌശികൻ അവന്റെ ഭാര്യയെ വിളിച്ചു പറഞ്ഞു:— "ഇന്നു രാവിലെ ഞാൻ സുന്ദരിയായ ഒരു വേശ്യാതരുണിയെ കാണുകയുണ്ടായി. ഇന്നു രാത്രി എനിക്ക് അവളുടെ ഗൃഹത്തിലേയ്ക്കു പോകണം." ബ്രാഹ്മണപത്നി പതിയുടെ ആഗ്രഹം സാധിപ്പിച്ചു കൊടുപ്പാനായി അവനെ സ്കന്ധത്തിൽ വഹിച്ചുംകൊണ്ടു കൂരിരുട്ടുള്ള അർദ്ധരാത്രിസമയത്തു വേശ്യാഗൃഹത്തിലേയ്ക്കു പുറപ്പെട്ടു.

അന്നേദിവസം രാജഭൃത്യന്മാർ മാണ്ഡവ്യൻ എന്നു പേരായ ഒരു ബ്രാഹ്മണസത്തമനെ കള്ളനാണെന്നു ശങ്കിച്ചു ശൂലത്തിലിടുവാൻ കല്പിച്ചിട്ടുണ്ടായിരുന്നു. അന്യായമായി ദണ്ഡിക്കപ്പെട്ട ആ ദ്വിജൻ അസഹ്യമായ വേദന അനുഭവിച്ചുകൊണ്ടു, രാജമാർഗ്ഗത്തിൽ സ്ഥാപിക്കപ്പെട്ട ശൂലത്തിന്മേൽ കിടക്കുന്നുണ്ടായിരുന്നു. പാതിരാനേരത്തെ കൂരിരുട്ടു കണ്ണു കാണാതെ വെട്ടുവഴിയിൽകൂടി തപ്പിത്തടഞ്ഞു നടന്നിരുന്ന വിപ്രപത്നിയുടെ സ്കന്ധത്തിലിരുന്ന കൌശികന്റെ ദേഹം ശൂലാഗ്രത്തിൽ കിടന്നിരുന്ന മാണ്ഡവ്യന്റെ ശരീരത്തിൽ ചെന്നു മുട്ടുകയും അദ്ദേഹത്തിന്റെ വേദനയെ അധികമാക്കുകയും ചെയ്തു. അതു നിമി

ത്തം മാണ്ഡവ്യൻ കോപിച്ച് "എന്നെ വേദനിപ്പിച്ച മനുഷ്യാധമൻ സൂര്യനുദിക്കുന്നതോടുകൂടി മരിച്ചുപോകട്ടെ," എന്നു കൌശികനെ ശപിച്ചു. വിപ്രശാപത്തെ ഭയപ്പെട്ട കൌശികപത്നി "എന്നാൽ, സൂര്യൻ ഉദിക്കാതെ പോകട്ടെ" എന്നു ശപിച്ചു.

വിപ്രപത്നിയുടെ വാക്കു സത്യമായി പരിണമിച്ചു. സൂര്യദേവൻ ഉദിച്ചതേയില്ല. നേരം പുലർന്നതുമില്ല. ലോകമാസകലം അന്ധകാരാവൃതമായിതന്നെയിരുന്നു. ഉദയാസ്തമനങ്ങൾ ഇല്ലാതിരുന്നതുകൊണ്ടു രാത്രിയും പകലുമെന്നുള്ള കാലഭേദം ഇല്ലാതായി. മാസം, ഋതു എന്നു തുടങ്ങിയ കാലഗണന മുഴുവനും അസാദ്ധ്യവും അനാവശ്യവുമായിത്തീർന്നു. കാലഗണനയെ ആസ്പദപ്പെട്ടുത്തി വിധിക്കപ്പെട്ടിട്ടുള്ള കർമ്മങ്ങളെല്ലാം തീരെ നിന്നുപോയി. യാഗം മുതലായ വൈദികകർമ്മങ്ങൾ അനുഷ്ഠിപ്പാൻ ആരുമില്ലാതായി. അന്ധകാരാവൃതമായ ലോകത്തിലുള്ള സകല ചരാചരങ്ങളും നിശ്ചേഷ്ടങ്ങളായി നശിച്ചുതുടങ്ങി.

യാഗാദികർമ്മങ്ങളില്ലാത്തതുകൊണ്ടു ദേവകൾക്കു ഹവിർഭാഗം കിട്ടാതെയായി. അവർ ലോകനാശത്തെയുംകൂടി ഭയപ്പെട്ടു ബ്രഹ്മാവിന്റെ അടുക്കൽചെന്ന് ആ സങ്കടത്തിന്നൊരു പരിഹാരമാർഗ്ഗം ഉണ്ടാക്കിത്തന്നാൽക്കൊള്ളാമെന്നപേക്ഷിച്ചു. ബ്രഹ്മാവു ദേവകൾക്കും മനുഷ്യർക്കും ഒരുപോലെ നേരിട്ട ആ ആപത്തിൽനിന്ന് അവരെ രക്ഷിപ്പാനായി ഇങ്ങിനെ ഉപദേശിച്ചു.

ബ്രഹ്മാവ് — അല്ലേ ദേവന്മാരേ, പതിവ്രതയായ കൌശികപത്നിയുടെ മാഹാത്മ്യംകൊണ്ടാണ് സൂര്യൻ ഉദിക്കാതിരിക്കുന്നത്. അവളുടെ അനുവാദം ലഭിക്കുമെങ്കിൽ

സൂര്യൻ ഉടനെതന്നെ ഉദിക്കും. നിങ്ങൾ പതിവ്രതമാരുടെ ചക്രവർത്തിനിയായ അനസൂയയുടെ അടുക്കൽ ചെന്നു, കൌശികപത്നിയുടെ സമ്മതം വാങ്ങിക്കൊണ്ടു വരുവാൻ അവളോടപേക്ഷിക്കുക. നിങ്ങളെ ഈ ആപത്തിൽനിന്നു രക്ഷിപ്പാൻ അനസൂയക്കല്ലാതെ മറ്റാക്കും കഴിയില്ല. കൌശികപത്നിയുടെ സമ്മതംകൂടാതെ സൂര്യനു് ഉദിപ്പാനും തരമില്ല.

ദേവകളെല്ലാവരുംകൂടി അത്രിപത്നിയായ അനസൂയയുടെ അടുക്കൽപോയി സങ്കടനിവൃത്തി വരുത്തിത്തന്നാൽ കൊള്ളാമെന്നപേക്ഷിച്ചു. അനസൂയ കൌശികന്റെ ഗൃഹത്തിൽചെന്നു് അവന്റെ പത്നിയെ വിളിച്ചു് അവളുടെ പാതിവ്രത്യത്തെ ബഹുമാനപൂർവ്വം അഭിനന്ദിച്ചുംകൊണ്ടു പറഞ്ഞു.

അനസൂയ— കല്യാണി, പാതിവ്രത്യത്തിന്റെ മാഹാത്മ്യം എത്രത്തോളമുണ്ടെന്നു് എനിക്കു മുമ്പുതന്നെ അറിയാം. നി ഇപ്പോൾ അതിനെ ലോകർക്കു മുഴുവനും മനസ്സിലാക്കിക്കൊടുത്തു. ലോകത്തിലുള്ള പ്രാണിജാലങ്ങളെല്ലാം അന്ധകാരത്തിൽ അകപ്പെട്ടുഴലുന്നു. ഇങ്ങിനെ കുറേ കാലംകൂടി സൂര്യോദയമില്ലാതിരുന്നാൽ ലോകത്തിലെങ്ങും മഴയില്ലാതായിത്തീരും. അപ്പോൾ ജീവജാലങ്ങൾ മുഴുവനും ചത്തൊടുങ്ങും. കാലക്രമത്തിൽ ലോകനാശംതന്നെ വന്നുപോകും. അപ്രകാരമുള്ള ഒരു മഹാവിപത്തിനെ ദേവന്മാരുംകൂടി ഭയപ്പെട്ടുകൊണ്ടാണിരിക്കുന്നത്. സൂര്യനെ ഉദിപ്പാൻ സമ്മതിക്കണമെന്നു ഭവതിയോടു് അപേക്ഷിപ്പാനായിട്ടാണു് അവർ എന്നെ ഇങ്ങോട്ടയച്ചിട്ടുള്ളതു്. അല്ലേ സാധ്വി, ഭവതിയുടെ ശാ

പത്തെ പിൻവലിക്കുക. ലോകത്തിൽ മുമ്പിലത്തെപ്പോലെ സൂയ്മ്മോദയം ഉണ്ടാവാൻ അനുഗ്രഹിക്കുക.

കൌശികപത്നി— മഹാഭാഗേ, സൂയ്മ്മനുദിക്കുന്നതോട്ടുകൂടി എന്റെ ഭർത്താവു മരിച്ചുപോകുമെന്നാണ് മാണ്ഡവ്യൻ ശപിച്ചിട്ടുള്ളത്. എന്റെ ഭർത്താവു രോഗിയാണെങ്കിലും എനിക്ക് ഈശ്വരനെപ്പോലെയല്ലേ? അദ്ദേഹം മാണ്ഡവ്യന്റെ ശാപത്താൽ മരിച്ചുപോകുന്നതു ഞാൻ എങ്ങിനെ കണ്ടുംകൊണ്ടിരിക്കും?

അനസൂയ— ഭദ്രേ, ഞാനും പതിവ്രതാധർമ്മം വിധിപോലെ അനുഷ്ഠിച്ചിട്ടുണ്ട്. ഭവതിയുടെ ഭർത്താവു മരിക്കുകയില്ലെന്നും നീ രോഗനായി ഭവിക്കുമെന്നും ഞാൻ അനുഗ്രഹിക്കാം. സൂയ്മ്മനെ ഉദിപ്പാൻ അനുവദിക്കുക.

കൌശികപത്നി— അങ്ങിനെയാണെങ്കിൽ സൂയ്മ്മൻ ഉദിച്ചുകൊള്ളട്ടെ.

വിപ്രപത്നിയുടെ അനുവാദം കിട്ടിയതോട്ടുകൂടി സൂയ്മ്മൻ ഉദിച്ചു. അനസൂയയുടെ അനുഗ്രഹശക്തികൊണ്ടു കൌശികൻ അരോഗദൃഢഗാത്രനായിത്തീർന്നു. ആ രണ്ടു സ്ത്രീകളുടേയും പാതിവ്രത്യംകണ്ടു സന്തുഷ്ടന്മാരായ ദേവന്മാർ അവരുടെ ശിരസ്സുകളിൽ ദിവ്യങ്ങളായ പുഷ്പങ്ങളെ വർഷിക്കുകയും ചെയ്തു.

PRINTED AT THE VIDYA VINODINI PRESS, TRICHUR.

പുതിയ സഭാ പുസ്തകങ്ങൾ.

1.	[illegible]	...	...	0 [illegible]
2.	പ്രത്യാഗമനം	....	....	0 12 0
3.	വിശ്വാസ ഭേദം	....	....	0 10 0
4.	മീശുർ	....	...	0 3 0
5.	വിളംബരം	...	....	0 [illegible]
6.	കടിഞ്ഞാണില്ലാത്ത കൊട്ടാരത്തിലെ രാജാവ്	...		0 1[illegible] 0
7.	മരിയകഥകൾ	....	....	0 8 0
8.	പുരോഹിതന്മാർ (മന്ത്രാക്ഷരം)	...		0 6 0
9.	[illegible] (രണ്ടക്ഷരാക്ഷരം)	...		0 6 0
10.	(മന്ത്രാക്ഷരം)	...		0 8 0
11.	[illegible]തം	....	....	0 10 0
12.	ക്രമണക്ഷീണിപ്പിക്കൽ	....	...	0 8 0
13.	[illegible]ിലെ [illegible]ും	....	....	0 6 0
14.	[illegible]ിലിതം	...	...	0 10 0
15.	ഹരിശ്ചന്ദ്രോപാഖ്യാനസംഗ്രഹം	....		0 10 0
16.	കാളഹസ്തി	....	...	1 0 0
17.	മാണിക്യൻ	....	....	0 12 0
18.	മാസ്റ്റർഹാസൻ	....	...	0 12 0
19.	പുഷ്പിതഗ്രഹങ്ങൾ	....	....	0 10 0
20.	മൊകവി കാളിദാസൻ	..	....	0 10 0
21.	രണ്ടു മാതിരികൾ	....	....	0 8 0
22	[illegible]കാലോകം	...	...	0 8 0
23.	[illegible]ിമല	...	...	0 12 0
24.	ശ്രീകൃഷ്ണചരിതം [illegible]നിലുവാളും വാഗ്വാനന്ദ			
	[illegible]രിതം 12 [illegible]ങ്ങൾ [illegible]ാക്കുന്നത്	....		0 1 6

ഡി. സുന്ദരയ്യർ ആന്റ് സൺസ്.
സ്റ്റേഷ്യനേഴ്സ്.